بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

വാല്യം 8

ലക്കം 42

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadr.in

2023 ഒക്ടോബർ 19/ ഹി.ശം 1402 അഖാഅ് 19/ റബീഉൽ ആഖിർ 3

## അല്ലാഹുവിന്റെ വചനം

لَقَدۡ کَفَرَ الَّذِیۡنَ قَالُوۡۤا اِنَّ اللّٰہَ ہُوَ الۡمَسِیۡحُ ابۡنُ مَرۡیَمَ ؕ قُلۡ فَمَنۡ یَّمۡلِکُ مِنَ اللّٰہِ شَیۡئًا اِنۡ اَرَادَ اَنۡ یُّہۡلِکَ الۡمَسِیۡحَ ابۡنَ مَرۡیَمَ وَ اُمَّہٗ وَ مَنۡ فِی الۡاَرۡضِ جَمِیۡعًا ؕ

തീർച്ചയായും അല്ലാഹു മസീഹിന്റെ മകൻ മസീഹുതന്നെയാണ് എന്നു പറയുന്നവർ സംശയം വിനാ അവിശ്വാസികളായിരിക്കുന്നു. നീ പറയുക, അല്ലാഹു മർയമിന്റെ മകൻ മസീഹിനെയും അദ്ദേഹത്തിന്റെ മാതാവിനേയും ഭൂമിയിലുള്ള എല്ലാവരേയും നശിപ്പിക്കുവാനുദ്ദേശിക്കുന്ന പക്ഷം അല്ലാഹു വിന്നെതിരിൽ ആർക്കെന്തു കഴിവാണുള്ളത്?
(വിശുദ്ധ ഖുർആൻ 5:18)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിന സ്വ്‌രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽ മുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലുമുണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ.

## തിരുനബിയുടെ തിരുമൊഴികൾ

**ക്ഷണിക്കപ്പെട്ടവന്റെ കൂടെ ക്ഷണിക്കപ്പെടാത്തവൻ വന്നാൽ**

(2456) അബൂ മസ്ഊദ്(റ)പറയുന്നു: അബൂ ശുഅയ്ബ് എന്ന് വിളിക്കപ്പെടുന്ന ഒരു അൻസാരി വന്ന് തന്റെ കശാപ്പുകാരനായ അടിമയോടു പറഞ്ഞു:നീ അഞ്ചുപേർക്ക് മതിാകുന്ന ഭക്ഷണം എനിക്കുവേണ്ടി തയ്യാറാക്കുക. അഞ്ചിലൊരുവനായിക്കൊണ്ട് നബി(സ)തിരുമേനിയെ ക്ഷണിക്കുവാൻ ഞാനുദ്ദേശിക്കുന്നു. നിശ്ചയം വിശപ്പ് ഞാൻ നബി(സ)തിരുമേനിയുടെ മുഖത്ത് ദർശിക്കുകയുണ്ടായി. അങ്ങനെ അദ്ദേഹം അവരെ വിളിച്ചു. നബി(സ)തിരുമേനിയുടെ ക്ഷണിക്കാത്ത ഒരുമനുഷ്യനും പുറപ്പെട്ടു. അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു:ഇദ്ദേഹം ഞങ്ങളെ അനുഗമിച്ചതാണ്. താങ്കൾ ഉദ്ദേശിക്കുന്നുവെങ്കിൽ അനുമതി നല്കുക. ഇല്ലെങ്കിൽ അദ്ദേഹം തിരിച്ചുപോകും. അദ്ദേഹം പറഞ്ഞു: 'ഞാനയാൾക്ക് അനുവാദം നല്കിയിരിക്കുന്നു;തിരിച്ചുപോകേണ്ടതില്ല.'

**കുതർക്കിയെ അല്ലാഹു വെറുക്കുന്നു**

(2457) ഹദ്റത്ത് ആഇശ(റ)നിവേദനം. നബി(സ)തിരുമേനി പറഞ്ഞു:തീർച്ചയായും ജനങ്ങളിൽ വച്ച് അല്ലാഹുവിന് ഏറ്റവും വെറുക്കപ്പെട്ടവൻ കുതർക്കും നടത്തുന്നവനും പിടിവാശിക്കാരനുമാണ്.

ഖുത്ബ ജുമുഅ 2023 സെപ്റ്റംബർ 15 സമ്പൂർണപരിഭാഷ

**യഥാർഥത്തിൽ ഗുണംമെത്തിക്കുന്നവൻ അല്ലാഹുതന്നെയാണ്. അപ്പോൾപ്പിന്നെ അന്യരുടെ വീട്ടുപടിക്കൽപ്പോയി മുട്ടിവിളിച്ചു നടക്കുന്നത് എത്രമാത്രം ലജ്ജാകരമാണ്.മുത്തഖിയ്ക്കുവേണ്ടി, അഥവാ ദൈവഭയമുള്ളവനുവേണ്ടി അല്ലാഹുതന്നെ എല്ലാ തരത്തിലുള്ള വഴികളും തുറന്നു കൊടുക്കുന്നതാണ്. മറ്റുള്ളവർക്കാർക്കും അറിയാൻ കഴിയാത്ത വഴിയിലൂടെ അവന് ജീവിതവിഭവം കിട്ടുന്നു.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

ലോകത്ത് ആളുകൾ ഭരണാധികാരകളിൽനിന്ന് അല്ലെങ്കിൽ മറ്റുള്ളവരിൽനിന്ന് ഏതെങ്കിലും തരത്തിലുള്ള നേട്ടത്തിനും ഭാവനാപരമായൊരു പ്രതീക്ഷയിൽ അവരെ സന്തോഷിപ്പിക്കുന്നതിനുംവേണ്ടി ഏതെല്ലാം തരത്തിലുള്ള പ്രശംസകളാണ് ചെയ്യുന്നത്. എത്രത്തോളമെന്നാൽ ഏറ്റവും താഴെതട്ടിലുള്ള വാച്ചുമാനേയും പ്യൂണിനെവരേയും സുഖിപ്പിക്കേണ്ടിവരുന്നു! വാസ്തവത്തിൽ ആ ഭരണാധികാരി തൃപ്തനും സന്തോഷിക്കുന്നവനുമായാലും അയാളിൽനിന്ന് കുറച്ചു ദിവസംവരെ അല്ലെങ്കിൽ ഒരു പ്രത്യേക അവസരംവരെ നേട്ടമുണ്ടാകുമെന്ന് പ്രതീക്ഷിക്കാവുന്നതാണ്. ഈ ഭാവനാപരമായ പ്രതീക്ഷയിൽ മനുഷ്യൻ ആ സേവകരെ എങ്ങനെ പ്രശംസിക്കുന്നുവെന്നാൽ അത്തരം പ്രശംസകൾ ഓർത്ത് ഞാൻ വിറച്ചുപോകുന്നു. എന്റെ മനസ്സ് ഒരു വിഷമത്താൽ നിറയുന്നു. അതായത് അജ്ഞനായ മനുഷ്യൻ തന്നെപ്പോലുള്ള മനുഷ്യനെ ഒരു സന്ദേഹപരവും ഭാവനാപരവുമായ പ്രതീക്ഷയിൽ എത്രമാത്രമാണ് സന്തോഷിപ്പിക്കുന്നത്. ആ യഥാർഥ ദാതാവ്- അവനാണെങ്കിൽ ഒരു പ്രതിഫലവും പറ്റാതെയും അർഥനകളൊന്നുംകൂടാതെയും അതിരറ്റ അനുഗ്രഹം ചെയ്തവനാണ്- അൽപംപോലും വകവെക്കുകയില്ല. വാസ്തവത്തിൽ ആ മനുഷ്യൻ അവനെന്തെങ്കിലും നേട്ടമുണ്ടാക്കി കൊടുക്കാനാഗ്രഹിച്ചാൽത്തന്നെ എന്താണ് ചെയ്യാൻ കഴിയുക? ഞാൻ സത്യം സത്യമായും പറയുന്നു: അല്ലാഹുവിനെക്കൂടാതെ ഒരുനേട്ടവും ആർക്കുമെത്തുകയില്ലത്തന്നെ!ആ ഫലം ആസ്വദിക്കുന്നതിനുമുമ്പേ ഫലമെത്തിക്കുന്നവനോ അല്ലെങ്കിൽ താൻ തന്നെയോ ഈ ലോകത്ത് നിന്ന് ഉയർന്നു പോകാം. അല്ലെങ്കിൽ ഏതെങ്കിലും രുചിയോ വ്യക്തിപരമായ ഫലമോ വന്നെത്തുന്നതിനുമുമ്പേ ഏതെങ്കിലും ഭയാനകമായ രോഗത്തിന്നടിപ്പെട്ട് ഈ ലോകത്തുനിന്നു തന്നെ പൊയ്പ്പോകാം. ചുരുക്കത്തിൽ അല്ലാഹുവിന്റെ ഫള്‌ലും കറമും മനുഷ്യനോടൊപ്പം ഉണ്ടാകാത്തിടത്തോളം അവന് ആരിൽനിന്നും ഫലമെടുക്കാൻ സാധിക്കുകയില്ലെന്നതാണ് യഥാർഥ കാര്യം. വാസ്തവത്തിൽ ഗുണംമെത്തിക്കുന്നവൻ അല്ലാഹുതന്നെയാണ്. അപ്പോൾപ്പിന്നെ അന്യരുടെ വീട്ടുപടിക്കൽപ്പോയി മുട്ടിവിളിച്ചു നടക്കുന്നത് എത്രമാത്രം ലജ്ജാകരമാണ്. ദൈവഭയമുള്ള ഒരു വിശ്വാസിയുടെ അഭിമാനത്തിനു യോജിച്ചതല്ല തന്നെപ്പോലുള്ള ഒരു മനുഷ്യനെ ദൈവത്തെ സ്തുതിക്കുന്നതുപോലെ സ്തുതിച്ചു നടക്കുയെന്നത്. അതവനൊട്ട് അവകാശപ്പെട്ടതുമല്ല. മുത്തഖിയ്ക്കുവേണ്ടി, അഥവാ ദൈവഭയമുള്ളവനുവേണ്ടി അല്ലാഹുതന്നെ എല്ലാ തരത്തിലുള്ള വഴികളും തുറന്നു കൊടുക്കുന്നതാണ്. മറ്റുള്ളവർക്കാർക്കും അറിയാൻ കഴിയാത്ത വഴിയിലൂടെ അവന് ജീവിതവിഭവം കിട്ടുന്നു. അല്ലാഹുതന്നെ അവന്റെ വലിയ്യും മുറബ്ബിയുമായിത്തീരുന്നു. ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുന്ന തന്റെ ദാസരോടു അല്ലാഹു കരുണയും സ്നേഹവും കാണിക്കുന്നു. അല്ലാഹുതന്നെ പറയുന്നു:വല്ലാഹു റഊഫുൻബിൽഇബാദ്(2:208)അല്ലാഹു തന്റെ ദാസരോടു വളരെ കരുണയുള്ളവനാകുന്നു.(മൽഫൂദാത്ത് വാല്യം 1, പേജ് 493, പ്രസാധനം 2018, ഖാദിയാൻ)

**ദീർഘമായ വിപത്തുകളിൽ പരിഭ്രമിക്കാതിരിക്കേണ്ടതാണെന്ന് പറയപ്പെട്ടിരിക്കുന്നു. നമുക്കുമുമ്പേ ക്രൈസ്തവ ജമാഅത്തിനെ 309 വർഷംവരെയാണ് വിഷമിപ്പിച്ചത്. പക്ഷേ, അവർ ക്ഷമയോടെ പ്രവർത്തിച്ചു. അവസാനം ആ ക്ഷമയുടെ മാധുര്യമേറിയ ഫലം തിന്നുകയും ചെയ്തു. അതുകൊണ്ട് നിങ്ങൾ ധിറുതി കാണിക്കരുത്. പ്രത്യുത നിങ്ങളുടെ പണികളെടുത്തുകൊണ്ടിരിക്കേണ്ടതാണ്. സ്ഥൈര്യത്തോടെ വിപത്തുകളെ നേരിടേണ്ടതാണ്.**

സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)സൂറ കഹ്ഫിലെ 26-ാം വചനമായ വലബിഥൂ ഫീകഹ് ഫിഹിം ഥലാഥ മിഅ്ത്തിൻ സിനീന വസ്ദാദൂ തിസ്അൻ(അവർ അവരുടെ ഗുഹയിൽ മുന്നൂറുവർഷം താമസിച്ചു. ഒമ്പതുവർഷം കൂട്ടിച്ചേർക്കുന്നുമുണ്ട്)എന്നതിനെഴുതിയ വ്യാഖ്യാനത്തിൽ പറയുന്നു:

ഈ ആയത്തിൽ പുരാതനരായ ഗുഹാവാസികളുടെ വിപത്തുകളുടെ കാലമാണ് പറഞ്ഞിരിക്കുന്നത്. അവരുടെമേൽ അക്രമം ഉണ്ടായിക്കൊണ്ടിരിക്കുകയും അവർക്ക് ഗുഹകളിൽപ്പോയി ഒളിക്കേണ്ടിവരികയും ചെയ്തകാലം! പറയുന്നു: അത് 309 വർഷക്കാലമാണ്. ചരിത്രത്തിൽനിന്ന് ഇക്കാര്യത്തിന് തെളിവു ലഭിക്കുന്നു

(ശേഷം പേജ് 12ൽ)




## ഈ ലക്കത്തിൽ

ജുമുഅ ഖുത്ബ 2023 സെപ്റ്റംബർ15 (സമ്പൂർണ തർജമ)

മൽഫൂദാത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ)

ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ ജർമൻ പര്യടനം

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

- ഈ നേരത്ത് തന്റെ ജീവിതം അല്ലാഹുവിന്റെ തൃപ്തിക്കു വിധേയമായി കഴിച്ചുകൂട്ടിയ ഒരു വ്യക്തിത്വത്തെ കുറിച്ചാണ് ഞാൻ പറയാൻ പോകുന്നത്. ഈ അനുസ്മരണം ബഹുമാനപ്പെട്ട അമത്തുൽ ഖുദ്ദൂസ് സാഹിബയുടേതാണ്. അവർ ഹദ്റത്ത് മീർ മുഹമ്മദ് ഇസ്മായീൽ സാഹിബിന്റെ മകളും സാഹിബ്സാദാ ഹദ്റത്ത് മിർസാ വസീം അഹ്മദ് സാഹിബ് മർഹൂമിന്റെ ഭാര്യയുമായിരുന്നു.
- ആളുകളുടെ നല്ല സ്മരണകൾ മാത്രമുണ്ടാകുന്നവർ സൗഭാഗ്യവാന്മാരാണ്. അവർ ജനങ്ങൾക്ക് പ്രയോജനപ്പെടുന്നവരാണ്. അവർ ദീനിനെ ദുൻയാവിനേക്കാൾ മുന്തിക്കുന്നതിന്റെ കർമപരമായ മാതൃകയായിരിക്കും. അവർ അല്ലാഹുവിന്റേയും റസൂലിന്റേയും കൽപനകൾ പ്രാവർത്തികമാക്കാൻ പരിശ്രമിക്കുന്നവരായിരിക്കും. അവർ ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് ചെയ്ത ബയ്അത്തിന്റെ കടമകൾ നിറവേറ്റാൻ ശ്രമിക്കുന്നവരായിരിക്കും. അവർ അഹ്മദിയ്യ ഖിലാഫത്തിനോട് ആത്മാർഥമായി കൂറുള്ളവരായിരിക്കും. അവർ സമസൃഷ്ടികളോടുള്ള കടമകൾ പരമാവധി നിറവേറ്റുന്നതിന് ശ്രമിക്കുന്നവരായിരിക്കും. അവർ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിന് എപ്പോഴും പരിശ്രമിക്കുന്നവരായിരിക്കും. അവരെ കുറിച്ച് ആയിരക്കണക്കിന് നാവുകളിൽനിന്ന് പ്രശംസകൾ മാത്രമേ ഉണ്ടാകുകയുള്ളു. അങ്ങനെ നബി(സ)തിരുമേനിയുടെ വാക്കുകളനുസരിച്ച് അവർക്ക് സ്വർഗം ഉറപ്പാക്കപ്പെടുകയും ചെയ്യുന്നു.
- ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)അവരെ ഖാദിയാനിൽ അയക്കുമ്പോൾ ഇങ്ങനെയും ഉപദേശിക്കുകയുണ്ടായി: 'ലജ്നകളുടെ ജമാഅത്തുകളെ സംഘടിപ്പിക്കേണ്ടതാണ്.' അവർ അവിടെ എത്തിയുടനെ ആദ്യം ഖാദിയാൻ ജനറൽ സെക്രട്ടറിയായിരുന്നു. 1955-ൽ തദ്ദേശ ലജ്ന സ്വദ്റും പിന്നീട് ലജ്ന ഭാരതിന്റെ സ്വദ്റുമായും തിരഞ്ഞെടുക്കപ്പെട്ടു. 59-ൽ തദ്ദേശ ലജ്നയുടെ പ്രസിഡന്റായി മറ്റൊരാൾ തിരഞ്ഞെടുക്കപ്പെട്ടു. അവർ ലജ്ന ഇമാഇല്ലാഹ് ഭാരതിന്റെ സ്വദ്റായി പ്രവർത്തിച്ചുകൊണ്ടിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ 1999-വരെ ഈ സേവനത്തിൽ നിരതയായിരുന്നു. അതിനുശേഷം ബഹുമതിപരമായ അംഗമായും തുടർന്നു. തന്റെ സേവന കാലഘട്ടത്തിനിടയിൽ ഇന്ത്യയിലുള്ള മജ്ലിസുകളിൽ പര്യടനവും നടത്തി. അവരുടെ സേവന കാലഘട്ടം 46 വർഷമായിരുന്നു.
- വിനയവും പൂർണമായകൂറും മുഖേന ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ)യോട് അവർ പ്രകടിപ്പിച്ച അതേബന്ധം ഞാൻവരേയും തുടർന്ന് വന്നു.
- അല്ലാഹു അവരുടെ സ്ഥാനങ്ങൾ ഉയർത്തുകയും അവരുടെ മക്കൾക്കും അവരുടെ നന്മകൾ തുടർന്നു കൊണ്ടുപോകാൻ തൗഫീഖു നൽകുകയും ചെയ്യുമാറാകട്ടെ. ഖാദിയാനിലുള്ളവരോടു അവർ കാണിച്ച സ്നേഹംപോലെതന്നെ അവിടെയുള്ളവർക്ക് പരസ്പരം സ്നേഹത്തോടെ കഴിയാനും അല്ലാഹു തൗഫീഖ് നൽകുമാറാകട്ടെ.
- ഹദ്റത്ത് ഡോക്ടർ മീർ മുഹമ്മദു ഇസ്മായീൽ സാഹിബിന്റെ മകളും സാഹിബ് സാദ മിർസാ വസീം അഹ്മദ് സാഹിബിന്റെ ഭാര്യയുമായ സാഹിബ്സാദി സയ്യിദ അമത്തുൽഖുദ്ദൂസ് ബിൻത് സാഹിബയുടെ അനുസ്മരണവും ജനാസ നമസ്കാരം ഗാഇബും.
- മുഹമ്മദ് അർശദ് അഹ്മദീ സാഹീബ്(യു.കെ), അഹ്മദ് ജമാൽ സാഹിബ് (അമേരിക്ക)എന്നിവരെ കുറിച്ചുള്ള അനുസ്മരണവും ജനാസ നമസ്കാരവും

**ഖുത്ബ ജുമുഅ 2023 സെപ്റ്റംബർ 15/1402 തബൂക്ക് 15**
**മസ്ജിദ് മുബാറക്ക്, ഇസ്‌ലാമാബാദ്,യു.കെ**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

ഈ ലോകത്തുവരുന്ന ഏതൊരു മനുഷ്യനും ഒരുകാലഘട്ടം കഴിച്ചുകൂട്ടിയതിനുശേഷം ഇവിടെ നിന്നു വിടപറഞ്ഞുപോകുക എന്നത് അല്ലാഹുവിന്റെ നിയമമാകുന്നു. എന്നാൽ, ആളുകളുടെ നല്ല സ്മരണകൾ മാത്രമുണ്ടാകുന്നവർ സൗഭാഗ്യവാന്മാരാണ്. അവർ ജനങ്ങൾക്ക് പ്രയോജനപ്പെടുന്നവരാണ്. അവർ ദീനിനെ ദുൻയാവിനേക്കാൾ മുന്തിക്കുന്നതിന്റെ കർമപരമായ മാതൃകയായിരിക്കും. അവർ അല്ലാഹുവിന്റേയും റസൂലിന്റേയും കൽപനകൾ പ്രാവർത്തികമാക്കാൻ പരിശ്രമിക്കുന്നവരായിരിക്കും. അവർ ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് ചെയ്ത ബയ്അത്തിന്റെ കടമകൾ നിറവേറ്റാൻ ശ്രമിക്കുന്നവരായിരിക്കും. അവർ അഹ്മദിയ്യ ഖിലാഫത്തിനോട് ആത്മാർഥമായി കൂറുള്ളവരായിരിക്കും. അവർ സമസൃഷ്ടികളോടുള്ള കടമകൾ പരമാവധി നിറവേറ്റുന്നതിന് ശ്രമിക്കുന്നവരായിരിക്കും. അവർ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിന് എപ്പോഴും പരിശ്രമിക്കുന്നവരായിരിക്കും. അവരെ കുറിച്ച് ആയിരക്കണക്കിന് നാവുകളിൽനിന്ന് പ്രശംസകൾ മാത്രമേ ഉണ്ടാകുകയുള്ളു. അങ്ങനെ നബി(സ)തിരുമേനിയുടെ വാക്കുകളനുസരിച്ച് അവർക്ക് സ്വർഗം ഉറപ്പാക്കപ്പെടുകയും ചെയ്യുന്നു. (സ്വഹീഹുൽബുഖാരി, കിതാബുൽജനാഇസ്, ബാബു ഥനാഉന്നാസ് അലൽമയ്യിത്തി ഹദീഥ് 1367)

ഈ നേരത്ത് തന്റെ ജീവിതം അല്ലാഹുവിന്റെ തൃപ്തിക്കനുസരിച്ച് കഴിച്ചുകൂട്ടിയ ഒരു വ്യക്തിത്വത്തെ കുറിച്ചാണ് ഞാൻ പറയാൻ പോകുന്നത്. ഈ അനുസ്മരണം ബഹുമാനപ്പെട്ട അമത്തുൽ ഖുദ്ദൂസ് സാഹിബയുടേതാണ്. അവർ ഹദ്റത്ത് മീർ മുഹമ്മദ് ഇസ്മായീൽ സാഹിബിന്റെ മകളും സാഹിബ്സാദാ ഹദ്റത്ത് മിർസാ വസീം അഹ്മദ് സാഹിബ് മർഹൂമിന്റെ ഭാര്യയുമായിരുന്നു.

ഇവർ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ മരുമകളുമാകുന്നു. ഖാദിയാനിലാണ് താമസിച്ചിരുന്നത്. എന്നാൽ, റബ്വയിൽ തന്റെ പെൺമക്കളുടെ അടുത്ത് വന്നിരുന്നു. കുറച്ചുകാലം റബ്വയിലായിരുന്നു. കഴിഞ്ഞ ദിവസം 96-മത്തെ വയസ്സിൽ വഫാത്തായി. ഇന്നാ ലില്ലാഹി വഇന്നാ ഇലയ്ഹി റാജിഊൻ അല്ലാഹുവിന്റെ അനുഗ്രഹത്താൽ 1/9 ന്റെ മൂസിയ ആയിരുന്നു. അവരുടെ ജീവിതത്തിന്റെ ചില സംഭവങ്ങൾ ഞാൻ അനുസ്മരിക്കുകയാണ്.

1951-ലെ ജൽസ സാലാനയുടെ ഉദ്ഘാടനവേളയിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ), ഹദ്റത്ത് മിർസാ വസീം അഹ്മദ് സാഹിബിന്റെ നിക്കാഹ് വിളംബരം നടത്തിക്കൊണ്ടു പറഞ്ഞു: 'ഞാൻ ചില സാഹചര്യങ്ങൾ കാരണം ജൽസയുടെ ഉദ്ഘാടനത്തിനു മുമ്പേ രണ്ടു നിക്കാഹ് വിളംബരപ്പെടുത്താൻ ആഗ്രഹിക്കുകയാണ്'. അതിലൊന്ന് ഇദ്ദേഹത്തിന്റേതായിരുന്നു. മറ്റൊന്ന് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനിയുടെ തന്നെ മകളുടേതായിരുന്നു. അദ്ദേഹം പറഞ്ഞു: 'രണ്ടു നിക്കാഹ് വിളംബരപ്പെടുത്തുന്നതാണ്. ഇതു ആദ്യംതന്നെ പറഞ്ഞില്ലെങ്കിൽ ഒരുപാട് നിക്കാഹുകളുടെ അപേക്ഷകൾ വരുന്നതാണ്. എന്നാൽ, ജൽസയുടെ അന്തരീക്ഷത്തിൽ നിക്കാഹുകളുടെ എണ്ണവും കൂടുകയാണെങ്കിൽ, അതിൽ എല്ലാ പ്രസംഗങ്ങളുടെ സമയവും കഴിഞ്ഞുപോകുന്നതായിരിക്കും.' ഏതായിരുന്നാലും അദ്ദേഹം രണ്ടു നിക്കാഹ് വിളംബരം ചെയ്തു. ഇവരുടെ ഭാഗത്തുനിന്നുള്ള വക്കീൽ അവരുടെ പിതൃവ്യപുത്രനായിരുന്ന സയ്യിദ് ദാവൂദ് അഹ്മദ് സാഹിബായിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ) ഈ നിക്കാഹിൽ പറഞ്ഞു: 'പൊതുവിൽ ഞാൻ എന്റെ പെൺമക്കളുടെ നിക്കാഹ് വഖ്ഫുചെയ്ത ആളുകളുമായിട്ടാണ് നടത്താറുള്ളത്. പീർ മുയീനുദ്ദീൻ സാഹിബുമായി അമത്തുന്നസ്വീർ സാഹിബയുടെ നിക്കാഹ് ഉണ്ടായിരുന്നു.'(ഖുത്ബാത്തെ മഹ്മൂദ്, വാള്യം 3, പേജ് 650-651)

അവരുടെ വിവാഹം നടന്നപ്പോൾ ഹദ്റത്ത് മീർ മുഹമ്മദ് ഇസ്മായീൽ സാഹിബിന്റെ ഭാര്യയുടെ അപേക്ഷപ്രകാരം ഹദ്റത്ത് ഖലീഫത്തുൽ മസീഹുഥ്ഥാനി(റ)വിവാഹാവസരത്തിൽ പെൺകുട്ടിയുടെ ഭാഗത്തുനിന്നാണ് പങ്കെടുത്തത്.(അൽഫള്ൽ ദീനപത്രം, 1952 ഒക്ടോബർ 26, ലാഹോർ പേജ് 3)തന്റെ മകന്റെ ഭാഗത്തുനിന്ന് വിവാഹ പാർട്ടിയോടൊപ്പം അല്ല വന്നത്. പ്രത്യുത പെൺകുട്ടിയുടെ ഭാഗത്ത് നിന്നാണ് പങ്കെടുത്തത്.

അല്ലാഹു ഇവർക്ക് മൂന്ന് പെൺമക്കളെയും ഒരു മകനെയും നൽകി അനുഗ്രഹിച്ചു. ഒരു മകൾ അമത്തുൽ അലീം സാഹിബ, ഇപ്പോൾ പാകിസ്താൻ സ്വദ്ർ ലജ്നയാണ്. ഇവർ തഹ്‌രീക്കെജദീദ് വക്കീലുൽഅഅ്‌ലാ മൻസ്വൂർ അഹ്മദ് ഖാൻ സാ

ഹിബിന്റെ ഭാര്യയാണ്. മറ്റു രണ്ടു പെൺമക്കളിൽ, ഒരാൾ ക്യാപ്റ്റൻ മാജിദ് സാഹിബിന്റെ ഭാര്യയാകുന്നു; അമത്തുൽ കരീം സാഹിബ. രണ്ടാമത്തേത് അമത്തു റ്ഊഫ് സാഹിബ, ഡോക്ടർ ഇബ്റാഹീം മുനീർ സാഹിബിന്റെ ഭാര്യയാണ്. അവരുടെ മകൻ മിർസാ കലീം അഹ്മദ് അമേരിക്കയിലാണ് താമസിക്കുന്നത്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ഒരു സന്ദർഭത്തിൽ മിർസാ വസീം അഹ്മദ് സാഹിബിനോടു പറഞ്ഞു. അദ്ദേഹം അന്ന് വിവാഹാവശ്യാർഥം വന്നതായിരുന്നു. വിവാഹം കഴിഞ്ഞ് ഏതാനും ദിവസങ്ങളെ ആയിട്ടുണ്ടായിരുന്നുള്ളു. ഭാര്യയെ കൂടെ കൊണ്ടുവരുന്നതിന് കടലാസുകൾ തയ്യാറാക്കുകയായിരുന്നു. ഇൻഡോ-പാക് ബന്ധങ്ങളിൽ ഏറ്റക്കുറച്ചിലുകൾ വന്നുകൊണ്ടിരിക്കുന്നതു പോലെ ആ ദിവസങ്ങളിലും അത്തരം അസ്വസ്ഥതകളുണ്ടായിരുന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)അദ്ദേഹത്തോടു പറഞ്ഞു. ഭാര്യയുടെ കടലാസുകളെല്ലാം ക്ലിയറാകുന്നതാണ്. നീ അവളെ വിട്ട് തിരിച്ച് ഖാദിയാനിൽ പോകുക. കാരണം അവിടെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കുടുംബത്തിലെ ഒരു വ്യക്തിയുണ്ടായിരിക്കേണ്ടതാണ്.

പെട്ടെന്നുതന്നെ വിമാനത്തിൽ സീറ്റു ബുക്കു ചെയ്യുക. ടിക്കറ്റ് കിട്ടുന്നില്ലെങ്കിലും നീ അവിടെ ഉടനെ പോകേണ്ടത് അനിവാര്യമാണ്; ചാർട്ടർ വിമാനം ചെയ്തിട്ടാണെങ്കിലും ശരി! തുടർന്ന് പറഞ്ഞു: 'നീ അവിടെ ഇല്ലാതിരിക്കുകയും സ്വന്തം മാതൃക സമർപിക്കാതിരിക്കുകയും ത്യാഗങ്ങൾ ചെയ്യാതിരിക്കുകയുമാണെങ്കിൽ പിന്നെ ങ്ങനെയാണു ആളുകൾ ത്യാഗങ്ങൾ ചെയ്യുക.' എവിടെയാണോ ഈ ത്യാഗം മിർസാ വസീം അഹ്മദ് സാഹിബ് ചെയ്തിരുന്നത് അവിടെ സാഹിബ്സാദി അമത്തുൽഖുദ്ദൂസ് സാഹിബയുടെയും ത്യാഗമുണ്ടായിരുന്നു.

എപ്പോഴാണ് കടലാസുകളെല്ലാം ശരിയാവുകയെന്ന് അറിയില്ലായിരുന്നു. അവസ്ഥകൾ കൂടുതൽ സങ്കീർണമാകുമോ എന്നും അറിയില്ല. പക്ഷേ, കാലത്തിന്റെ ഖലീഫയുടെ കൽപനയാണ്. അതുകൊണ്ട് അവർ വളരെ സന്തോഷപൂർവ്വം തന്റെ ഭർത്താവിനെ യാത്രയാക്കി. ദീനിന് ദുൻയാവിനേക്കാൾ മുൻഗണന നൽകി. മിയാ വസീം അഹ്മദ് സാഹിബിനെ യാത്ര അയക്കുന്നതിന് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ലാഹോർ എയർപോർട്ടിൽ വന്നിരുന്നു. ഡോക്ടർ ഹശ്മത്തുല്ലാഹ് സാഹിബ് പറഞ്ഞു: വിമാനം കണ്ണിൽ നിന്ന് മറയുന്നതുവരെയും ഹദ്റത്ത് ഖലീഫ ഥാനി(റ)എയർപോർട്ടിൽ നിന്നുകൊണ്ട് വിമാനത്തെ നോക്കുകയും ദുആ ചെയ്തുകൊണ്ടിരിക്കുകയും ചെയ്തു. പിന്നീട് വിവാഹത്തിന് ഒരു വർഷത്തിനു ശേഷം കടലാസുകളെല്ലാം ശരിയായി. പറയുന്നു:

ഞാൻ ഖാദിയാനിൽ പോകാനൊരുങ്ങുമ്പോൾ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)എന്നെ പ്രത്യേകം ഉപദേശിച്ചുകൊണ്ട് പറഞ്ഞു: ഉമ്മു നാസിറിന്റെ വീട്ടിൽ താമസിക്കുക. അവിടെ ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ കാലടികൾ ധാരാളമായി പതിഞ്ഞിട്ടുണ്ട്. അതിന്റെ മുറ്റത്ത് ഹുദൂർ(അ)ദർസും കൊടുത്തിട്ടുള്ളതാണ്.(ഖുത്ബാത്തെ മസ്റൂർ, വാള്യം 5, പേജ് 180-181, 184-185)

സാഹിബ്സാദി അമത്തുൽ ഖുദ്ദൂസ് സാഹിബ ഖാദിയാനിൽ പോയി ജമാഅത്തിലെ സ്ത്രീകളെ സംഘടിപ്പിക്കുന്നതിലും ഓർഗനൈസ് ചെയ്യുന്നതിലും ദർവേശുമാരുടെ ഭാര്യമക്കളോട് സഹാനുഭൂതിയോടെ പെരുമാറുന്നതിലും വലിയ പങ്കാണ് വഹിച്ചത്. അതുകാരണം അവിടെയുള്ള സ്ത്രീകൾക്ക് വലിയ ആശ്വാസമാണ് കിട്ടിയിരുന്നത്. അവിടെയുള്ള ദർവേശുമാരുടെ ഭാര്യമാരുടെയും കുട്ടികളുടെയും ഇതിനെക്കുറിച്ചുള്ള നിരവധി കത്തുകൾ എനിക്ക് ലഭിച്ചിട്ടുണ്ട്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)ലണ്ടനിലെത്തിയതിനുശേഷം ഒന്നാമത്തെ ഖുത്ബ നൽകിയത് 1984 മെയ് നാലാം തിയതിയായിരുന്നു. അതിൽ അഹ്മദികളെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാക്കുകളിൽ മൻ അൻസ്വാരി ഇലല്ലാഹ് എന്ന് വിളിച്ചുകൊണ്ട് ഇസ്‌ലാമിന്റെ പ്രചാരണത്തിന് വളരെ വിപുലമായൊരു പദ്ധതി വിളംബരം ചെയ്തു.(ഖുത്ബാത്തെ ത്വാഹിർ, വാള്യം 3, പേജ് 232-233, ഖുത്ബ 4-5-1984)

ഇങ്ങനേയും പറഞ്ഞു: ഈ ഉദ്ദേശ്യങ്ങൾ പൂർത്തീകരിക്കുന്നതിന് ഒരു വലിയ കോപ്ലക്സ് ആവശ്യമുണ്ട്. രണ്ടു പുതിയ കേന്ദ്രങ്ങൾ യൂറോപ്പിലുണ്ടാക്കാൻ പദ്ധതിയുണ്ട്. ഒന്ന് ഇംഗ്ലണ്ടിലും മറ്റൊന്ന് ജർമനിയിലുമായിരിക്കും. അതിനുള്ള പണം അല്ലാഹു തന്റെ അനുഗ്രഹത്താൽ ലഭ്യമാക്കുന്നതായിരിക്കും.(ഖുത്ബാത്തെ ത്വാഹിർ, വാള്യം 3, പേജ് 264-266, ഖുത്ബ 18-5-1984) അതിൽ പങ്കെടുക്കാൻ ജനങ്ങളോടു ആഹ്വാനം ചെയ്തു.

അങ്ങനെ ഖാദിയാനിലുള്ള ലജ്ന ഒരിക്കൽക്കൂടി ആവേശപൂർവ്വം ലബ്ബയ്ക് പറഞ്ഞു. സാഹിബ്സാദി അമത്തുൽ ഖുദ്ദൂസ് സാഹിബ ലജ്ന ഇമാഇല്ലാഹ് ഭാരതിന്റെ സ്വദ്ർ ആയിരുന്നു. അവർ തന്റെ റിപ്പോർട്ടിൽ ഇങ്ങനെ എഴുതി:അല്ലാഹുവിന്റെ അനുഗ്രഹത്താൽ ലജ്ന ഇമാഇല്ലാഹ് ഭാരത് ഹുദൂറിന്റെ ആഹ്വാനത്തിന് ലബ്ബയ്ക്ക് പറഞ്ഞുകൊണ്ട് ഈ പദ്ധതിയിൽ ആവേശപൂർവ്വം പങ്കാളികളാകുകയാണ്. തങ്ങളുടെ കൈയിലുണ്ടായിരുന്ന ആഭരണങ്ങളും പൈസയുമെല്ലാം സമർപിച്ചിരിക്കുന്നു. അവർ സ്വന്തം നിലയ്ക്കും തന്റെ എല്ലാ ആഭരണങ്ങളും അതിന് സമർപിച്ചു. ഭാരത് ലജ്നയുടെ ഭാഗത്തുനിന്ന് ആദ്യം ഖാദിയാനിലെ ലജ്നയുടെ വാഗ്ദാനമാണ് ഹദ്റത്ത് ഖലീഫ റാബിഅ്ന്റെ സവിധത്തിലേക്ക് അയച്ചത്. 1984 ആഗസ്ത് പത്തിന് ചെയ്ത ജുമുഅ ഖുത്ബയിൽ ഖലീഫത്തുൽമസീഹ് റാബിഅ്(റഹ്) ഖാദിയാൻ ലജ്നയെ അനുസ്മരിച്ചുകൊണ്ട് പറഞ്ഞു: ഖാദിയാൻ ലജ്നകളുടെ റിപ്പോർട്ട് എനിക്ക് ലഭിച്ചിരിക്കുന്നു. ഞാൻ അത് പ്രതീക്ഷിച്ചിരിക്കുകയുമായിരുന്നു. തഹ്രീക്കെജദീദിന്റെ ത്യാഗങ്ങളുടെ ആരംഭത്തിൽ ഖാദിയാനിലുള്ള സ്ത്രീകൾക്കുതന്നെയാണ് അനിതരസാധാരണമായ ത്യാഗം കാഴ്ചവെക്കാൻ സൗഭാഗ്യം ലഭിച്ചത്. ഇപ്പോൾ അവിടെ വളരെ കുറച്ചു സ്ത്രീകൾ മാത്രമേയുള്ളൂ. പക്ഷേ, എത്രയാണെങ്കിലും അവരെ സംബന്ധിച്ച് അറിയിപ്പു കിട്ടണമെന്നുള്ള പ്രതീക്ഷ എനിക്കുണ്ടായിരുന്നു. കാരണം ത്യാഗരംഗത്ത് അവർ മുന്നിലായിരിക്കണമെന്നത് അവരുടെ അവകാശമാണ്. ഖാദിയാനിന്റെ പേര് അക്കാലഘട്ടത്തിൽ ഉയർത്തിയിരുന്നതുപോലെ വീണ്ടും അവർ ഉയർത്തണം. അൽഹംദുലില്ലാഹ് ! അവിടെ നിന്നുള്ള റിപ്പോർട്ടും കിട്ടിയിരിക്കുന്നു. പുതിയ കേന്ദ്രങ്ങൾക്കുവേണ്ടി ഖാദിയാനിലെ ലജ്ന-നാസിറാത്തിനെ കുറിച്ച് സ്വദ്ർ ലജ്ന ഇമാഇല്ലാഹ് ഭാരത്, അറിയിപ്പുതന്നിരിക്കുന്നു. ജൂലായി പതിനാറിന് ഹുദൂറിന് അവർ ഇങ്ങനെ എഴുതി: ഹുദൂറിന്റെ ഖുത്ബകൾ ഇവിടെയുള്ള സ്ത്രീകളിൽ ഒരു പ്രത്യേക ആവേശമുണ്ടാക്കിയിരിക്കുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവരുടെ പക്കലുള്ളതെല്ലാം അവർ സമർപിച്ചിരിക്കുന്നു. എന്നാൽ, ഇപ്പോഴും ദാഹം ശമിച്ചിട്ടില്ല. അല്ലാഹുവിന്റെ പ്രവർത്തനങ്ങൾക്ക് ഇനിയും സമർപിക്കണമെന്ന ശക്തമായ അഭിലാഷം ഇപ്പോഴുമുണ്ട്. (ഖുത്ബാത്തെ ത്വാഹിർ, വാള്യം 3, പേജ് 434, ഖുത്ബ 10-8-1984)ഈ കത്ത് സാഹിബ്സാദി അമത്തുൽ ഖുദ്ദൂസ് സാഹിബ ഹദ്റത്ത് ഖലീഫത്തുൽമസീഹ് റാബിഅ്(റഹ്)നു അയച്ചതാണ്. 1991-ൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)ഇന്ത്യയിൽ പോയപ്പോൾ ഖാദിയാനിലും പോയിരുന്നു. അദ്ദേഹം പറഞ്ഞു:അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇന്ത്യയിലെ എല്ലാ ലജ്നകളെ കുറിച്ചും പറയാൻ സാധ്യമല്ലെങ്കിൽപോലും ഖാദിയാനിലെ ലജ്നകളെ കുറിച്ച് സാമ്പത്തിക ത്യാഗത്തിൽ അവർ അനുപമമായ മാതൃക കാണിക്കുന്നവരാണെന്ന് എനിക്ക് പറയാൻ കഴിയുന്നതാണ്. ഖാദിയാനിലെ ജമാഅത്ത് വളരെ പാവപ്പെട്ട ഒരു ജമാഅത്താകുന്നു. പക്ഷേ, ഞാനെപ്പോഴും കാണുന്നത് എപ്പോൾ സാമ്പത്തികാഹ്വാനം ഉണ്ടാകുമ്പോഴും അവിടെയുള്ള സ്ത്രീകളും പെൺകുട്ടികളും വളരെ ആവേശത്തോടുകൂടി അതിൽ ഭാഗഭാക്കാകുന്നു. ചിലപ്പോൾ, മതിനിങ്ങൾക്ക് ഇതിനുള്ള കഴിവില്ലെന്ന് പറയാൻ എന്റെ മനസ്സ് ആഗ്രഹിച്ചുപോകാറുണ്ട്. തീർച്ചയായും എനിക്ക് സന്തോഷത്തോടൊപ്പം അവരെക്കുറിച്ചുള്ള ആശങ്കകളുമു ണ്ട്. എന്നാൽ, ഞാൻ ചിന്തിക്കുമ്പോൾ അവർ ആർക്ക് വേണ്ടിയാണോ ത്യാഗം ചെയ്യുന്നത് അവൻ എങ്ങനെയാണ് അവർക്ക് അധികമായി അനുഗ്രഹം നൽകേണ്ടതെന്നും അറിയുന്നവനാണ്. ആ അല്ലാഹു തന്റെ അനുഗ്രഹത്താൽ അവരുടെ ഭാവിയെ ദീനീപരവും ഭൗതികവുമായ സമ്പത്തുകൊണ്ട് നിറയ്ക്കുന്നതാണ് .

ഒരു സന്ദർഭത്തിൽ അവിടന്ന്(റഹ്) പറഞ്ഞു: ഒരിക്കൽ ഞാൻ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് ആഹ്വാനം ചെയ്തപ്പോൾ അഹ്മദി പെൺകുട്ടികൾ ചില്ലിക്കാശുകൾ കൂട്ടിവെച്ചിരുന്ന അവരുടെ ഉണ്ടികകൾ പൊട്ടിത്തുടങ്ങി. അവർ ശേഖരിച്ചുവച്ചിരുന്ന തുട്ടുകൾ ദീനിന്റെ സേവനത്തിന് സമർപിച്ചു. തുടർന്ന് പറഞ്ഞു: നമ്മുടെ റബ്ബും എത്രമാത്രം ഔദാര്യവാനും മഹത്ത്വമുടയവനുമാണ്. ചില സമയത്ത് സ്നേഹവും താൽപര്യവുമില്ലാതെ അവന്റെ കാൽക്കീഴിൽ കോടികൾ സമർപിച്ചാലും അത് അവൻ നിരാകരിക്കുന്നു. അതിനെ കാൽകൊണ്ട് തട്ടിമാറ്റാൻപോലും ഇഷ്ടപ്പെടുന്നില്ല. അതിന് ഒരു വിലയുമില്ല. എന്നാൽ, ആത്മാർഥതയുള്ള ദരിദ്രനായ ഒരു വ്യക്തി സ്നേഹത്തോടുകൂടി താൻ ശേഖരിച്ചുവച്ച തന്റെ സമ്പാദ്യം സമർപിക്കുമ്പോൾ അതിനെക്കാളധികം സ്നേഹത്തോടും വാത്സല്യത്തോടുംകൂടി അവൻ അത് സ്വീകരിക്കുന്നു. നിങ്ങൾ സ്നേഹിക്കുന്ന ആളുകൾ നിങ്ങൾക്കു നൽകുന്ന സമ്മാനങ്ങളെ ചുംബിക്കുന്നതുപോലെ അല്ലാഹു ചുംബിക്കുന്നതിന്റേയും അവസ്ഥ ഒന്ന് വേറെത്തന്നെയാണ്. ഞാൻ മനസ്സിലാക്കുന്നത്, ഉറച്ച് വിശ്വസിക്കുന്നത് ഈ അർഥത്തിൽ അല്ലാഹു അവരുടെ ഏതാനും നാണയത്തുട്ടുകളെ തീർച്ചയായും ചുംബിച്ചിട്ടുണ്ടാകുമെന്നാണ്. ഇത് അദ്ദേഹം അവിടെ ജൽസയിൽ ലജ്നകളോട് ചെയ്ത പ്രഭാഷണത്തിൽ നിന്നുള്ള ഉദ്ധരണിയാണ്. (ഹവ്വാ കി ബേട്ടിയാൻ, പേജ് 87-88, ജൽസസാലാന ഖാദിയാൻ, സ്ത്രീകളോടുള്ള പ്രഭാഷണം, 27-12-1991)

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)അവരെ ഖാദിയാനിൽ അയക്കുമ്പോൾ ഇങ്ങനെയും ഉപദേശിക്കുകയുണ്ടായി: 'ലജ്നകളുടെ ജമാഅത്തുകളെ സംഘടിപ്പിക്കേണ്ടതാണ്.' അവർ അവിടെ എത്തിയുടനെ ആദ്യം ഖാദിയാൻ ജനറൽ സെക്രട്ടറിയായിരുന്നു. 1955-ൽ തദ്ദേശ ലജ്ന സ്വദ്റും പിന്നീട് ലജ്ന ഭാരതിന്റെ സ്വദ്റുമായും തിരഞ്ഞെടുക്കപ്പെട്ടു. 59-ൽ തദ്ദേശ ലജ്നയുടെ പ്രസിഡന്റായി മറ്റൊരാൾ തിരഞ്ഞെടുക്കപ്പെട്ടു. അവർ ലജ്ന ഇമാഇല്ലാഹ് ഭാരതിന്റെ സ്വദ്റായി പ്രവർത്തിച്ചുകൊണ്ടിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ 1999-വരെ ഈ സേവനത്തിൽ നിരതയായിരുന്നു. അതിനുശേഷം ബഹുമതിപരമായ അംഗമായും തുടർന്നു. തന്റെ സേവന കാലഘട്ടത്തിനിടയിൽ ഇന്ത്യയിലുള്ള മജ്‌ലിസുകളിൽ പര്യടനവും നടത്തി. അവരുടെ സേവന

കാലഘട്ടം 46 വർഷമായിരുന്നു. ലജ്നയുടെ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിൽ തുടക്കത്തിൽ ഒരുപാട് പ്രയാസങ്ങൾ നേരിടേണ്ടി വന്നിട്ടുണ്ട്. കത്തെഴുതിയിരുന്നെങ്കിലും മറുപടി ഒന്നും കിട്ടുമായിരുന്നില്ല. പിന്നീട് സാഹിബ്സാദാ മിർസാ വസീം അഹ്മദ് സാഹിബിന്റെ പേരിൽ അഡ്രസ്സ് കൊടുത്തു. അങ്ങനെ അവർ മെല്ലെ മെല്ലെ ജമാഅത്തുകളെ സംഘടിപ്പിക്കാൻ തുടങ്ങി. ഇന്ത്യയിൽ നിരവധി തദ്ദേശഭാഷകളുണ്ട്. തദ്ദേശഭാഷകളിൽ കത്തുകൾ വരുന്നതും ഒരു പ്രയാസമായിരുന്നു. മുഅല്ലിമീങ്ങളെക്കൊണ്ട് അതിന്റെ തർജമ ചെയ്യിക്കുമായിരുന്നു. പിന്നീട് മെല്ലെമെല്ലെ ഹദ്റത്ത് മിർസാ വസീം അഹ്മദ് സാഹിബിനോടൊപ്പം മറ്റു ജമാഅത്തുകളുടെ പര്യടനവും ആരംഭിച്ചു. ഇപ്രകാരംതന്നെ അവർ ഇന്ത്യാവിഭജനത്തിനു ശേഷം കൂടുതൽ സഹായം ആവശ്യമായിരുന്ന ജമാഅത്തുകളെ, സംഘടിപ്പിക്കേണ്ട ജമാഅത്തുകളെ സംഘടിപ്പിക്കുകയും ചെയ്തു.

അവരുടെ മകൾ അമത്തുൽ അലീം എഴുതുന്നു: നാലാം ഖിലാഫത്തു കാലത്ത് ഇന്ത്യയിൽ നിന്നുവരുന്ന ദുആക്കുവേണ്ടിയുള്ള കത്തുകളുടെ സംഗ്രഹം തയാറാക്കുന്നതിന് ഒരു ടീമിനെയും അവർ തയ്യാറാക്കിയിരുന്നു. ഹുദൂറിന് അവയുടെ സംഗ്രഹമെഴുതിക്കൊടുത്തിരുന്നു. അതിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) വലിയ സന്തോഷം പ്രകടിപ്പിക്കുകയുണ്ടായി. അവർ വിശുദ്ധ ഖുർആനിന്റെ സേവനത്തിലുമുണ്ടായിരുനു. ഖാദിയാനിലെ 250-ൽ അധികം പെൺകുട്ടികൾക്ക് വിശുദ്ധ ഖുർആൻ പഠിപ്പിച്ചു കൊടുത്തിട്ടുണ്ട്. സ്കൂളിൽപോകുന്ന പെൺകുട്ടികൾ ഖുർആൻ പഠിക്കാൻ അതിരാവിലെയാണ് വന്നിരുന്നത്. പിന്നെ ഉച്ചക്കും വരാൻ തുടങ്ങി. ഗ്രൂപ്പുകളായിട്ടാണ് വന്നിരുന്നത്. ഭാരതത്തിലെ പെൺകുട്ടികൾ എഫ്.എ, എഫ്.എസ്.സി തുടങ്ങിയവ പൂർത്തിയാക്കിയതിനുശേഷമുള്ള ഇടവേളകളിൽ മൂന്ന് മാസത്തോളം ഖാദിയാനിൽ വന്നു താമസിക്കുമായിരുന്നു. അവരുടെ മകൾ പറയുന്നു:ഞങ്ങളുടെ ഉമ്മ ഇവർക്ക് രാവിലെയും ഉച്ചക്കും വൈകുന്നേരവും ഖുർആൻ തർജമ പഠിപ്പിക്കുമായിരുന്നു.

ലജ്നകളെ ഏറെ സുസംഘടിതമാക്കി. കഠിനാധ്വാനം ചെയ്ത് അവർക്ക് ജോലികൾ പഠിപ്പിച്ചു കൊടുത്തു. ഖിലാഫത്തുമായുള്ള ബന്ധത്തെ കുറിച്ച് സംഭവങ്ങളുടെ രൂപത്തിൽ ഉപദേശിക്കുമായിരുന്നു. അങ്ങനെ പെൺകുട്ടികളുടേയും സ്ത്രീകളുടേയും ഖിലാഫത്തുമായുള്ള ബന്ധം വർധിക്കുമായിരുന്നു. വളരെ അനിതരസാധാരണമായ അവരുടെ ഒരു സവിശേഷതയായിരുന്നു അതിഥി സൽക്കാരം. അവരുടെ മകൾ പറയുന്നു: ഉമ്മ എപ്പോഴും ഞങ്ങളുടെ ഉപ്പയുടെകൂടെ സഹായിയായി നിലകൊണ്ടു. അന്നൊക്കെ വളരെ ദാരിദ്ര്യമുള്ള അവസ്ഥയായിരുന്നു. ഉച്ചക്ക് ചെറുപയർ പരിപ്പ് മാത്രമാണ് ഉണ്ടായിരുന്നത്. ഉപ്പ പാലിനും തൈരിനും വേണ്ടി ഒരു എരുമയെ വളർത്തിയിരുന്നു. ഏതെങ്കിലും അതിഥി വന്നാൽ എന്ത് ഭക്ഷണമാണോ തയ്യാറായിട്ടുണ്ടായിരുന്നത് അത് ഒരു ഔപചാരികതയുംകൂടാതെ സമർപ്പിക്കുമായിരുന്നു. വരുന്ന അതിഥികൾക്ക് കാലാവസ്ഥക്കനുസരിച്ച് ശർബ്ബത്തും ചായയും കൊടുക്കുമായിരുന്നു. പിന്നീട് അവസ്ഥകൾ നന്നായിത്തീർന്നപ്പോൾ അതനുസരിച്ചുള്ള ഭക്ഷണം നൽകുമായിരുന്നു. ആളുകൾ തങ്ങളുടെ സ്വന്തം വീടാണെന് കരുതി അവരുടെയടുക്കൽ വരുമായിരുന്നു. അവർ നല്ലൊരു ഭാര്യയായിരുന്നു. എല്ലാ സമയത്തും, പ്രയാസങ്ങളിലുംകൂടെ നിൽക്കുമായിരുന്നു. ഒരിക്കലും ഒരു സാധനവും ആവശ്യപ്പെടുമായിരുന്നില്ല. ഭർത്താവ്, മിയാ വസീം അഹ്മദ് സാഹിബിന്റെ ഭാഗത്തു നിന്ന് എന്താണോ ജീവിക്കാൻ കിട്ടിയിരുന്നത് അതിൽ സന്തോഷത്തോടെ ജീവിതം കഴിച്ചുകൂട്ടിയിരുന്നു. അതിൽ അല്ലാഹു അസാധാരണമായ ബർക്കത്തും ചൊരിയുമായിരുന്നു. വൃത്തി ഇഷ്ടപ്പെടുന്നവരും മാന്യമായി പെരുമാറുന്നവരുമായിരുന്നു. അവരുടെ മകൾ പറയുന്നു: മിർസാ വസീം അഹ്മദ് സാഹിബ് വഫാത്തായപ്പോൾ അദ്ദേഹം അവസാന യാത്ര ചെയ്തുകൊണ്ടിരിക്കുന്നതായി അവർ സ്വപ്നം കണ്ടു. ഇവരും അതിനുവേണ്ടി തയ്യാറെടുക്കുന്നു. അപ്പോൾ ഖലീഫത്തുൽ മസീഹ് ഥാലിസ് (റഹ്)സ്വപ്നത്തിൽ അവരോടു പറഞ്ഞു: 'നിങ്ങൾക്കിപ്പോൾ വിസ അടിച്ചിട്ടില്ല.' ഏതായാലും അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ സ്വപ്നത്തിനുശേഷം നീണ്ട കാലം അവർ ജീവിച്ചിരുന്നു.

2007-ൽ മിർസാ വസീം അഹ്മദ് സാഹിബ് രോഗിയായെങ്കിലും പിന്നീട് അല്ലാഹു രോഗശമനം നൽകി. അതിനുശേഷം ഹൈദരാബാദിലെ ജമാഅത്തുകളിൽ പര്യടന പരിപാടി സംഘടിപ്പിച്ചു. തന്റെ ഭാര്യയെയും കൂടെക്കൊണ്ട് പോയിരുന്നു. അവിടെ അമത്തുൽ ഖുദ്ദൂസ് സാഹിബ ഒരു സ്വപ്നം കണ്ടു. സ്വപ്നത്തിലെ കാഴ്ചകൾ അവരെ ഭയപ്പെടുത്തി. അതായത് അത് മിർസാ വസീം അഹ്മദ് സാഹിബിന്റെ അവസാന സമയമായിരുന്നു. പക്ഷേ, അദ്ദേഹം അന്ന് നല്ല ആരോഗ്യവാനായിരുന്നു. തുടർന്ന് ഖാദിയാനിലേക്ക് തിരിച്ചു വരാൻ നിർബന്ധം ചെലുത്തി. ഖാദിയാനിൽ വന്നുടനെ അദ്ദേഹം വീണ്ടും രോഗിയായി. ഇതേ രോഗാവസ്ഥയിലാണ് അദ്ദേഹം വഫാത്താകുന്നതും.

അവസാന കാലത്ത് കാഴ്ച നഷ്ടപെട്ടിരുന്നു. ബാക്കിയുണ്ടായിരുന്ന കേൾവിശക്തിയും ഇല്ലാതായി. പക്ഷേ, വളരെ സന്തോഷത്തോടുകൂടി ജീവിതം കഴിച്ചുകൂട്ടി. ഒരിക്കലും നന്ദികേട് പ്രകടിപ്പിച്ചില്ല. സുഖവിവരങ്ങൾ അന്വേഷിക്കുമ്പോൾ എപ്പോഴും അൽഹംദുലില്ലാഹ് എന്ന് പറയുമായിരുന്നു. ഞാൻ പറഞ്ഞതുപോലെ പുതിയ കേന്ദ്രങ്ങളുണ്ടാക്കാനുള്ള പദ്ധതിയിൽ അവരുടെ പക്കലുള്ള ആഭരണങ്ങളെല്ലാം ഉടൻതന്നെ നൽകുകയുണ്ടായി. കാലത്തിന്റെ ഖലീഫയുടെ ഭാഗത്തു നിന്ന് ഏതൊരു വിളംബരമുണ്ടാകുമ്പോഴും ഖാദിയാനിൽനിന്നുള്ള ആദ്യത്തെ ചന്ദ മിർസാ വസീം അഹ്മദ് സാഹിബിന്റേയും അദ്ദേഹത്തിന്റെ ഭാര്യയുടേതുമായിരുന്നു. അവരുടെ മകൾ എഴുതുന്നു: ഞങ്ങൾ വിശുദ്ധ ഖുർആനോതുമ്പോൾ എന്തെങ്കിലും തെറ്റിയാൽ ഞങ്ങളുടെ ഉമ്മ ഏതു മുറിയിലാണുള്ളതെങ്കിലും അവിടെ നിന്നുകൊണ്ടു തിരുത്തുമായിരുന്നു. ഖുർആൻ മുഴുവനും മനഃപാഠമായിരുന്നതുപോലെയാണ് അനുഭവപ്പെട്ടിരുന്നത്. അവർ ഹാഫിള ഒന്നുമല്ലായിരുന്നു. പക്ഷേ, ധാരാളമായി ഖുർആൻ പാരായണം ചെയ്തിരുന്നതുകൊണ്ട് അവർക്ക് മനഃപാഠമായതായിരുന്നു. മിർസാ വസീം അഹ്മദ് സാഹിബ് ഇഅ്ത്തികാഫിരിക്കുമ്പോൾ അദ്ദേഹത്തിനുള്ള ഭക്ഷണം കൊടുത്തയക്കുന്ന കൂട്ടത്തിൽ പാവപ്പെട്ട മുഅ്തക്കിഫുമാർക്കും ഭക്ഷണം കൊടുത്തയച്ചിരുന്നു. അതുപോലെ ബോർഡിങ്ങിലു ണ്ടായിരുന്ന കുട്ടികൾക്കും മുഅല്ലിമീങ്ങൾക്കും ഭക്ഷണം കൊടുത്തയച്ചിരുന്നു. ജനങ്ങളുടെ കാര്യം എത്രമാത്രം ശ്രദ്ധിച്ചിരുന്നുവെന്നാൽ രോഗിയാണെങ്കിലും പനിയാണെങ്കിൽപോലും ആരുടേയും സന്തോഷത്തിലും സന്താപത്തിലും തീർച്ചയായും പങ്കെടുക്കുമായിരുന്നു. ഖാദിയാനിൽ വിവിധ ഗണത്തിൽപ്പെട്ട ആളുകൾ ഉണ്ടായിരുന്നു. അവരുടെ മക്കൾക്ക് തുന്നൽ പഠിപ്പിക്കുമായിരുന്നു. വിവാഹ സമ്മാനങ്ങൾ നൽകുമായിരുന്നു. എല്ലാവരുമായി ഇഴുകിച്ചേർന്ന് ജീവിക്കുന്നതിനുള്ള ഒരു സംസ്കാരം അവർ വളർത്തിയെടുത്തിരുന്നു. റബ്വയിൽ 2005-ൽ ലജ്ന, സറായെ മസ്റൂർ നിർമിച്ചു. വളരെ നല്ല വലിയ ബിൽഡിങ്ങാണ്. അപ്പോൾ തന്റെ ഭാഗത്തുനിന്ന് ചന്ദ നൽകിയത് കൂടാതെ തന്റെ ഭർത്താവിന്റെ വകയായും ഒരു ലക്ഷം രൂപം നൽകുകയുണ്ടായി.

വീണ്ടും പറയുന്നു: ഇന്ത്യാവിഭജനത്തിനുശേഷം ലാഹോർ രത്തൻബാഗിലും പിന്നെ റബ്വയിലും പണിപൂർത്തിയാകാത്ത വീടുകളിൽ അവർ ഹദ്റത്ത് അമ്മാജാന് വിശുദ്ധ ഖുർആൻ ഓതിക്കേൾപ്പിച്ചിരുന്നു. വീണ്ടും പറയുന്നു: അമ്മാജാൻ ആരിൽനിന്നെങ്കിലുമൊക്കെ മൽഫുദാത്തും വായിച്ചു കേട്ടിരുന്നു. ഇത് കേൾപ്പിക്കുന്നതിനും അവർക്ക് അവസരമുണ്ടായിട്ടുണ്ട്.

അവരുടെ ഇളയമകൾ അമത്തുർറഊഫ് പറയുന്നു: ബയ്ത്തുർരിയാളയിൽ ശാഹ്ജിയും, ചെമന്ന മഷിത്തുള്ളി വീണ മുറിയിൽ ഇത്റുദീൻ സാഹിബും ഹദ്റത്ത് അമ്മ ജാന്റെ വലിയ മുറിയിൽ ഹാഫിള് സാഹിബുമാണ് താമസിച്ചിരുന്നത്. ഇവരായിരുന്നു മൂന്നു പേർ. പിന്നീട് ഭായ് അബ്ദുർറഹ്മാൻ സാഹിബും ഇവിടെ താമസിച്ചിരുന്നു. അന്ന് വീട്ടിലുണ്ടാക്കുന്ന ഏത് ഭക്ഷണവും അവർക്കും കൊടുത്തയച്ചിരുന്നു. ബയ്ത്തുദ്ദുആയിൽ സ്ത്രീകളുടെ നേരത്ത് അവിടെ വരുന്ന സ്ത്രീകൾ നമസ്കാരത്തിനുശേഷം ഇവരുടെ വീട്ടിലും വന്നിരുന്നു. വീട് ഏതു നേരത്തും തുറന്നിരിക്കുമായിരുന്നു. ഒരു നിയന്ത്രണവും ഏർപെടുത്തിയിരുന്നില്ല. ഒരു ബെല്ലുമുണ്ടായിരുന്നില്ല. സ്ത്രീകൾ സ്വസ്ഥമായി അകത്തു പോകുമായിരുന്നു. അവർ പറയുന്നു: മിർസാ വസീം അഹ്മദ് സാഹിബ് വഫാത്തായപ്പോൾ ഇനാം ഗോറി സാഹിബ് നാളിർ അഅ്ലാ ആയപ്പോൾ ഞങ്ങളുടെ ഉമ്മ പൂർണമായ അനുസരണമാണ് പ്രകടിപ്പിച്ചത്. ഏതുകാര്യത്തിനും നിശ്ചിതരീതിയിൽ അപേക്ഷ കൊടുക്കുമായിരുന്നു. അവർ തന്റെ വസിയ്യത്തിന്റെ ചന്ദയും ഹിസ്സാ ജാഇദാദും സ്വത്തിന്റെ വിഹിതവും തന്റെ ജീവിതകാലത്തുതന്നെ കൊടുത്തുവീട്ടിയിരുന്നു. തഹ്രീക്കെജദീദിന്റെ ഒന്നാമത്തെ ലെഡ്ജറിലും ഉൾപ്പെട്ടിരുന്നു. അവർ തന്റെ മക്കളെ ഉപദേശിച്ചുകൊണ്ട് ഇങ്ങനെ പറഞ്ഞിരുന്നു: നമസ്കാരം അതിന്റെ ആദ്യ ഘട്ടത്തിൽത്തന്നെ നമസ്കരിക്കുക. കാരണം ഏറ്റവുമാദ്യം നമസ്കാരത്തെ കുറിച്ചാണ് കണക്കെടുപ്പു നടത്തുക. അത് ശുദ്ധമാണെങ്കിൽ മറ്റെല്ലാകാര്യവും ശുദ്ധ

## • അമീറുൽ മുഅ്മിനീന്റെ ഉപദേശം •

**ഏതുകാര്യങ്ങൾക്കാണോ ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽനിന്ന് പ്രതിജ്ഞ വാങ്ങിയത് അതനുസരിച്ച് ജീവിക്കാൻ ശ്രമിക്കുക**

**(സന്ദേശം ജൽസാസാലാന ഡന്മാർക്ക് 2019)**

ത്വാലിബെ ദുആ:
C.K.MANSOOR & FAMILY
JAMA-ATH AHMADIYYA, PATHAPIRIYAM

## • കലാമുൽ ഇമാം •

**"ഏറ്റവും പ്രിയങ്കരവും ഏറ്റവും സ്നേഹമുള്ളതുമായ വസ്തുക്കൾ ചെലവഴിക്കാത്തിടത്തോളം പ്രിയപ്പെട്ടതും മാന്യമായിട്ടുള്ളതുമായ പദവി ലഭിക്കുകയില്ല."(മൽഫൂദാത്ത് വാല്യം 1, പേജ് 64)**

ത്വാലിബെ ദുആ:
P.Abdul Ameer
Ahmadiyya Jama-ath Pathapiriyam, Kerala

മായിരിക്കും.

പറയുന്നു: അവർ തുടർച്ചയായി നിരവധി പെൺകുട്ടികളെ സംരക്ഷിച്ചിട്ടുണ്ട്. അവരെ നല്ലപോലെ പരിപാലിക്കുക മാത്രമല്ല, അവർക്കുള്ള ശിക്ഷണവും നൽകി. ആദ്യം അവരെ ഖുർആൻ ഓതാനും പിന്നെ തർജമയും പഠിപ്പിച്ചു. തുടർന്ന് അവരുടെ വിവാഹങ്ങളും നടത്തിക്കൊടുത്തു. ബീഹാറിലെ റാഞ്ചിയിൽനിന്നൊരാൾ തന്റെ മകളോടൊപ്പം അഹ്മദിയായി. പടുവൃദ്ധനായിരുന്നു. തന്റെ മകളെ ഞങ്ങളുടെ ഉമ്മയുടെ അടുത്ത് കൊണ്ടുവന്നിട്ട് പറഞ്ഞു, ഞാനെത്രകാലം ജീവിച്ചിരിക്കുമെന്നെനിക്കറിയില്ല. ഈ കുട്ടിയെ എനിക്കുശേഷം അവളുടെ സഹോദരൻ കൊല്ലാനിടയുണ്ട്, അതുകൊണ്ട് നിങ്ങൾ നിങ്ങളുടെകൂടെ ഇവിടെ നിറുത്തണം. അപ്പോൾ ആ കുട്ടിയുടെ പ്രായം 25 വയസ്സായിരുന്നു. എന്റെ ഉമ്മ ആ പ്രായത്തിൽ ഖുർആനോതാനും തർജമയും അവരെ പഠിപ്പിച്ചു. വാസ്തവത്തിൽ അവർക്ക് ഭാഷയൊന്നും വശമില്ലായിരുന്നു. നിരക്ഷരയായിരുന്നു. പിന്നീട് അവരുടെ വിവാഹവും നടത്തിക്കൊടുത്തു.

ദർവേശീ കാലഘട്ടത്തിൽ സാമ്പത്തികാവസ്ഥ വളരെ മോശമായിരുന്നു. ഏതെങ്കിലും ദർവേശിന്റെ മകളുടെ വിവാഹം നടക്കുമ്പോൾ അവർക്ക് തന്റെ ആഭരണം കൊടുത്ത് ഇങ്ങനെ പറയുമായിരുന്നു: നീ ആഗ്രഹിക്കുന്നിടത്തോളംകാലം ഇതിടുക. അതിനുശേഷം തിരിച്ചു തന്നാൽമതി. തുടർന്ന് പിന്നീട് മറ്റൊരു ദർവേശിന്റെ മകളുടെ വിവാഹമുണ്ടാകുമ്പോൾ അതവർക്കും കൊടുക്കുമായിരുന്നു. ഇങ്ങനെ നിരവധി പെൺകുട്ടികൾ അവരുടെ ആഭരണങ്ങൾ പ്രയോജനപ്പെടുത്തിയിട്ടുണ്ട്. കാരണം തുടക്കത്തിൽ ദർവേശീ കാലഘട്ടത്തിൽ ദർവേശുകളുടെ അവസ്ഥ വലിയ മെച്ചമൊന്നുമായിരുന്നില്ല. എന്നാൽ, പിന്നീട് മക്കളെല്ലാം പുറത്തുപോയി പണം വരാൻ തുടങ്ങി. മക്കൾ വലുതായി സമ്പാദിക്കാൻ തുടങ്ങിയപ്പോൾ എന്തെങ്കിലുമൊക്കെ മിച്ചം വരാനും തുടങ്ങി. അക്കാലഘട്ടത്തിൽ അവർ തങ്ങളുടെ വീടുകൾ സുരക്ഷിതമല്ലെന്ന് മനസ്സിലാക്കിയതുകൊണ്ട് ആപ്പാജാന്റെ അടുക്കൽ അമാനത്തുകൾ കൊണ്ടുവന്നു വെക്കുമായിരുന്നു. മകൾ പറയുന്നു: ഞങ്ങളുടെ ഉമ്മ അലമാരയിൽ എല്ലാ അമാനത്തുകളുമെടുത്ത് വെച്ചിരുന്നു. ചിലരുടേത് ആഭരണമായിരിക്കും. ചിലരുടേത് പണമായിട്ടായിരിക്കും. നിരവധി അമാനത്തുകൾ വെച്ചതായി ഞാൻ കണ്ടിട്ടുണ്ട്. അമാനത്ത് തിരിച്ചു വാങ്ങാൻ വരുമ്പോൾ എന്നോട് പറയുമായിരുന്നു അലമാരയിൽ ഇന്ന സ്ഥലത്തുണ്ട്, അവിടെ നിന്നു എടുത്തുകൊണ്ട് വരികയെന്ന്. അത് തിരിച്ചുകൊടുക്കുമ്പോൾ അത് വാങ്ങാൻ വരുന്നവരോട്, എന്റെ മുന്നിൽത്തന്നെ തുറന്നു നിങ്ങളുടെ എല്ലാ സാധനങ്ങളുമുണ്ടോ എന്ന് നോക്കാൻ പറയുമായിരുന്നു. അവർ എല്ലാമുണ്ടെന്ന് പറയുമ്പോൾ ഉമ്മക്കും തൃപ്തിയാകുമായിരുന്നു. എല്ലാ ദർവേശുമാരും നല്ല കുടുംബങ്ങളിൽ പെട്ടവരായിരുന്നു. പക്ഷേ, ആ കാലഘട്ടത്തിൽ ദാരിദ്ര്യമുണ്ടായിരുന്നു. അവരുടെ മക്കൾ പ്രാരംഭ വിദ്യാഭ്യാസത്തിനുശേഷം തുടർന്ന് പഠിക്കുന്നുവെങ്കിൽ അങ്ങനെ ആകാമായിരുന്നു. അതല്ലെങ്കിൽ അവരെ ലജ്നയുടെ ഓഫീസിൽ വിളിച്ച് ജോലികൾ ചെയ്യിച്ചിരുന്നു. അതായത് വിവാഹമാകുന്നതുവരെയും വെറുതെ ഇരിക്കാൻ പാടില്ല. ലജ്നയുടെ ഓഫിസിൽ വന്നു ജോലി ചെയ്യുക. അന്ന് കൃത്യമായൊരു ഓഫിസൊന്നുമുണ്ടായിരുന്നില്ല. വീട്ടിൽത്തന്നെ ചെറിയൊരു ഓഫിസ് ഉണ്ടാക്കിയിരുന്നു. അതിൽ സ്കൂളിന്റേയും ജോലികൾ നടന്നിരുന്നു. നല്ല തിരക്കും അനുഭവപ്പെട്ടിരുന്നു. പക്ഷേ, സന്തോഷപൂർവ്വം എല്ലാ ജോലികളും നിർവഹിക്കുമായിരുന്നു. പിന്നെ ജോലിക്കുവരുന്ന കുട്ടികളെ നല്ലപോലെ സൽക്കരിക്കുകയും ചെയ്തിരുന്നു. ഭക്ഷണത്തിന്റെ നേരത്ത് ഭക്ഷണമില്ലെങ്കിൽ ചായയും മറ്റും നൽകുമായിരുന്നു. അതുപോലെതന്നെ ഡൈനിങ്ങ് ടേബിൾ എങ്ങനെയാണ് വെക്കേണ്ടതെന്നും പഠിപ്പിച്ചു കൊടുത്തിരുന്നു. എന്നിട്ട് പറയുമായിരുന്നു, ഇതൊക്കെ ഇപ്പോൾ പഠിക്കേണ്ടതാണ്. കാരണം പിന്നീട് നല്ല കുടുംബങ്ങളിലേക്ക് നിങ്ങളുടെ വിവാഹം നടക്കുമ്പോൾ നിങ്ങൾ വിവരമില്ലാത്തവരാണെന്ന് ആരും പറയാൻ ഇടവരരുത്. അത്രമാത്രം കുട്ടികളെ കുറിച്ച് ചിന്ത യുണ്ടായിരുന്നു. പല പെൺകുട്ടികളും വലിയ വീടുകളിൽ വിവാഹം ചെയ്തുപോയപ്പോൾ അവർക്ക് അവിടെ ഈ ശിക്ഷണം ലഭിച്ചതുകാരണം ഒരു പ്രയാസവും അനുഭവപ്പെട്ടിട്ടില്ല. പല സ്ത്രീകളും പെൺകുട്ടികളും ഇതിനെക്കുറിച്ചെഴുതിയിട്ടുണ്ട്. തങ്ങൾക്ക് ഇങ്ങനെ തർബിയ്യത്ത് കിട്ടിയതുകൊണ്ട് ഭർതൃവീട്ടിൽ അഡ്ജസ്റ്റ് ചെയ്യുന്നതിൽ ഒരു പ്രയാസവുമുണ്ടായിട്ടില്ല. നിരവധി പെൺകുട്ടികൾക്കുള്ള വിവാഹ വസ്ത്രങ്ങൾ അവർ തന്റെ കൈകൊണ്ട് തുന്നി കൊടുത്തിരുന്നു.

ഈദുദിവസം ദർവേശുമാരുടെ വിധവകളുടെ വീട്ടിൽ ഈദി കൊടുക്കാൻ നേരിട്ടുപോയിരുന്നു. മിർസാ വസീം അഹ്മദ് സാഹിബിന്റെ കൂടെയും പോയിരുന്നു. എപ്പോഴെങ്കിലും അദ്ദേഹം പോയില്ലെങ്കിൽ ഇവർ തനിയെ പോകുമായിരുന്നു. റബ്വയിൽ ആരോ വലിയ ബംഗ്ലാവുണ്ടാക്കി എന്ന് അവരോടു പറഞ്ഞപ്പോൾ എന്റെ ഉമ്മ അവരോട് പറഞ്ഞു: ഞാൻ അല്ലാഹുവിനോടു ഒരു കാര്യം പറഞ്ഞിട്ടുണ്ട്. എനിക്ക് ഈ അനുഗൃഹീതമായ വീടു കിട്ടിയിരിക്കുന്നു. അതായത് ഇവിടെ ഖാദിയാനിൽ താമസിക്കാൻ ഭാഗ്യം ലഭിച്ചു. ഇവിടെ ഖലീഫാ ഥാനിയുടെ മരുമകളായി വന്നിരിക്കുകയാണ്. എനിക്ക് അതുതന്നെ ധാരാളമാണ്. പക്ഷേ, എനിക്ക് സ്വർഗത്തിൽ തീർച്ചയായും നീ വലിയൊരു ബംഗ്ലാവ് നൽകേണമേ.

ഇതാണ് ഒരു വിശ്വാസിയുടെ പ്രൗഢി. ഭൗതിക വസ്തുക്കളോടുള്ള വിരക്തി.

ഹദ്റത്ത് മീർ മുഹമ്മദ് ഇസ്മായീൽ സാഹിബിനെ കുറിച്ച് അവർ എഴുതുന്നു: ഞാൻ ചെറുപ്പത്തിൽ തന്നെ അൽപം വൃത്തി കൂടുതലിഷ്ടപ്പെട്ടിരുന്ന ആളായിരുന്നു. അതുകൊണ്ടു മീർ സാഹിബ് തന്റെ മുറി വൃത്തിയാക്കാൻ മറ്റാർക്കും അനുമതി നൽകിയിരുന്നില്ല. ഞാൻ മാത്രമാണ് പോയിരുന്നത്. കാരണം അദ്ദേഹത്തിന്റെ സാധനങ്ങൾ നോട്സാണെങ്കിലും പുസ്തകങ്ങളാണെങ്കിലും അവിടെ എവിടെ കിടക്കുക യാണെങ്കിലും വൃത്തിയാക്കി അതേസ്ഥലത്ത് ഞാൻ വെക്കുമായിരുന്നു. അതുകൊണ്ട് അദ്ദേഹം പറയുമായിരുന്നു: 'അമത്തുൽ ഖുദ്ദൂസ് അല്ലാതെ മറ്റാരും എന്റെ മുറിയിൽ വരരുത്.'

പത്താംതരം കഴിഞ്ഞു വരുന്ന കുട്ടികളോടു വിശുദ്ധ ഖുർആൻ പഠിക്കാൻ തുടങ്ങിയോ എന്ന് ചോദിക്കുമായിരുന്നു. ചില കുട്ടികൾ അബ്ദുർറഹ്മാൻ ജട്ട് സാഹിബിൽ നിന്നു ഖുർആൻ പഠിച്ചിരുന്നു. പത്താംതരം പാസായ കുട്ടികൾ ഞങ്ങളുടെ ഉമ്മയുടെ അടുക്കൽ വന്നു തർജമ പഠിക്കുമായിരുന്നു. ഒരേ സമയം മൂന്ന് ക്ലാസുകൾ നടന്നിരുന്നു. മൂന്നു വർഷത്തിനുള്ളിൽ ഖുർആൻ തർജമ മുഴുവനും പഠിപ്പിക്കുമായിരുന്നു. അതോടൊപ്പം ഗ്രാമറും പറഞ്ഞുകൊടുത്തിരുന്നു. പല ആളുകളും കുട്ടികളും സ്ത്രീകളും അവർ ഞങ്ങൾക്ക് ഫിഖഹും പഠിപ്പിച്ചു തന്നിരുന്നുവെന്ന് എഴുതിയിട്ടുണ്ട്.

വിശുദ്ധ ഖുർആൻ പൂർത്തിയാക്കേണ്ടത് അനിവാര്യമാണെന്നും പറയുമായിരുന്നു. ഒരു കുട്ടിയും എന്റെയടുത്തു വന്നു ഖുർആൻ പൂർത്തിയാക്കാതെ പോകരുതെന്ന കാര്യത്തിൽ പ്രത്യേക താൽപര്യവും കാണിക്കുമായിരുന്നു. തഹജ്ജുദ് നമസ്കാരത്തിലും വളരെ കൃത്യനിഷ്ഠ കാണിച്ചിരുന്നു. അവസാന രോഗാവസ്ഥയിലും രോഗം വർധിച്ചപ്പോഴും തഹജ്ജുദിന് തന്നെ വിളിക്കണമെന്ന ആഗ്രഹമായിരുന്നു ഉണ്ടായിരുന്നത്. നോമ്പെടുക്കാൻ കഴിയുന്നിടത്തോളം നോമ്പെടുത്തിരുന്നു. ഖാദിയാനിൽ തറാവീഹിന് കൃത്യമായി മസ്ജിദിൽ പോകുമായിരുന്നു. മറ്റു ദിവസങ്ങളിൽ വീട്ടിൽത്തന്നെയാണ് നമസ്കരിച്ചിരുന്നത്. പക്ഷേ, റമളാനിൽ പ്രത്യേകമായും നമസ്കരിക്കാൻ മസ്ജിദിൽ പോകുമായിരുന്നു.

ഖിലാഫത്തിനോടു അതിരറ്റ സ്നേഹമായിരുന്നു. അവരുടെ മകൾ പറയുന്നു; ഖലീഫത്തുൽ മസീഹിന് കത്തയച്ചതിനുശേഷം മറുപടിയിലെന്തെങ്കിലും സന്തോഷം പ്രകടിപ്പിച്ചിട്ടുണ്ടെങ്കിൽ വളരെ താൽപര്യത്തോടുകൂടി ഞങ്ങളോടു പറയുമായിരുന്നു, 'നോക്കൂ! ഈ കത്തിൽ ഹുദൂർ സന്തോഷം പ്രകടിപ്പിച്ചിട്ടുണ്ട്.'

1991-ൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)ന്റെ പര്യടനമുണ്ടായപ്പോൾ അവർ സ്വന്തം കൈകൾകൊണ്ട് മുഴുവൻ മുറിയും വീടും വൃത്തിയാക്കി. അതുപോലെ 2005-ൽ ഞാൻ പര്യടനത്തിന് പോയപ്പോൾ അവർ സ്വയം ഞങ്ങളുടെ മുറി ശരിയാക്കുകയും കട്ടിലും കിടക്കയും മറ്റും വിരിക്കുകയും ചെയ്തിരുന്നു. ആത്മാർഥതയോടും കൂറോടുംകൂടി എല്ലാം ചെയ്തിരുന്നു. ഞങ്ങൾക്കുള്ള ഭക്ഷണം വേറെ ഉണ്ടാക്കാമെന്ന് പറഞ്ഞിരുന്നുവെങ്കിലും അവർ നിർബന്ധപൂർവം പറഞ്ഞു: ഒരു ഭക്ഷണം എല്ലാ ദിവസവും ഞങ്ങളുടെ ഭാഗത്തുനിന്നു വരുന്നതാണ്. അങ്ങനെ ഒരു ഡിഷ് അയച്ചുകൊണ്ടിരുന്നു. വളരെ ശ്രദ്ധയോടുകൂടി അവർ പാകം ചെയ്തിരുന്നു. മകൾ പറയുന്നു:ഞങ്ങളുടെ പിതാവ് വഫാത്തായപ്പോൾ മാതാവ് നമസ്കരിച്ച് കരയുകയായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)വഫാത്തായപ്പോൾ ഹദ്റത്ത് അമ്മാ ജാൻ പറഞ്ഞ അതെ വാക്കുകൾത്തന്നെയാണ് അവരും പറഞ്ഞിരുന്നത്. നാഥാ! ഇദ്ദേഹം ഞങ്ങളെ ഒഴിവാക്കി പോകുകയാണ്. പക്ഷേ, നീ ഞങ്ങളെ കൈവിടരുതേ. മകൾ തുടരുന്നു: ഞാൻ കണ്ടതും എന്റെ ഉറച്ച വിശ്വാസവും പ്രസ്തുത ദുആകൾ സ്വീകരിക്കപ്പെട്ടുവെന്നാണ്. കാരണം എല്ലാ പെൺമക്കളും വിവാഹം കഴിഞ്ഞ് പാകിസ്താനിൽ വന്നിരുന്നു. എന്നാൽ, ഇതിനു ശേഷം മൾട്ടിപ്പിൾ വിസ കിട്ടുകയും അങ്ങനെ അവർക്ക് വന്നുംപോയുമിരിക്കാൻ കഴിയുകയും ചെയ്തു. ഒറ്റപ്പെട്ടു എന്ന തോന്നൽ ഒരിക്കലുമു ണ്ടായില്ല. പെൺമക്കൾ അവരുടെ അടുക്കൽ വന്നും പോയുമിരുന്നു.

അവരുടെ മകൻ പറയുന്നു: അതിഥികളധികവും ദാറുൽ മസീഹിലാണ് തങ്ങിയിരുന്നത്. ഞങ്ങളുടെ മാതാവ് 11, 12 വയസ്സുള്ള കുട്ടികൾക്ക് ട്രെയിനിങ് നൽകിയിരുന്നു. എങ്ങനെയാണ് റൂമുകളിൽ ചൂടുവെള്ളം എത്തിക്കേണ്ടതെന്നും അതിഥികളുടെ ആവശ്യങ്ങളെങ്ങനെയാണു ശ്രദ്ധിക്കേണ്ടതെന്നും പറഞ്ഞു കൊടുത്തിരുന്നു. മിയാ വസീം അഹ്മദ് സാഹിബിന് സർക്കാരുദ്യോഗസ്ഥരുമായി ബന്ധമുണ്ടായിരുന്നു. അവരുടെ ഭാര്യമാർക്ക് ഇവർ ജമാഅത്തിനെ കുറിച്ച് പരിചയപ്പെടുത്തിയിരുന്നു. ഈ ബന്ധം അവരുമായി തുടർന്നുപോരുകയും ചെയ്തു.

സത്നാം സിംഗ് ബാജ്വ അവിടുത്തെ ഒരു വലിയ രാഷ്ട്രീയ നേതാവായിരുന്നു. വിഭജനമുണ്ടായപ്പോൾ അദ്ദേഹം പാകിസ്താനിൽനിന്ന് ഇന്ത്യയിൽ താമസം മാറ്റി. ഇപ്പോൾ പാർലമെന്റ് മെമ്പറായ പ്രതാപ് സിങ് ബാജ്വയുടെ പിതാവായിരുന്നു. അദ്ദേഹവും അദ്ദേഹത്തിന്റെ ഭാര്യയും ഞങ്ങളുടെ വീട്ടിൽ സ്ഥിരം വരാറുണ്ടായിരുന്നു. അവരുടെ അമാനത്തുകൾ ഞങ്ങളുടെ ഉമ്മയുടെ പക്കലാണ് വെച്ചിരുന്നത്. ഒരിക്കൽ അമാനത്ത്

വെച്ചതിനുശേഷം അവർ ഉമ്മയോട് ചോദിച്ചു: നിങ്ങൾ ഇത് തുറന്ന് നോക്കിയിരുന്നോ? അതായത് അവർ സാഹിബ്സാദി അമത്തുൽ ഖുദ്ദൂസ് സാഹിബയോടാണ് ചോദിച്ചത്. അപ്പോൾ പറഞ്ഞു: ഇത് നിങ്ങളുടെ അമാനത്താണ്. അത് ഞാൻ എങ്ങനെയാണ് തുറക്കുക. എല്ലാം ശരിയായിട്ടുണ്ടോ എന്ന് നിങ്ങൾത്തന്നെ നോക്കുക.

ദരിദ്രരായ ആളുകളെയും പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

മകൻ പറയുന്നു: ഒരിക്കൽ ഒഡീഷയിലെ ഒരു ഗ്രാമത്തിൽ പര്യടനത്തിന് പോയതായിരുന്നു. അവിടെയുള്ള ജനങ്ങൾക്ക് കൊടുക്കാൻ ഞങ്ങളുടെ പക്കലൊന്നുമുണ്ടായിരുന്നില്ല. മക്കളും കൂടെ പോയിരുന്നു. കുട്ടികളായ ഞങ്ങളുടെ അധികമുള്ള വസ്ത്രങ്ങൾ അവിടെയുള്ള ആളുകൾക്ക് അവരുടെ ദേഹം മറക്കുന്നതിന് വിതരണം ചെയ്തു. കാരണം അവർ വളരെ ദരിദ്ര അവസ്ഥയിലും മോശമായ ചുറ്റുപാടിലുമാണുണ്ടായിരുന്നത്.

അദ്ദേഹം തുടരുന്നു: ഞങ്ങളുടെ ഉമ്മ കുട്ടികൾക്ക് ഖുർആൻ പാരായണവും തർജമയും പഠിപ്പിച്ചിരുന്നു. ഖുർആൻ ഹദ്റത്ത് മീർ മുഹമ്മദ് ഇസ്ഹാഖ് സാഹിബിന്റെ തർജമത്തുൽ ഖുർആനിൽ നിന്നാണ് പഠിപ്പിച്ചിരുന്നത്. ഖുർആനിന്റെ പ്രസ്തുത പ്രതി ഹദ്റത്ത് അമ്മാ ജാൻ അവർക്ക് ഉപഹാരമായി നൽകിയതായിരുന്നു.

അവരുടെ ജാമാതാവ് ഇബ്റാഹീം മുനീബ് സാഹിബ് പറയുന്നു: മിയാ വസീം അഹ്മദ് സാഹിബിന്റെ വഫാത്തിനുശേഷം അവർ പത്തുവർഷം ഖാദിയാനിൽ ജീവിച്ചു. രോഗം മൂർച്ഛിച്ചപ്പോൾ അവരുടെ മക്കൾ അവരെ റബ്വയിൽ കൊണ്ടുവന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ വിസ എക്സറ്റന്റ് ചെയ്തുകൊണ്ടിരുന്നു. പക്ഷേ, എപ്പോഴും താൻ ഖാദിയാനിന് പുറത്ത് കൂടുതൽ താമസിക്കുന്നതല്ലെ ന്ന് പറയുമായിരുന്നു. കാലത്തിന്റെ ഖലീഫയുടെ അനുമതിയില്ലെങ്കിൽ ഞാനിവിടെ ഏതാനും മാസത്തിലധികം താമസിക്കുന്നതല്ലെന്നും പറയുമായിരുന്നു. അവർ എനിക്കും കത്തെഴുതുകയുണ്ടായി. ഞാൻ അവർക്ക് ഇങ്ങനെ എഴുതി: നിങ്ങൾ ആഗ്രഹിക്കുന്ന അത്രയും സമയം ഇവിടെ താമസിച്ചു കൊള്ളുക. വിസ എക്സറ്റന്റ് ചെയ്തുകൊണ്ടിരിക്കുക. അതിനുശേഷം പിന്നെ അവർ കുറച്ചുകാലം അവിടെ താമസിച്ചു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)അവർ ഖാദിയാനിൽ പോകുമ്പോൾ ഇങ്ങനെയും ഉപദേശിച്ചിരുന്നു: ഖാദിയാനിലെ ഹിന്ദു മാർക്കറ്റുകളിൽ പോകരുത്. കാരണം അവിടെയുള്ള ആളുകൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ ചീത്ത പറഞ്ഞവരാണ്. അവർ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ ഈ വാക്കിനെ എത്രമാത്രം അന്വർഥമാക്കിയിരുന്നുവെന്നാൽ പിന്നീട് സാഹചര്യങ്ങളെല്ലാം മാറുകയും ജനങ്ങൾ നല്ല രീതിയിൽ പെരുമാറാൻ തുടങ്ങുകയും ജൽസയിൽ ഒരുപാടാളുകൾ വരികയും അഹ്മദികളും അവിടെ പോകുകയും. കുടുംബത്തിലെ ആളുകളും അവിടെ പോകുകയും ചെയ്തിരുന്നുവെങ്കിലും അവർ എഴുപതു വർഷമായി ഖാദിയാനിലെ ബസാറിൽ പോയിട്ടില്ല. അമൃതസറിൽ പോയി ഷോപ്പിംഗ് ചെയ്യുമായിരുന്നു.

അവരുടെ ദൗഹിത്രി എഴുതുന്നു: ഖാദിയാനിലെ ചെറിയ കുട്ടികൾ ഉമ്മാമ എന്നാണ് വിളിച്ചിരുന്നത്. എല്ലാവരോടും അവർ ഉമ്മാമയെപോലെ സ്നേഹവും വാത്സല്യവും കാണിച്ചു. തുടർന്നെഴുതുന്നു: ഒരിക്കൽ ക്ഷീണം കാരണം അവർ വിശ്രമിക്കുകയായിരുന്നു. വൈകുന്നേര സമയത്ത് കുറച്ച് സ്ത്രീകൾ ദൂരെ ഏതോ ജമാഅത്തിൽ നിന്ന് അവരെ കാണാൻ വന്നിരുന്നു. വീട്ടിൽ മുതിർന്നവരാരുമു ണ്ടായിരുന്നില്ല. ഞാൻ അവരോടു ഉമ്മാമ വിശ്രമിക്കുകയാണെന്ന് പറഞ്ഞു. അപ്പോൾ അവർ ദുആക്കുള്ള ഒരു കത്ത് കൊടുത്തു തിരിച്ചു പോയി. ഉമ്മാമ എഴുന്നേറ്റപ്പോൾ സ്ത്രീകൾ വന്ന കാര്യം പറഞ്ഞു. ഉടൻ തന്നെ അവർ ആ കത്തുവാങ്ങി വായിച്ച് ദുആ ചെയ്തു. പിന്നെ ടെലിഫോൺ ചെയ്ത് ആർക്കോ അവർ എഴുതിയ കാര്യങ്ങൾ നടപ്പാക്കുന്നതിനുവേണ്ടി നിർദേശം കൊടുക്കുന്നുണ്ടായിരുന്നു. തുടർന്ന് എന്നോട് പറഞ്ഞു: ആളുകൾ ദൂരെ ദൂരെ സ്ഥലങ്ങളിൽ നിന്ന് വളരെ സ്നേഹപൂർവ്വം നിന്റെ മാതാമഹനെ കാണാൻ വന്നിരുന്നു. അദ്ദേഹം അവരെ ഇങ്ങനെ തിരിച്ചയച്ചിട്ടുണ്ടായിരുന്നില്ല. അതുകൊണ്ട് നീയും അതിഥികളെ ആദരപൂർവ്വം വിളിച്ചിരുത്തണം. എന്നെ അറിയിക്കാമായിരുന്നു. ഉമ്മാമയുടെ ഉപദേശത്തിന്റെ രീതി വളരെ സ്നേഹമസൃണമായിരുന്നു. അതിപ്പോഴും എന്റെ മനസ്സിൽ കൊത്തിവെച്ചതു പോലെയുണ്ട്.

ഇവരുടെ ദൗഹിത്രൻ സയ്യിദ് ഹാശിർ പറയുന്നു: ഞാൻ മുറബ്ബിയാവുകയാണെന്ന് അവരോട് പറഞ്ഞു. എനിക്കെന്തെങ്കിലും ഉപദേശം തന്നാലും. ഇവൻ ജാമിഅ അഹ്മദിയ്യ കാനഡയിലാണ് പഠിച്ചു കൊണ്ടിരിക്കുന്നത്. അവർപറഞ്ഞു:ഉപദേശം കാലത്തിന്റെ ഖലീഫയിൽ നിന്നു കേട്ടുകൊണ്ടിരിക്കുന്നുണ്ടല്ലോ. അതുകൊണ്ട് ഒരു ഉപദേശത്തിന്റെ ആവശ്യമൊന്നുമില്ല. അദ്ദേഹം പറയുന്ന കാര്യങ്ങൾ ശ്രദ്ധിച്ച് കേൾക്കുകയും അത് പ്രാവർത്തികമാക്കുകയും ചെയ്യുക. തുടർന്ന് എന്നോട് പറഞ്ഞു: റബ്ബി കുല്ലു ശയ്ഇൻ ഖാദിമുക്ക. റബ്ബി ഫഹ്ഫള്നീ വൻസുർനീ വർഹംനീ എന്ന ദുആ ചെയ്തു കൊണ്ടിരിക്കുക. പിന്നെ ഫോണിൽ ഇത്രമാത്രം എന്നെ ഉപദേശിച്ചിരുന്നു. അതായത് നിന്റെ വഖ്ഫു നീ പൂർത്തിയാക്കണം. ഖിലാഫത്തിന്റെ സുൽത്താനന്നസ്വീറായിത്തീരണം.

നിരവധി അമുസ്‌ലിമീങ്ങളും ജനാസയിൽ പങ്കെടുത്തിരുന്നു. അവരെല്ലാവരും വളരെ ഭവ്യതയോടുകൂടി അവരെ അനുസ്മരിക്കുകയുണ്ടായി. അവരിൽ മുൻ എം.എൽ.എ ഫതാഹ് ജംഗ്സിങ്ങും ഉണ്ടായിരുന്നു. അദ്ദേഹം പറയുന്നു: ഞങ്ങളുടെ കുട്ടിക്കാലത്ത് അവരുടെ വീട്ടിൽ ഞങ്ങൾ കഴിച്ചു കൂട്ടിയിട്ടുണ്ട്. അദ്ദേഹം ജനാസ കൊണ്ടുവരുന്നതിന് വാഗാ ബോർഡറിലും പോയിരുന്നു. പറയുന്നു: ഞാൻ എന്റെ മാതാവിനെത്തന്നെയാണ് ഇവിടെ വീണ്ടും ഖബറടക്കുന്നത്. ഞങ്ങൾ ചെറിയ ചെറിയ കുട്ടികളായിരുന്നപ്പോൾ ഇവിടെ വീട്ടിൽ വരുമായിരുന്നു. ഞങ്ങൾക്ക് ഭക്ഷണവും മറ്റും തന്നിരുന്നു. അവരുടെ ഒരു ദൗഹിത്രി മാല പറയുന്നു: അവരുടെ ഖിലാഫത്തിനോടുള്ള സ്നേഹവും അനുസരണവും ഞങ്ങൾക്ക് ഒരു മാതൃകയായിരുന്നു. അവർ മരണപ്പെട്ടതുമുതൽ അനുശോചനം അറിയിച്ചുകൊണ്ട് നൂറുക്കണക്കിന് ഫോൺ സന്ദേശമാണ് എനിക്ക് വന്നിരുന്നത്. എല്ലാവരും അവരെ സ്തുതിക്കുകയായിരുന്നു. പിന്നെ കുറച്ച് കാലത്തേക്ക് അവർ ഖാദിയാനിൽ താമസിക്കാൻ പോയിരുന്നു. അപ്പോഴാണ് ഖാദിയാൻ നിവാസികൾ ഉമ്മാമയോടും അവർ ഖാദിയാൻ നിവാസികളോടും എത്രമാത്രം സ്നേഹിക്കുന്നവരാണെന്ന് മനസ്സിലായത്. പറയുന്നു: 2008-ൽ അങ്ങയ്ക്ക് ഖാദിയാനിൽ പോകാൻ പരിപാടിയുണ്ടായിരുന്നു. പോകാൻ കഴിയാതെ പരിപാടി മാറ്റിവെച്ച് ഡൽഹിയിൽനിന്ന് തിരിച്ച് വന്നപ്പോൾ വളരെ നിരാശയാവുകയും ഇനിയെപ്പോഴാണ് മുലാഖാത്തിന് സാധിക്കുക എന്നും പറഞ്ഞിരുന്നു.

ഇവിടെയുള്ള ആബിദ് ഖാൻ അവരുടെ ദൗഹിത്രിയുടെ ഭർത്താവാണ്. അദ്ദേഹം പറയുന്നു: അവർ തന്റെ ജീവിതമാതൃകകൊണ്ട് ഞങ്ങളെ പഠിപ്പിച്ചത് ഒരാൾ തന്റെ വഖ്ഫ് എങ്ങനെയാണു പൂർത്തിയാക്കേണ്ടതെന്നായിരുന്നു. പൊതുവെ സൗമ്യഭാവമായിരുന്നുവെങ്കിലും ഒരിക്കൽ അവർ ഉച്ചത്തിൽ സംസാരിക്കുന്നത് കണ്ടിട്ടുണ്ട്. അതായത് ഖാദിയാനിലെ ഒരു പെൺകുട്ടിയുടെ വിവാഹമായിരുന്നു. ആ ദിവസം സാഹിബ്സാദി അമത്തുൽ ഖുദ്ദൂസ് സാഹിബക്ക് സുഖമില്ലായിരുന്നു. നല്ല തലവേദനയുണ്ടായിരുന്നു. രോഗാവസ്ഥ കണ്ടപ്പോൾ ദൗഹിത്രി അവരോടു പറഞ്ഞു; വിവാഹത്തിൽ പങ്കെടുക്കാൻ കഴിയില്ലെന്ന് ഒഴികഴിവ് പറഞ്ഞാൽ മതി. ഇന്ന് വിശ്രമിച്ചു കൊള്ളുക. അപ്പോൾ അവർ പറഞ്ഞു; മാലാ! ഞാൻ വിവാഹത്തിൽ തീർച്ചയായും പങ്കെടുക്കുന്നതാണ്. ഖാദിയാനിലുള്ളവരുമായുള്ള എന്റെ ബന്ധം എങ്ങനെയുള്ളതാണെന്ന് നിനക്ക് അറിയില്ല.

ഖാദിയാനിലെ ദർവേശ് ഡോക്ടർ ബശീർ നാസിർ സാഹിബിന്റെ ഭാര്യ അഖീല ഇഫത്ത് സാഹിബ പറയുന്നു: എപ്പോഴും ലജ്ന-നാസിറാത്ത് സംവിധാനം മുഖേന ദർവേശുമാരുടെ ഭാര്യമാർക്കും പെൺമക്കൾക്കും മാർഗ നിർദേശങ്ങൾ നൽകിയിരുന്നു. വളരെ നല്ല രീതിയിൽ സംഘാടക കർത്തവ്യങ്ങൾ നിറവേറ്റുന്നതിൽ നിപുണയായിരുന്നു. അവരോടൊപ്പം ജോലി ചെയ്യുന്ന സമയത്ത് അവരുടെ സ്നേഹവും പിന്തുണയും ആദരവും ബഹുമാനവും അനുഭവിച്ചറിയാൻ കഴിഞ്ഞിരുന്നു. എല്ലാ പ്രവർത്തനങ്ങളും ഉത്തരവാദിത്വങ്ങളും അടുത്ത തലമുറയിലെത്തിക്കണമെന്നും അവർക്ക് വലിയ ആഗ്രഹമുണ്ടായിരുന്നു. വളരെ ആത്മവിശ്വാസവും സംഘാടകപാടവവുമുള്ളവരുമായിരുന്നു. ഏതുജോലിയും വളരെ വൃത്തിയായി ചെയ്തിരുന്നു. ഞങ്ങൾക്ക് തർജമ സഹിതം ഖുർആൻ പഠിപ്പിച്ചിരുന്നു. ഫിഖ്ഹും പഠിപ്പിച്ചിരുന്നു. അവരുടെ ശിക്ഷണം ലഭിച്ച യുവതികൾ ജമാഅത്തിന്റെ വിവിധ തലങ്ങളിൽ ജമാഅത്തി സേവനങ്ങളിൽ കർമനിരതരാണ്.

ദക്ഷിണ ഹൈദരാബാദിലെ ബുശ്റ മുബാറക്ക സാഹിബ പറയുന്നു: ഞങ്ങൾക്ക് അവരുമായി വളരെ ആഴത്തിലുള്ള കുടുംബ സൗഹൃദബന്ധമുണ്ടായിരുന്നു. ജൽസയുടെ അവസരത്തിൽ അതിഥി സൽക്കാരത്തിന് പാതിരാത്രിവരെയും നേരിട്ടുനിന്ന് അതിഥികളുടെ അന്നപാനീയങ്ങളും വിശ്രമകാര്യങ്ങളും ശ്രദ്ധിച്ചിരുന്നു. അവർ ഇങ്ങനെ പറയുമായിരുന്നു, ഇവർ ഞങ്ങളുടെ അതിഥികളല്ല. മറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)

## • കലാമുൽ ഇമാം •

'നബി(സ)തിരുമേനിയോടുള്ള സ്നേഹം വർധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്കാരത്തിലും സ്വലാത്ത് ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് സ്ഥൈര്യത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ!'(മൽഫൂദാത്ത് വാള്യം 3, പേജ് 38)



SABIR BURQA HOUSE
ALL TYPES OF READYMADE BURQA
ഓർഡർ അനുസരിച്ച് ബുർഖകൾ കൊരിയർ മുഖേന അയച്ചുകൊടുക്കുന്നതാണ്.
CIVIL LINES ROAD, OPP.FOUR STORY QADIAN
CONTACT NO: 98884 45694 (SABIR AHMAD)


## • കലാമുൽ ഇമാം •

"ഏറ്റവും പ്രിയങ്കരവും ഏറ്റവും സ്നേഹമുള്ളതുമായ വസ്തുക്കൾ ചെലവഴിക്കാത്തിടത്തോളം പ്രിയപ്പെട്ടതും മാന്യമായിട്ടുള്ളതുമായ പദവി ലഭിക്കുകയില്ല."(മൽഫൂദാത്ത് വാള്യം 1, പേജ് 64)


ത്വാലിബെ ദുആ: ANWAR SADAT & FAMILY
JAMA-ATH AHMADIYYA,PATHAPIRIYAM

ന്റെ അതിഥികളാകുന്നു. അവരുടെ കാര്യങ്ങൾ ശ്രദ്ധിക്കേണ്ടത് നമുക്ക് നിർബന്ധമാണ്. വളരെ ചെറിയ ചെറിയ കാര്യങ്ങൾപോലും അവർ പരിശോധിച്ചിരുന്നു.

ഖാലിദ് അലാഉദ്ദീൻ സാഹിബിന്റെ ഭാര്യ സാജിദ തൻവീർ സാഹിബ പറയുന്നു: ഇന്ത്യയിലെ ലജ്ന അംഗങ്ങൾക്ക് അവർ ഉമ്മയെപോലെയായിരുന്നു. ഒരു ഉമ്മ തന്റെ പാലു കുടിക്കുന്ന കുട്ടിയെ വിരൽ പിടിച്ച് ജീവിതം പഠിപ്പിച്ചു കൊടുക്കുന്നതുപോലെ ഹദ്റത്ത് ആപ്പാജാൻ എല്ലാ നിലയ്ക്കും ഞങ്ങളുടെ വിദ്യഭ്യാസത്തിന്റേയും ശിക്ഷണത്തിന്റേയും കാര്യങ്ങൾ ശ്രദ്ധിച്ചു. ഇക്കാര്യത്തിൽ ഞങ്ങളും ഞങ്ങളുടെ തലമുറകളും എപ്പോഴും അവരോടു കടപ്പെട്ടവരായിരിക്കും.

എനിക്ക് ഖാദിയാനിൽനിന്ന് നിരവധി സ്ത്രീകളുടെ കത്തുകൾ വന്നിട്ടുണ്ട്. അവരുമായി ഏതെങ്കിലും രീതിയിൽ ബന്ധമുണ്ടായിരുന്ന സ്ത്രീകളും കത്തയച്ചിട്ടുണ്ട്. അതുപോലെ തന്നെ ഖാദിയാനിലെ പഴയ കാല ആൺകുട്ടികളും അവർ തങ്ങളെ ഉമ്മയെ പോലെ പരിപാലിച്ചു എന്നും എഴുതിയിട്ടുണ്ട്. ഖിലാഫത്തുമായുള്ള അവരുടെ ബന്ധത്തെ കുറിച്ച് അവരുടെ മക്കളും എഴുതിയിട്ടുണ്ട്. ഞാൻ പറഞ്ഞതുപോലെ മറ്റു സ്ത്രീകളും അതിനെക്കുറിച്ച് സ്മരിച്ചിട്ടുണ്ട്.

വിനയവും പൂർണമായകൂറും മുഖേന ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ)യോട് അവർ പ്രകടിപ്പിച്ച അതേബന്ധം ഞാൻവരേയും തുടർന്ന് വന്നു. ഇതൊരു മാതൃകയാണ്. ഇവിടെ എന്നെ കണ്ടപ്പോഴും വളരെ ആദരവോടെയാണ് കൂടിക്കാഴ്ച നടത്തിയത്. 2005-ൽ ഞാൻ ഖാദിയാനിൽ പോയപ്പോൾ വളരെ ചിന്താകുലയായി അതിഥി സൽക്കാരം നടത്താൻ ശ്രമിച്ചിരുന്നു. പിന്നെ എല്ലാ മുലാഖാത്തിലും സന്തോഷമുണ്ടായിരുന്നു. അത് അവരുടെ മുഖത്ത് പ്രകടമായിരുന്നു. 2005-ൽ ആരോഗ്യം മോശമായിരുന്നിട്ടും ഞാൻ തിരിച്ചുവരുമ്പോൾ ഖാദിയാനിൽനിന്ന് ഡൽഹിവരെ വന്നിരുന്നു. അല്ലാഹു അവരുടെ സ്ഥാനങ്ങൾ ഉയർത്തുകയും അവരുടെ മക്കൾക്കും അവരുടെ നന്മകൾ തുടർന്നു കൊണ്ടുപോകാൻ തൗഫീഖു നൽകുകയും ചെയ്യുമാറാകട്ടെ. ഖാദിയാനിലുള്ളവരോടു അവർ കാണിച്ച സ്നേഹംപോലെതന്നെ അവിടെയുള്ളവർക്ക് പരസ്പരം സ്നേഹത്തോടെ കഴിയാനും അല്ലാഹു തൗഫീഖ് നൽകുമാറാകട്ടെ.

ഇപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കുടുംബവുമായി നേരിട്ട് ബന്ധമുള്ള ആരും അവിടെയില്ല. ആരെങ്കിലും അവിടെ പോകുന്നതിന് അല്ലാഹു അനുകൂലമായ സാഹചര്യങ്ങൾ ഒരുക്കുമാറാകട്ടെ. അല്ലാഹു മാർഹൂമയുടെ ദർജകൾ ഉയർത്തുമാറാകട്ടെ.

ഒരു ജനാസ ഹാജറുമുണ്ട്. (ജനാസ വന്നിട്ടില്ലേ?) ഇത് യു.കെ.യിലെ മുഹമ്മദ് അർശദ് അഹ്മദീ സാഹിബിന്റേതാണ്. ഇദ്ദേഹം കഴിഞ്ഞ ദിവസം 71-ാമത്തെ വയസ്സിൽ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. യൂസുഫ് അഹ്മദീ സാഹിബിന്റെ മകനായിരുന്നു. യൂസുഫ് അഹ്മദീ സാഹിബ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കൈയിലാണ് ബയ്അത്ത് ചെയ്തത്. യൂസുഫ് അഹ്മദീ സാഹിബിന്റെ പുത്രനോ പൗത്രനോ ആയിരുന്നു മുഹമ്മദ് അർശദ് അഹ്മദീ സാഹിബ്. ഏതായിരുന്നാലും യൂസുഫ് അഹ്മദീ സാഹിബ് മസീഹ് മൗഊദ്(അ)ന്റെ കൈയിൽ ബയ്അത്തു ചെയ്തു. അദ്ദേഹത്തിന്റെ കുടുംബത്തിൽപ്പെട്ടയാളാണ്. 15-ാമത്തെ വയസ്സിൽ നെയ്റോബിയിൽനിന്ന് യു.കെ.യിൽ വന്നു. ഇദ്ദേഹം അമത്തുൽ ബസ്വീർ സാഹിബയെയാണ് വിവാഹം കഴിച്ചത്. ഹദ്റത്ത് ഖലീഫ സ്വലാഹുദ്ദീൻ സാഹിബിന്റെ മകളും മസീഹ് മൗഊദ്(അ)ന്റെ സ്വഹാബിയായിരുന്ന ഹദ്റത്ത് ഡോക്ടർ ഖലീഫ റശീദുദ്ദീൻ സാഹിബ്(റ)ന്റെ പൗത്രിയുമാണ്. പരേതൻ അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസ്വിയായിരുന്നു. സന്തപ്ത കുടുംബത്തിൽ ഭാര്യയെ കൂടാതെ രണ്ടു ആൺമക്കളും ഒരു മകളുമുണ്ട്. ജമാഅത്തുമായി വളരെ അടിയുറച്ച ബന്ധമായിരുന്നു. ഇദ്ദേഹം താമസിച്ച സ്ഥലങ്ങളിലെല്ലാം വിവിധ രീതിയിൽ ജമാഅത്തി സേവനത്തിലും നിരതനായിരുന്നു. ഖുദ്ദാമുൽ അഹ്മദിയ്യായിൽ മുഹ്തമിം എന്ന നിലയിൽ പ്രവർത്തിച്ചിട്ടുണ്ട്. 20 വർഷത്തിൽ അധികമായി ബ്രിട്ടൺ ജമാഅത്തിൽ നാഷണൽ ഇശാഅത്ത് സെക്രട്ടറിയായി സേവനം ചെയ്യാൻ തൗഫീഖ് ലഭിച്ചിട്ടുണ്ട്. വിജ്ഞാന കുതുകിയായിരുന്നു. സൽമാൻ റുശ്ദി നബി(സ)തിരുമേനിയെ അധിക്ഷേപിച്ചുകൊണ്ട് ഗ്രന്ഥം എഴുതിയപ്പോൾ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്)ന്റെ നിർദേശവും മാർഗ ദർശനവുമനുസരിച്ച് അതിനു മറുപടി നൽകിക്കൊണ്ട് ഗ്രന്ഥമെഴുതാൻ ഇദ്ദേഹത്തിന് തൗഫീഖ് ലഭിച്ചിട്ടുണ്ട്. നമസ്കാരം കൃത്യനിഷ്ഠയോടെ അനുഷ്ഠിച്ചിരുന്നു. ഞങ്ങൾ ഇവിടെ ഷിഫ്റ്റു ചെയ്തപ്പോൾ ഇവിടെ വന്ന് നമസ്കരിക്കാമല്ലോ എന്നുദ്ദേശ്യത്തോടെ ഞങ്ങളുടെ താമസസൗകര്യവും ഇസ്ലാമാബാദിനടുത്ത് ചെയ്തു. നബി(സ)തിരുമേനിയോടും ഹദ്റത്ത് മസീഹുമൗഊദിനോടും(അ)അതിരറ്റ സ്നേഹബന്ധമായിരുന്നു. വിശുദ്ധ ഖുർആൻ പതിവായി ഓതിയിരുന്നു. അദ്ദേഹത്തിന് തബലീഗിലും വലിയ താൽപര്യമുണ്ടായിരുന്നു. അതുപോലെ ചന്ദ നല്കുന്ന കാര്യത്തിലും കൃത്യനിഷ്ഠ ഉണ്ടായിരുന്നു. എല്ലാവരോടും സ്നേഹത്തോടെ പെരുമാറുകയും നല്ല രീതിയിൽ സംസാരിക്കുകയും ചെയ്യുമായിരുന്നു. ഖിലാഫത്തുമായി ആഴത്തിലുള്ളതും ആത്മാർഥവുമായ ബന്ധമായിരുന്നു. ഒരിക്കൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) അദ്ദേഹത്തെ കുറിച്ച് ഇങ്ങനെ പറഞ്ഞു: അർശദ് അഹ്മദീ സാഹിബിനെ ഞാനെപ്പോഴും എത്രമാത്രം അനുസരണമുള്ളയാളായി കണ്ടു വെന്നാൽ അത്തരം മാതൃകകൾ വളരെ അപൂർവമായേ കാണപ്പെടുകയുള്ളു. ഞാൻ എന്തുപറഞ്ഞാലും ഉടൻതന്നെ അംഗീകരിക്കുകയും ചെയ്തിരുന്നു. ഈ കാരണംകൊണ്ട് അദ്ദേഹത്തെയും അദ്ദേഹത്തിന്റെ കുടുംബത്തെയും ഞാൻ വളരെയധികം വിലമതിക്കുന്നു. വാസ്തവത്തിൽ ഖിലാഫത്തിനോടുള്ള അനുസരണം അദ്ദേഹം നിലനിറുത്തുകയുണ്ടായി. ഞാനും അദ്ദേഹത്തെ വിനയനും ഖിലാഫത്തിനെ അനുസരിക്കുന്ന ആളുമായിട്ടാണ് കണ്ടിട്ടുള്ളത്. ജമാഅത്തിന്റെ അന്തസ്സിന് എപ്പോഴും മുൻഗണന നൽകിയിരുന്നു. അല്ലാഹു അദ്ദേഹത്തോടു കരുണയോടും പൊറുമയോടുംകൂടി വർത്തിക്കുമാറാകട്ടെ. അദ്ദേഹത്തിന്റെ മക്കൾക്കും അദ്ദേഹത്തിന്റെ നന്മകൾ തുടർന്നുകൊണ്ടുപോകാൻ സൗഭാഗ്യം നൽകുമാറാകട്ടെ. അദ്ദേഹത്തിന്റെ ഒരു മകൻ ജീവിതം വഖ്ഫുചെയ്ത ആളുമാണ്.

അടുത്ത അനുസ്മരണം അഹ്മദ് ജമാൽ സാഹിബിന്റേതാണ്. ഈ ജനാസ ഗായിബാണ്. ഇദ്ദേഹം ആഫ്രിക്കൻ-അമേരിക്കൻ വംശജനാണ്. അമേരിക്കയിലാണ് താമസിച്ചിരുന്നത്. കഴിഞ്ഞ ദിവസം 92-ാ മത്തെ വയസ്സിൽ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. 1930-ലാണ് ജനിച്ചത്. 1951-ൽ ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)ന്റെ കൈയിൽ ബയ്അത്ത് ചെയ്തു. 1950-60 കാലഘട്ടത്തിൽ അദ്ദേഹത്തിന് ചിക്കാഗോയിലെ മസ്ജിദ് നിർമിക്കുന്നതിന് സാമ്പത്തിക ത്യാഗം ചെയ്യാൻ തൗഫീഖ് ലഭിച്ചിട്ടുണ്ട്. വളരെ വിനയനും എല്ലാവരുമായും നല്ലരീതിയിൽ ഇടപഴകുന്ന വ്യക്തിത്വവുമായിരുന്നു. ജമാഅത്തിനോടും ഖിലാഫത്തിനോടും അഗാധമായ സ്നേഹവും ബന്ധവുമുണ്ടായിരുന്നു. എം.ടി.എ. കാണുന്നതിന് ആദ്യം തന്റെ വീട്ടിൽ ഡിഷ് ആന്റിന സ്ഥാപിക്കുകയും പിന്നീട് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുകയുമുണ്ടായി. കൃത്യമായി എന്റെ ഖുത്ബകൾ കേൾക്കുമായിരുന്നു. അദ്ദേഹത്തെ കാണാൻ വരുന്നവരോട് ഖുത്ബയെ കുറിച്ച് സംസാരിക്കുമായിരുന്നു. അദ്ദേഹം ഖുത്ബ കേൾക്കുക മാത്രമല്ല ചെയ്തിരുന്നത്, മറിച്ച് നോട്സെടുത്ത് അതിനെക്കുറിച്ച് സംസാരിക്കുകയും ചെയ്യുമായിരുന്നു. മസ്ജിദിൽനിന്ന് 90 മൈൽ അകലെയാണ് പരേതൻ താമസിച്ചിരുന്നത്. എന്നിട്ടും തന്റെ പ്രായവും ആരോഗ്യവും കണക്കാക്കാതെ കൃത്യമായി ജുമുഅ നമസ്കാരത്തിന് വന്നിരുന്നു. ചന്ദകൾ കൃത്യമായി കൊടുത്തിരുന്നു. ഒരിക്കലും അദ്ദേഹത്തെ ഓർമപ്പെടുത്തേണ്ടി വന്നിട്ടില്ല. മറ്റു സാമ്പത്തിക പദ്ധതികളിലും ആവേശപൂർവ്വം ഭാഗഭാക്കായിട്ടുണ്ടായിരുന്നു. അദ്ദേഹത്തിന് ഒരു മകളുണ്ട്. പക്ഷേ, ജമാഅത്തുമായി ബന്ധമില്ല. അല്ലാഹു അദ്ദേഹത്തോടു കരുണയോടും പൊറുമയോടുംകൂടി പെരുമാറട്ടെ. മകളുടെ കാര്യത്തിൽ അദ്ദേഹത്തിന്റെ ദുആകൾ സ്വീകരിക്കുകയും അവർക്ക് ജമാഅത്ത് സ്വീകരിക്കാൻ തൗഫീഖ് ലഭിക്കുകയും ചെയ്യുമാറാകട്ടെ.

ഒരു ഹാജർ ജനാസയും രണ്ടു ഗായിബ് ജനാസയുമാണുള്ളത്. ജുമഅക്കുശേഷം ഞാൻ ഈ ജനാസകൾ നമസ്കരിക്കുന്നതാണ്.(വിവർത്തനം: എച്.ശംസുദ്ദീൻ കാവശേരി, ഡി.റ്റി.പി: പി. വസീം അഹ്മദ് ചേലക്കര)

---

**• അമീറുൽ മുഅ്മിനീന്റെ ഉപദേശം: •**

**അല്ലാഹുവിനുവേണ്ടി പസ്പരമുള്ള ബന്ധങ്ങളിൽ സ്നേഹത്തോടും മൃദുലതയോടും പെരുമാറുന്നവർ ആണ് യഥാർഥ തഖ്വയിൽ നിലകൊള്ളുന്നവർ. (ജുമുഅ ഖുത്ബ 4-10-2019)**

**• അമീറുൽ മുഅ്മിനീന്റെ ഉപദേശം: •**

**ദൈവം വൻനിധിയാകുന്നു. അവനെ പ്രാപിക്കാൻ, നിർഭാഗ്യങ്ങളെ നേരിടാൻ നിങ്ങൾ തയ്യാറാകണം.(ഇസാലെ ഔഹാം പേ.445)**


ത്വാലിബെ ദുആ:
NEWTECH. INTERNATIONAL(P)LTD, SRINGILS & GLASS WORK ,ERNAKULAM. CONT: 79025 95215


ത്വാലിബെ ദുആ: BYZANTINE BUILDERS
CONSTRUCT ANY WHERE IN KERALA
CONT: 80752 22792

# സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസി(അയ്യദഹുല്ലാഹ്)ന്റെ ജർമൻ പര്യടനം(ആഗസ്റ്റ്-സെപ്റ്റംബർ 2023)

നാലു വർഷത്തെ ഇടവേളയ്ക്കുശേഷം സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസി(അയ്യദഹുല്ലാഹ്)ന്റെ അനുഗൃഹീതമായ ജർമനി പര്യടനത്തിന് തുടക്കം.

**ജർമനിയിലെ ബയ്ത്തുസ്സുബൂഹിൽ ജമാഅത്തംഗങ്ങളുടെ ഊഷ്മളമായ വരവേൽപ്പ്**

റിപ്പോർട്ട്: അബ്ദുൽമാജിദ് ത്വാഹിർ സാഹിബ്, അഡീഷണൽ വക്കീലുത്തബ്ശീർ ലണ്ടൻ, യു.കെ

2023 ആഗസ്റ്റ് 27, ഞായറാഴ്ച. ഇസ്‌ലാമാബാദിൽ(യു.കെ)നിന്ന് നിർഗമം

ഇന്ന് ജർമനിയിലേക്ക് യാത്രപുറപ്പെടേണ്ട ദിവസമായിരുന്നു. ഇതിനുമുമ്പേ ഹുദൂർ 2019-ൽ ആയിരുന്നു ജർമനിയിൽ പര്യടനം നടത്തിയത്. പിന്നീട് കോവിഡ് മഹാമാരി കാരണത്താൽ കഴിഞ്ഞ വർഷങ്ങളിൽ ജർമനിയിലും യൂറോപ്പിലെ മറ്റൊരു രാജ്യത്തും പര്യടനം നടത്താൻ കഴിഞ്ഞില്ല. ഇപ്പോൾ നാലു വർഷത്തെ ഇടവേളയ്ക്കുശേഷം ഹുദൂർഅൻവർ ജർമനിയിലേക്ക് യാത്രപോകുകയായിരുന്നു.

പരിപാടിയനുസരിച്ച് രാവിലെ 10.5 ന് ഹുദൂർ താമസസ്ഥലത്തുനിന്ന് പുറത്തുവന്നു. ഹുദൂറിനെ യാത്ര അയക്കുന്നതിന് രാവിലെ മുതൽത്തന്നെ സ്ത്രീകളും പുരുഷന്മാരും അടങ്ങുന്ന ജമാഅത്തംഗങ്ങൾ വൻതോതിൽ ഹുദൂറിന്റെ താമസസ്ഥലത്തിന് പുറത്തുള്ള അങ്കണത്തിൽ സംഘടിച്ചിരുന്നു. ഹുദൂർ വെളിയിൽ വന്നപ്പോൾ എല്ലാവരും തങ്ങളുടെ പ്രിയപ്പെട്ട നേതാവിനെ ദർശിച്ച് സംതൃപ്തരായി.

ഹുദൂർ കൂട്ടപ്രാർഥനയ്ക്ക് നേതൃത്വം നല്കി. അതിനുശേഷം ഇസ്‌ലാമാബാദിൽ(ടിൽഫോർഡ്)നിന്ന് അഞ്ചുവാഹനങ്ങളടങ്ങുന്ന ഖാഫില(യാത്രാസംഘം) ബ്രിട്ടണിലെ ഒരു തീരദേശ നഗരമായ ഡോവറിലേക്ക് പുറപ്പെട്ടു. ബ്രിട്ടണിലെ പ്രശസ്തമായൊരു തുറമുഖമാണ് ഡോവർ. ലണ്ടനിലും അതിനു ചുറ്റുവട്ടത്തുള്ള പ്രദേശങ്ങളിലും വസിക്കുന്ന ആളുകൾ യൂറോപ്പിലേക്ക് കടത്തുകടവു മുഖേന യാത്ര നടത്തുന്നത് ഈ തുറമുഖത്തുനിന്നാണ്. ഡോവർ പട്ടണത്തിൽനിന്ന് പതിനൊന്നു മൈൽ മുമ്പേ ഫോൽക്സ്റ്റോൺ പ്രദേശത്ത് പ്രസിദ്ധമായ ചാനൽ ടണലുണ്ട്. അത് ബ്രിട്ടന്റേയും ഫ്രാൻസിന്റേയും തീരപ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നു. ഈ തുരങ്കത്തിലൂടെ കാറുകളും മറ്റു വലിയവാഹനങ്ങളും ട്രൈൻ മുഖേന ഫ്രാൻസിന്റെ തീരപ്രദേശ നഗരമായ ക്ലൈസുവരെ എത്തുന്നു. ഇന്ന് ഇതേ തുരങ്കത്തിലൂടെയായിരുന്നു യാത്രാപരിപാടി.

ഇസ്‌ലാമാബാദിൽനിന്ന്(ടിൽഫോർഡ്)റഫീഖ് അഹ്മദ് ഹയാത്ത് സാഹിബ്(അമീർ ജമാഅത്ത് അഹ്മദിയ്യ യു.കെ)ഡോക്ടർ ശബീർ അഹ്മദ് ഭട്ടി സാഹിബ്(നാഇബ് അമീർ യു.കെ), സ്വദ്ർ സാഹിബ് മജ്‌ലിസ് അൻസ്വാറുല്ലാഹ് ഡോക്ടർ ഇഅ്ജാസുർറഹ്മാൻ, റീജ്യണൽ അമീർ അത്വാഉൽ ഖുദ്ദൂസ് സാഹിബ്, പ്രിൻസിപ്പാൾ ജാമിഅ അഹ്മദിയ്യ യു.കെ നാസിർ ഇനാം സാഹിബ്, അഖ്‌ലാഖ് അഹ്മദ് അഞ്ചും സാഹിബ് (വക്കാലത്ത് തബ്ശീർ), യു.കെ.യിലെ തന്റെ ഖുദ്ദാമിന്റെ സെക്യൂരിറ്റി ടീമിനോടൊപ്പം സ്വദ്ർ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ യു.കെ. അബ്ദുൽഖുദ്ദൂസ് ആരിഫ് സാഹിബ് തുടങ്ങിയവർ ഹുദൂറിനെ യാത്ര അയക്കാൻ ചാനൽ ടണൽവരെ ഖാഫിലയോടൊപ്പം വന്നിരുന്നു.

ഏകദേശം ഒരു മണിക്കൂർ നാൽപതുമിനുറ്റ് യാത്രയ്ക്കുശേഷം 11.45 ന് ഖാഫില ചാനൽ ടണലിലെത്തി. ഇസ്‌ലാമാബാദിൽനിന്ന് ഹുദൂറിന്റെകൂടെ വന്നവർ തങ്ങളുടെ നേതാവിനെ യാത്ര അയച്ചു.

അതിനുശേഷം എമിഗ്രേഷനും മറ്റു യാത്രാപരമായ നടപടികളും കഴിഞ്ഞ് കുറച്ചുനേരം ഹുദൂർ സ്പെഷ്യൽ ലോഞ്ചിൽ വിശ്രമിച്ചു.

ഏകദേശേ 1.5 ന് ഖാഫിലയുടെ വാഹനങ്ങൾ ട്രൈനിൽ കയറ്റപ്പെട്ടു. ട്രൈൻ 1.25 ന് 140 കിലോമീറ്റർ വേഗത്തിൽ ഫ്രാൻസിലെ തീരദേശ നഗരമായ ക്ലൈസിനെ ലക്ഷ്യമാക്കി പുറപ്പെട്ടു. ഈ തുരങ്കത്തിന്റെ നീളം 31 മൈലാണ്. ഇതിൽ 24 മൈൽ സമുദ്രത്തിന്റെ താഴത്തൂടെയാണ് പോകുന്നത്. ഈ തുരങ്കത്തിന്റെ ഏറ്റവും ആഴമുള്ള ഭാഗം സമുദ്രത്തിന്റെ അടിത്തട്ടിൽനിന്ന് 75 മീറ്റർ അതായത് 250 അടി താഴെയാണ്. ഇതുവരെ സമുദ്രത്തിന്റെ താഴത്തൂടെ നിർമിക്കപ്പെട്ടിട്ടുള്ള തുരങ്കങ്ങളിൽ ഇതു ലോകത്തെ ഏറ്റവും വലുതും നീളമുള്ളതുമായ തുരങ്കമാണ്. ഏകദേശം 35 മിനുറ്റ് യാത്രയ്ക്കുശേഷം ഫ്രാൻസിന്റെ തദ്ദേശ സമയമനുസരിച്ച് ഉച്ചയ്ക്ക് 3 മണിക്ക് ഫ്രാൻസിലെ നഗരമായ ക്ലൈസിലെത്തി. ഫ്രാൻസിന്റെ സമയം ലണ്ടൻ സമയത്തെക്കാൾ ഒരു മണിക്കൂർ മുന്നിലാണ്. ട്രൈൻ നിന്നതിനുശേഷം ഏകദേശം മുന്നു മിനുറ്റുകൊണ്ട് ട്രൈനിൽനിന്ന് വാഹനങ്ങൾ പുറത്തുവന്നു. റോഡുവഴിയുള്ള യാത്ര തുടങ്ങി. മുമ്പേ തയ്യാറാക്കിയ പരിപാടിയനുസരിച്ച് ഇവിടെനിന്ന് കുറച്ചു കിലോ മീറ്റർ അകലെയുള്ള പെട്രോൾ പമ്പിലെ പാർക്കിംഗ് ഏരിയായിൽ ജർമനി ജമാഅത്തിൽനിന്ന് വരുന്ന സംഘം ഹുദൂറിനെ സ്വീകരിക്കേണ്ടതുണ്ടായിരുന്നു. ഖാഫില ആ സ്ഥലത്തിന്റെ അടുത്തെത്തിയപ്പോൾ നിറുത്താതെ യാത്ര തുടർന്നു.ജർമനിയിൽനിന്നുവന്ന വണ്ടികളിൽ ഒരെണ്ണം ഖാഫിലയ്ക്ക് അകമ്പടി സേവിച്ചു. ക്ലൈസിൽനിന്ന് ഏകദേശം 55 കിലോമീറ്റർ യാത്രയ്ക്കുശേഷം ഫ്രാൻസിന്റെ അതിർത്തി ക്രോസ് ചെയ്ത് ബൽജിയമിന്റെ അതിർത്തിയിൽ പ്രവേശിച്ചു. വീണ്ടും 53 കിലോമീറ്റർ യാത്രക്കുശേഷം റോഡുവഴിയിൽത്തന്നെ ബ്രുഗ്ഗെ പ്രദേശത്തുള്ള ഒരു ഹോട്ടലിൽ ളുഹ്റും അസ്റും ജംആക്കി നമസ്കരിച്ചു. അവിടെ ഉച്ചഭക്ഷണത്തിനുള്ള ഏർപാടു ജർമനി ജമാഅത്ത് ചെയ്തിട്ടുണ്ടായിരുന്നു.

4 മണിക്ക് ഇവിടെയെത്തി. ഹുദൂർ അയ്യദഹുല്ലാഹ് വാഹനത്തിൽനിന്നിറങ്ങിയപ്പോൾ അമീർ സാഹിബ് ജർമനി അബ്ദുല്ലാഹ് വാഗസ് ബൗസർ സാഹിബ് തന്റെ പ്രിയപ്പെട്ട നേതാവിനെ അഹ്‌ലൻ വ്വ സഹ്‌ലൻ വ്വ മർഹബ പറഞ്ഞുകൊണ്ട് സ്വാഗതം ചെയ്തു.

ജർമനിയിൽനിന്ന് ഹുദൂറിനെ വരവേൽക്കാനും ഇവിടുത്തെ എല്ലാ ഒരുക്കങ്ങളും ചെയ്യാനുമുള്ള സംഘത്തിൽ അമീർ സാഹിബിനു പുറമെ മുബല്ലിഗ് ഇൻചാർജ് ജർമനി സ്വദാഖത്ത് അഹ്മദ് സാഹിബ്, നാഷണൽ ജനറൽ സെക്രട്ടറി ജരിയുല്ലാഹ് സാഹിബ്, സ്വദ്ർ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ ജർമനിത്വാരിഖ് സഫർ സാഹിബ്, ഡോക്ടർ അത്വ്ഹർ സുബയ്ർ സാഹിബ്, അബ്ദുല്ലാഹ് സപ്റാഅ് സാഹിബ്, ഇൻചാർജ് സാഹിബ് സെക്യൂരിറ്റി തന്റെ ഖുദ്ദാം ടീമിനോടൊപ്പവും തങ്ങളുടെ നേതാവിനെ സ്വാഗതം ചെയ്യാൻ അവിടെ ഉണ്ടായിരുന്നു.

ളുഹ്ർ-അസ്ർ നമസ്കാരത്തിന് ഹോട്ടലിന്റെ മറ്റൊരു ഹാളിൽ ഏർപാടാക്കിയിരുന്നു. ഹുദൂർ അയ്യദഹുല്ലാഹ് ളുഹർ-അസ്ർ ജംആക്കി നമസ്കരിപ്പിച്ചു. നമസ്കാരത്തിനും ഉച്ചഭക്ഷണത്തിനും ശേഷം ഇവിടെനിന്ന് ഫ്രാങ്ക്ഫർട്ടിലേക്കുള്ള പ്രോഗ്രാമായിരുന്നു. പുറപ്പെടുന്നതിനുമുമ്പേ ഹുദൂർ അയ്യദഹുല്ലാഹ് കുറച്ചു സമയം ജർമനി അമീർ സാഹിബിനോടു വിവിധ കാര്യങ്ങളെ സംബന്ധിച്ച് സംസാരിച്ചു. അതിനുശേഷം അഞ്ചരമണിക്ക് ഇവിടെനിന്ന് ഫ്രാങ്ക്ഫർട്ടിലേക്ക്(ജർമനി)യാത്ര പുറപ്പെട്ടു. വഴിയിൽ ആഖൻ എന്ന സ്ഥലത്ത് ബൽജിയമിന്റെ അതിർത്തി ക്രോസ് ചെയ്ത് ജർമനിയിൽ പ്രവേശിച്ചു. വീണ്ടും കുറച്ചു യാത്രയ്ക്കുശേഷം ഏകദേശം ഏഴേകാൽ മണിക്ക് ഇവിടുത്തെ ഒരു റെസ്റ്റോറന്റിലെ പാർക്കിംഗ് ഏരിയായിൽ കുറച്ചുസമയം തങ്ങി. പിന്നീട് ഫ്രാങ്ക്ഫർട്ടിലേക്ക് യാത്ര തുടർന്നു.ഇപ്രകാരം ക്ലൈസിൽനിന്ന് ഫ്രാങ്ക്ഫർട്ടുവരെ 600 കിലോമീറ്റർ യാത്രയ്ക്കുശേഷം രാത്രി പത്തരമണിക്ക് ഹുദൂർ അയ്യദഹുല്ലാഹ് ജർമനിയുടെ കേന്ദ്രമായ ബയ്ത്തുസ്സുബൂഹിലെത്തിച്ചേരുകയുണ്ടായി.

ബയ്ത്തുസ്സുബൂഹിൽ(ജർമനി)ഗംഭീര വരവേൽപ്പ്: ബയ്ത്തുസ്സുബൂഹ് കേന്ദ്രത്തെ കൊടിതോരണങ്ങളും പലതരത്തിലുള്ള ബാനറുകളും അലങ്കാരബൾബുകളും കൊണ്ട് അലങ്കരിച്ചിരുന്നു. ബയ്ത്തുസ്സുബൂഹിലെത്തിയതിനുശേഷം ഹുദൂർ വാഹനത്തിൽനിന്ന് പുറത്തിറങ്ങിയതും ഫ്രാങ്ക്ഫർട്ട് നഗരത്തിൽനിന്നും അതിനു ചുറ്റുവട്ടത്തുള്ള ജമാഅത്തുകളിൽനിന്നും ജർമനിയിലെ വിവിധ നഗരങ്ങളിൽനിന്നും വന്നിരുന്ന പുരുഷന്മാരും സ്ത്രീകളും കുട്ടികളുമെല്ലാം അടങ്ങുന്ന ജമാഅത്തംഗങ്ങൾ ഹുദൂറിന് വമ്പിച്ച സ്വീകരണമാണ് നല്കിയത്. വിശ്വാസബന്ധങ്ങളും അതിരറ്റ സ്നേഹവുംകൊണ്ട് നാലുഭാഗത്തുനിന്നും കൈകളുയർത്തി ഹുദൂറിനെ വരവേൽക്കുകയായിരുന്നു അവർ. അഹ്‌ലൻ വ്വ സഹ്‌ലൻ വ്വ മർഹബയുടെ മാധുര്യമേറിയ ശബ്ദം ആകാശത്തിന്റെ അനന്തതയിലേക്ക് ഉയർന്നുകൊണ്ടിരുന്നു. ഒരു

**• അല്ലാഹുവിന്റെ കലാം: •**

നീ ആദ്യമായി നിന്റെ അടുത്ത ബന്ധുക്കൾക്ക് മുന്നറിയിപ്പു നല്കുക. നിന്നെ പിന്തുടർന്ന സത്യവിശ്വാസികൾക്ക് നിന്റെ സ്നേഹത്തിന്റെ ചിറകു താഴ്ത്തിക്കൊടുക്കുക.(വിശുദ്ധ ഖുർആൻ 26:215 – 216)



tectona
feels more confidence
All Types Of Quality Furniture
ത്വാലിബെ ദുആ: Prop.M. SHAFIQ(8075212141),M.MUSTAFA (9188768150),M.MUNEER(9946871947) KARULAI, MALAPPURAM

THE WEEKLY
AL HAKAM
www.alhakam.org

ഭാഗത്ത് പുരുഷന്മാർ ആവേശോജ്ജ്വലമായ നിലയിൽ മുദ്രാവാക്യങ്ങൾ മുഴക്കിക്കൊണ്ട് തങ്ങളുടെ പ്രിയപ്പെട്ട ഇമാമിനെ വരവേൽക്കുമ്പോൾ മറുഭാഗത്ത് സ്ത്രീകൾ ദർശനസൗഭാഗ്യത്താൽ അനുഗൃഹീതരാകുകയായിരുന്നു. ആൺകുട്ടികളും പെൺകുട്ടികളും മനോഹരമായ വസ്ത്രങ്ങളണിഞ്ഞ് വിവിധ സംഘങ്ങളായിനിന്ന് സ്വാഗതഗീതങ്ങൾ പാടുന്നുണ്ടായിരുന്നു.

തദ്ദേശ അമീർ ഖ്വാജ മുബശ്ശിർ അഹ്മദ് സാഹിബ്, മുബല്ലിഗ് ഹയ്ദർ അലി ള്വഫ്ർ സാഹിബ്, ഫ്രാങ്ക്ഫർട്ട് മുബല്ലിഗ് മുബശ്ശിർ അഹ്മദ് ബട്ട് സാഹിബ് തുടങ്ങിയവർ ഹുദൂറിനെ സ്വാഗതം ചെയ്തു.

തങ്ങളുടെ പ്രിയപ്പെട്ട നേതാവിനെ സ്വാഗതം ചെയ്ത് ഈ അംഗങ്ങൾ ഫ്രാങ്ക്ഫർട്ട് നഗരത്തിന്റെ വിവിധ പ്രദേശങ്ങളിൽനിന്ന് വന്നവർക്കു പുറമെ താഴെ പറയുന്ന നഗരങ്ങളിൽനിന്നും ജമാഅത്തുകളിൽനിന്നും വന്നവരുമായിരുന്നു.

| | |
|---|---|
| ഹംബർഗ് | വേയ്സ്ബാദൻ |
| മ്യൂൻഖ് | ഗ്രോസ് ഗേരാവ് |
| കോബ്ലൻസ് | ഡേയ്സൻബക് |
| കാൽവ് | മോർഫെൽഡൻട |
| റീഡ്സ്റ്റാഡ്റ്റ് | ഫ്രഡ്ബർഗ് |
| ഡസ്റ്റാഡ്റ്റ് | വാൾഡ്ഷോട്ട് |
| ഒഫ്ഫൻ ബക് | ലിംബർഗ് |
| ഹന്നോവർ | മെയൻസ് |
| റസ്സൽഷെയിം | ഡ്രസ്ഡർറൗൺഹെയിം |
| ഫുൽഡ | |
| ഓഗസ്ബർഗ് | ചെംനിട്സ് |
| ബെൻഷെയിം | ഡോർട്ട് മർഡ് |
| ഡൽമെർ ഹോസ്റ്റ് | കീൽ |
| ഒബെറൂർസൽ | ലീപീഗ് |

തങ്ങളുടെ പ്രിയപ്പെട്ട നേതാവിനെ സ്വാഗതം ചെയ്യാനെത്തിയവരിൽ ചിലയാളുകളും കുടുംബങ്ങളും വളരെ ദീർഘമായ യാത്രകൾ ചെയ്താണ് ബയ്ത്തുസ്സുബൂഹിലെത്തിയിരുന്നത്. കാൽവിൽ നിന്നു വന്നവർ 200 കിലോമീറ്ററും ഓഗസ്സ്ബർഗിൽ നിന്നു വന്നവർ 206 കിലോമീറ്ററും ഹന്നോവറിൽ നിന്നുവന്നവർ 347 കിലോ മീറ്ററും മ്യൂൻഖിൽ നിന്നും ലീപീഗിൽനിന്നും വാൾഡ്ഷോട്ടിൽനിന്നും ചെംനിട്സിൽനിന്നും വന്നവർ 400 കിലോമീറ്ററും ഡൽമെർ ഹോസ്റ്റിൽനിന്നുവന്നവർ 430 കിലോമീറ്ററും ഡ്രസ്ഡറിൽനിന്നു വന്നവർ 450 കിലോമീറ്ററും ഹംബർഗിൽനിന്നുവന്നവർ 500 കിലോമീറ്ററും കീലിൽനിന്നുവന്നവർ 600 കിലോമീറ്ററും ദീർഘയാത്ര ചെയ്താണ് തങ്ങളുടെ പ്രിയപ്പെട്ട ഇമാമിന്റെ ദർശനത്തിനെത്തിയിരുന്നത്. ജൽസസാലാനയിൽ പങ്കെടുക്കാൻ വിദേശ രാജ്യങ്ങളിൽനിന്ന് അതിഥികളുടേയും സംഘങ്ങളുടേയും വരവ് തുടർന്നുകൊണ്ടിരിക്കുകയാണ്. ഇതുവരെ പാക്കിസ്താൻ, അർജന്റീന, ഇന്ത്യാ. പോളണ്ട്, ഇറാൻ, ആദർബയ്ജാൻ, ഖസാഖിസ്താൻ, സർബിയ, നൈജീരിയ, ഘാന, മാലി, ക്രോഷ്യാ, ടോഗോ ബുർക്കിനാ ഫാസോ, മസിഡോണിയ തുടങ്ങിയ രാജ്യങ്ങളിൽനിന്നു വന്ന സംഘങ്ങളും ആളുകളും ഹുദൂറിനെ സ്വീകരിക്കാനെത്തിയവരിലുണ്ടായിരുന്നു.

സ്വീകരിക്കാനെത്തിയവരുടെ മൊത്തത്തിലുള്ള എണ്ണം നാലായിരത്തിലധികമായിരുന്നു. ഹുദൂർ അയ്യദഹുല്ലാഹ് കൈളുയർത്തി എല്ലാവർക്കും അസ്സലാമുഅലയ്ക്കും പറഞ്ഞു. ഇരുവശത്തുമായി നിന്നിരുന്ന പ്രേമഭാജനങ്ങൾക്കിടയിലൂടെ നടന്ന് താമസസ്ഥലത്തേക്കുപോയി.

10.55 ന് ഹുദൂർ ആഗതരായി മഗ്‌രിബ്-ഇശാ നമസ്കാരം ജംആക്കി നമസ്കരിപ്പിച്ചു. നമസ്കാരത്തിനുശേഷം ഹുദൂർ താമസസ്ഥലത്തേക്ക് മടങ്ങി.

ഹുദൂർ അയ്യദഹുല്ലായെ സ്വീകരിക്കുന്നതിനുവേണ്ടി ജർമനിയിലെ വിവിധ ജമാഅത്തുകളിൽനിന്നും വിദേശരാജ്യങ്ങളിൽനിന്നും വന്ന എല്ലാവരും തങ്ങളുടെ പ്രിയപ്പെട്ട ഇമാമിനെ പിന്തുടർന്നുകൊണ്ട് മഗ്‌രിബ്-ഇശാ നമസ്കരിക്കാനുള്ള സൗഭാഗ്യം കരസ്ഥമാക്കി. അവരിൽ ഒരു വലിയ വിഭാഗം കഴിഞ്ഞ മൂന്നുനാലു വർഷത്തിനുള്ളിൽ ഏതൊക്കെയോ മാർഗേണ പാക്കിസ്താനിൽനിന്ന് ഇവിടെ എത്തിയ ഭാഗ്യവാന്മാരായ സ്നേഹിതന്മാരുടേയും യുവാക്കളുടേതുമായിരുന്നു. അവരുടെ ജീവിതത്തിൽ തങ്ങളുടെ പ്രിയങ്കരനായ ഇമാമിനെ പിന്തുടർന്ന് നമസ്കരിക്കുന്നത് ആദ്യമായിരുന്നു. അവരുടെ വികാരങ്ങളുടെ അവസ്ഥ വിവരണാതീതമാണ്. ഇവരെല്ലാവരും ഈ ഭാഗ്യം കിട്ടിയതിൽ അതീവസന്തുഷ്ടരായിരുന്നു. അങ്ങേയറ്റം മംഗളകരവും അനുഗൃഹീതവുമായ നിമിഷങ്ങളിൽനിന്ന് സഹായം നേടുകയായിരുന്നു. അത് അവരുടെ ജീവിതത്തിൽ ആദ്യതവണ വന്നതായിരുന്നു. ദാഹികളായ ആ ആത്മാക്കളുടെ ദാഹം അകറ്റുകയായിരുന്നു. തങ്ങളുടെ പ്രിയപ്പെട്ട നേതാവിനെ

**(ശേഷം പേജ് 12ൽ)**

**അനുസ്മരണം**

## ആപ്പാജാനും കേരള ലജ്നയും

**ബി. ത്വാഹിറ**

**മുൻ സ്വൂബാഇ ലജ്ന സ്വദ്ർ**

ആപ്പാജാന്റെ വേർപാട് കേരളത്തിലെ ലജ്ന ഇമാഇല്ലാഹ് അംഗങ്ങളെ പ്രത്യേകിച്ചും ഔദ്യോഗികസ്ഥാനങ്ങൾ വഹിച്ചിരുന്നവരേയും ഇപ്പോൾ വഹിച്ചുകൊണ്ടിരിക്കുന്നവരേയും ദുഃഖത്തിലാഴ്ത്തുന്നതാണ്. കാരണം അത്തരമൊരു ബന്ധമാണ് ആപ്പാജാനുമായി കേരളത്തിലെ ലജ്ന ഇമാഇല്ലാഹ് അംഗങ്ങൾക്കുണ്ടായിരുന്നത്.

എനിക്ക് ആപ്പാജാന്റെ കീഴിൽ മഖാമിസ്വദ്ർ, ജില്ല സ്വദ്ർ, സൂബാഇ സ്വദ്ർ എന്നീ നിലകളിൽ ദീർഘകാലം സേവനം ചെയ്യാൻ തൗഫീഖു കിട്ടിയിട്ടുണ്ട്. ഏതാണ്ട് 65 വർഷത്തിലേറെ കാലത്തെ ബന്ധമായിരുന്നു.

ജമാഅത്തിന്റെ കാര്യങ്ങൾ അതാതുസമയത്തു ചെയ്യുകയും അതിന്റെ റിപ്പോർട്ടു മർക്കസിലേക്ക് അയക്കുകയും ചെയ്യുന്നവരെ ആപ്പാജാൻ എപ്പോഴും പരിഗണിക്കുകയും അവരെ പ്രശംസിക്കുകയും ചെയ്യുമായിരുന്നു. ഇത് പ്രവർത്തകരിൽ പ്രത്യേകമായൊരു ഉണർവ് ഉണ്ടാക്കുമായിരുന്നു. മിയാൻ സാഹിബ് ജമാഅത്തു പ്രവർത്തനവുമായി ബന്ധപ്പെട്ട് കേരളത്തിൽ വരുമ്പോൾ മിക്കപ്പോഴും ആപ്പാജാനും കൂടെ ഉണ്ടാകുമായിരുന്നു. അങ്ങനെ ആപ്പാ ജാൻ ഒരുപാട് പ്രാവശ്യം കേരളത്തിൽ വന്നിട്ടുണ്ട്. ജമാഅത്തിന്റെ മിക്ക സംസ്ഥാന സമ്മേളനങ്ങളിലും പങ്കെടുത്തിട്ടുണ്ട്. ആദ്യമൊക്കെ എപ്പോൾ വന്നാലും നാൽപതിലേറെ ജമാഅത്തുകളുള്ള കേരളത്തിലെ എല്ലാ ജമാഅത്തും സന്ദർശിക്കാനും അവിടുത്തെ ഓരോ ലജ്നയുമായി കാണാനും ഭാഷ അറിയില്ലെങ്കിലും അവർ പറയുന്നത് സസന്തോഷം കേൾക്കാനും ആപ്പാജാനിഷ്ടമായിരുന്നു.

കേരള ലജ്ന ഇമാഇല്ലാഹ് സൂബാഇ സ്വദാറത്ത് നിലവിൽ വന്നതിനുശേഷം ആദ്യ സംസ്ഥാന സമ്മേളനം ഉൽഘാടനം ചെയ്തത് ആപ്പാജാനായിരുന്നു.കേരളലജ്ന ഇമാഇല്ലായുടെ ആദ്യകൈയെഴുത്തുമാസിക പ്രകാശനം ചെയ്തതും ആപ്പാജാനായിരുന്നു. അത് ഇന്ന ത്രൈമാസികയായി പ്രസിദ്ധീകരിച്ചുവരുന്നു. അതിന്റെ പിന്നിലെല്ലാം ആപ്പാജാന്റെ പ്രോത്സാഹനമാണ് ഉണ്ടായിരുന്നത്.

ഒരിക്കൽ ഖാദിയാൻ ജൽസയുടെ അവസരത്തിൽ ആപ്പാജാന് സുഖമില്ലെന്നറിഞ്ഞതുകൊണ്ട് കേരളത്തിലെ ആദ്യത്തെ അഹ്മദി വനിത ഡോക്ടറായ മുബാറക്ക സാഹിബ ആപ്പാജാനെ ബുദ്ധിമുട്ടിക്കണ്ട എന്നു കരുതി കാണാതെ ഖാദിയാനിൽനിന്ന് മടങ്ങി. ഞാൻ ആപ്പാജാനെ കാണാൻ ചെന്നപ്പോൾ ഈ വിവരം പറഞ്ഞുടനെ ആപ്പാ ജാൻ ആകെ അസ്വസ്ഥയായി. എന്നോടു ചോദിച്ചു, അതെങ്ങനെയാ ഡോക്ടർ സാഹിബ എന്നെ കാണാതെ പോയത്. ഡോക്ടർ സാഹിബയെ കാണാത്തതിലുള്ള ആപ്പാജാന്റെ വിഷമം എന്നെയും വിഷമത്തിലാക്കി.

ഖാദിയാനിൽപോകുമ്പോഴൊക്കെ കേരള ലജ്ന ഇമാഇല്ലാഹ് അംഗങ്ങളെ പ്രത്യേകം അന്വേഷിക്കുമായിരുന്നു. മാശാ അല്ലാഹ് കേരളം പ്രവർത്തരംഗത്ത് വളരെ നല്ലനിലയിൽ മുന്നോട്ടു കുതിക്കുകയാണെന്ന് പറയുമായിരുന്നു.

ഇങ്ങനെ കോരളത്തിലെ ഓരോ പ്രവർത്തകരേയും നെഞ്ചോടു ചേർത്തുനിറുത്തിയായിരുന്നു ആപ്പാജാന്റെ പ്രവർത്തനം. അല്ലാഹു ആപ്പാജാന് ജന്നത്തുൽഫിർദൗസിൽ ഉന്നസ്ഥാനം നല്കുമാറാകട്ടെ.

### • ഹദീഥുന്നബ്‌വി(സ) •

**'അല്പമുള്ളതിന് നന്ദി കാണിക്കാത്തവൻ കൂടുതലുള്ളതിനും നന്ദി കാണിക്കുകയില്ല. മനുഷ്യരോടു നന്ദി കാണിക്കാത്തവൻ അല്ലാഹുവിനോടും നന്ദികാണിക്കുന്നില്ല.'(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ)**

**ത്വാലിബെ ദുആ:**
**Rahman Shakeer & Family**
**Ahmadiyya Jama-ath Karulai, Kerala**

### • കലാമുൽ ഇമാം: •

**"ഭൗതികമായ സമ്പത്തും ഭരണവും അസൂയാർഹമായ സ്ഥാനമല്ല. അസൂയാർഹമായ സ്ഥാനം ദുആ ആകുന്നു."(മൽഫൂദാത്ത് വാല്യം 1, പേജ് 220)**

**ത്വാലിബെ ദുആ:**
**C.K.Muhammad Shareef &Family**
**Ahmadiyya Jama-ath Vaniyambalam, Kerala**

# മുഹമ്മദുനബി(സ) പ്രബോധകനെന്ന നിലയിൽ

## ഹാഫിള് മുസഫ്ഫർ അഹ്മദ്

**ദൗസ് ഗോത്രത്തലവന്റെ ഇസ്‌ലാം സ്വീകരണം:**

(കഴിഞ്ഞലക്കം തുടർച്ച.....) രണ്ടാമത്തെ സ്മരണീയമായ സംഭവം ദൗസ് ഗോത്രത്തലവനായ ത്വുഫയ്ൽ ബിൻ അംറിന്റേതാണ്. ഇദ്ദേഹം നബി(സ)തിരുമേനിയുടെ നേരിട്ടുള്ള തബ്‌ലീഗിനുപകരം ഖുറയ്ശികളുടെ കഠിനമായ എതിർപ്പിന്റെ ഫലമായി ഇസ്‌ലാം സ്വീകരിക്കുന്നതിനുള്ള ഭാഗ്യം കരസ്ഥമാക്കി. ത്വുഫയ്ൽ ബിൻ അംറ് ഒരു ആദരണീയനായ വ്യക്തിയും ബുദ്ധിമാനായ കവിയുമായിരുന്നു. അദ്ദേഹം മക്കയിൽ വന്നപ്പോൾ ഖുറയ്ശിലെ ചിലയാളുകൾ അദ്ദേഹത്തോടു പറഞ്ഞു:'അങ്ങ് ഞങ്ങളുടെ പട്ടണത്തിൽ വന്നിരിക്കുകയാണ്. ആ വ്യക്തി(മുഹമ്മദ്)അത്ഭുതകരമായ കലഹമുണ്ടാക്കി വെച്ചിരിക്കുകയാണ്. അവൻ നമ്മുടെ ഐക്യത്തെ തകർത്തുകളഞ്ഞു. അവൻ വലിയ മാസ്മരികമായി സംസാരിക്കുന്നവനാണ്. പിതാവിനും മകനുമിടയിലും സഹോദരനും സഹോദരനുമിടയിലും ഭർത്താവിനും ഭാര്യയ്ക്കുമിടയിലും അവൻ അകൽച്ചയുണ്ടാക്കിയിരിക്കുന്നു. ഞങ്ങളോടു ചെയ്തുകൊണ്ടിരിക്കുന്ന അതേ ഭീഷണിനിങ്ങളോടു മുണ്ടാകുമോ എന്ന ആശങ്ക ഞങ്ങൾക്കുണ്ട്. അതുകൊണ്ട് ഞങ്ങൾ പറയുന്നത് അയാളിൽനിന്ന് ജാഗ്രതപാലിക്കണമെന്നാണ്. അയാൾ പറയുന്നതുപോലും കേൾക്കരുത്.'

ത്വുഫയ്ൽ പറയുന്നു:മക്കയിലെ അവിശ്വാസികൾ എന്നോടു എത്ര താക്കീതുചെയ്തു പറഞ്ഞുവെന്നാൽ അയാൾ പറയുന്ന കാര്യവും കേൾക്കുകയില്ലെന്നും അയാളുമായി സംസാരിക്കുകയില്ലെന്നും ഞാൻ ഉറച്ചു തീരുമാനിച്ചു. എത്രത്തോളമെന്നാൽ ബയ്ത്തുല്ലായിൽ പോയപ്പോൾ, ഞാൻ ഉദ്ദേശ്യക്കാത്ത നിലയിലും അയാൾ പറയുന്ന ഒരു കാര്യവും എന്റെ ചെവിയിൽ വന്ന് പതിയരുതെന്ന് കരുതി ചെവികളിൽ പഞ്ഞിപോലും തിരുകിവെച്ചു.

നബി(സ)തിരുമേനി കഅ്ബയുടെ അടുത്തു നിന്ന് നമസ്കരിക്കുകയായിരുന്നു. ഞാൻ അദ്ദേഹത്തിന്റെ അടുത്തുപോയി നിന്നു. അവിടത്തെ ഖുർആൻപാരായണത്തിന്റെ കുറച്ചു വാക്കുകളല്ലാതെ ഒന്നും കേൾക്കാൻ കഴിഞ്ഞില്ല. എന്നാൽ, കേട്ടത് നല്ലതായിതോന്നുകയും ചെയ്തു. ഞാനെന്റെ മനസ്സിൽ പറഞ്ഞു:'എനിക്കെന്ത്രമോശമാണ്! ഞാനൊരു ബുദ്ധിമാനായ കവിയാണ്. നല്ലതും ചീത്തയും തിരിച്ചറിയാനുള്ള കഴിവുണ്ട്. അയാളുടെ എന്തെങ്കിലും കാര്യം കേട്ടാൽ എന്തു സംഭവിക്കാനാണ്? നല്ലകാര്യമാണെങ്കിൽ ഞാനത് സ്വീകരിക്കും. ഇനി ചീത്തയാണെങ്കിൽ ഉപേക്ഷിക്കുകയും ചെയ്യും.'

കുറച്ചുനേരം കാത്തുനിന്നതിനുശേഷം റസൂലുല്ലാഹ് വീട്ടിൽപോയപ്പോൾ ഞാനദ്ദേഹത്തിന്റെ പിന്നാലെ നടന്നു.ഞാൻ പറഞ്ഞു:'മുഹമ്മദേ!അങ്ങയുടെ ജനത അങ്ങയെ കുറിച്ച് എന്നോടു ഇങ്ങനെ ഇങ്ങനെയൊക്കെ പറഞ്ഞിരിക്കുന്നു. അല്ലാഹുവാണ!അവർ എന്നെ നിങ്ങളെ കുറിച്ച് എത്ര ഭയപ്പെടുത്തിയെന്നാൽ അങ്ങയുടെ വാക്കുകൾ കേൾക്കാതിരിക്കാൻ ഞാനെന്റെ ചെവിയിൽ പഞ്ഞി തിരുകിക്കയറ്റി വെച്ചിരിക്കുകയാണ്. എന്നാൽ, അല്ലാഹു അങ്ങയുടെ കുറച്ചുവാക്യങ്ങൾ എന്നെ കേൾപ്പിച്ചു. അതു വളരെ നല്ല വാക്യങ്ങളാണ്. അങ്ങെനിക്ക് അങ്ങയുടെ വാദത്തെ കുറിച്ച് പറഞ്ഞുതന്നാലും.'

നബി(സ)തിരുമേനി എനിക്ക് ഇസ്‌ലാമിനെക്കുറിച്ച് പറഞ്ഞുതന്നു. വിശുദ്ധ ഖുർആനും ഓതി ക്കേൾപ്പിച്ചു. അല്ലാഹുവാണ!ഞാൻ അതിനെക്കാൾ മനോഹരവും വ്യക്തവും നേരായതുമായ ഒരു വാക്യവും കാര്യവും കണ്ടിട്ടില്ല. അങ്ങനെ ഞാൻ ഇസ്‌ലാം സ്വീകരിച്ചു. സത്യത്തിന് സാക്ഷ്യം പറഞ്ഞു. ഞാൻ പറഞ്ഞു:അല്ലാഹുവിന്റെ നബിയേ!ഞാനെന്റെ ജനതയുടെ സർദാറാണ്. ആളുകൾ ഞാൻ പറയുന്നത് കേൾക്കുന്നു. മടങ്ങിപ്പോയി എന്റെ ജനതയെ ഇസ്‌ലാമിലേക്ക് വിളിക്കണമെന്ന് ഞാനുദ്ദേശിക്കുന്നു. അങ്ങ് എനിക്കുവേണ്ടി ദുആ ചെയ്താലും. അല്ലാഹു അവർക്കെതിരിൽ എന്നെ അനുകൂലിച്ചുകൊണ്ട് എന്തെങ്കിലും അടയാളെ പ്രദാനം ചെയ്യുമാറാകട്ടെ. നബി(സ)തിരുമേനി ആനേരത്ത് ദുആചെയ്തു. 'അല്ലാഹുവേ!അദ്ദേഹത്തിന് എന്തെങ്കിലും അടയാളം പ്രദാനം ചെയ്താലും.' പിന്നീട് ഞാനെന്റെ ജനതയിലേക്ക് മടങ്ങി. ജനവാസം തുടങ്ങുന്ന അതിർത്തിയിലെത്തിയപ്പോൾ എന്റെ കണ്ണകൾക്കിടയിൽ നെറ്റിയിൽ വിളക്കിന്റെ പോലുള്ള വെളിച്ചം എനിക്ക് തോന്നി. ഞാൻ ദുആ ചെയ്തു.അല്ലാഹുവേ! തന്റെ ദീൻ ഉപേക്ഷിച്ചകാരണത്താൽ ഇവന്റെ മുഖത്തിന്റെ കോലംമാറിപ്പോയെന്നു പറഞ്ഞ് എന്നെ ആക്ഷേപിക്കാതിരിക്കാൻ ഈ അടയാളം എന്റെ മുഖത്തിനു പുറമെ വേറെ എവിടെയെങ്കിലും പ്രകടമാക്കിയാലും.അങ്ങനെ പ്രകാശത്തിന്റെ അടയാളം എന്റെ വടിയുടെ തലയിൽ പ്രകടമായി. ഞാൻ മലയിടുക്കിൽനിന്നിറങ്ങുകയായിരുന്നപ്പോൾ ആളുകൾ ഈ പ്രകാശത്തെ എന്റെ വടിയിൽ തൂക്കിയിട്ട വിളക്കുപോലെ കാണുന്നുണ്ടായിരുന്നു.

ത്വുഫയ്ൽ ബിൻ അംറ് പറയുന്നു: അടുത്ത ദിവസം വയസ്സായ എന്റെ പിതാവ് എന്നെ കാണാൻ വന്നു. അപ്പോൾ ഞാൻ പറഞ്ഞു: അബ്ബാജാൻ!ഇന്നുമുതൽ എന്റെയും നിങ്ങളുടെയും ബന്ധം അവസാനിച്ചു. പിതാവ് കാരണം ചോദിച്ചു.ഞാൻ പറഞ്ഞു:ഞാൻ ഇസ്‌ലാം സ്വീകരിച്ചുകൊണ്ട് മുഹമ്മദിന് ബയ്അത്തു ചെയ്തുകഴിഞ്ഞിരിക്കുന്നു. പിതാവ് പറഞ്ഞു:എന്നാൽപ്പിന്നെ എന്റേയും ദീൻ നിന്റേതുതന്നെ. ഞാൻ പറഞ്ഞു, അങ്ങ് കുളിച്ച് വൃത്തിയുള്ള വസ്ത്രംധരിച്ച് വന്നാലും. ഞാൻ താങ്കൾക്ക് ഇസ്‌ലാമികാധ്യാപനങ്ങളെ കുറിച്ച് അല്പം പറഞ്ഞുതരാം. അദ്ദേഹം അങ്ങനെത്തന്നെ ചെയ്തു. ഞാൻ അദ്ദേഹത്തിന് ഇസ്‌ലാമികാധ്യാപനങ്ങളെ കുറിച്ച് പറഞ്ഞുകൊടുത്തു. അദ്ദേഹം ഇസ്‌ലാം സ്വീകരിക്കുകയും ചെയ്തു.

പിന്നീട് എന്റെ ഭാര്യ എന്റെയടുത്തു വന്നു. നീ എന്നിൽനിന്ന് അകന്നിരിക്കാൻ ഞാനവളോടു പറഞ്ഞു. എനിക്കു നീയുമായി ഒരു ബന്ധവുമില്ല. അവൾ പറഞ്ഞു:എന്റെമാതാപിതാക്കൾ അങ്ങയ്ക്ക് തെണ്ടമാണ്. ഇതെന്തുകൊണ്ടാണ്? ഞാൻ പറഞ്ഞു, എന്റേയും നിന്റേയുമിടയിൽ ഇസ്‌ലാം വ്യത്യാസമിട്ടിരിക്കുന്നു. അങ്ങനെ അവളും വിശ്വസിച്ചു. അതിനുശേഷം എന്റെ ഗോത്രമായ ദൗസിനേയും ഇസ്‌ലാമിലേക്ക് ക്ഷണിച്ചു. എന്നാൽ, അവർ ക്ഷണം ശ്രദ്ധിച്ചതേയില്ല. ഞാൻ മക്കയിൽ നബി(സ)തിരുമേനിയുടെ സന്നിധിയിൽ ഹാജരായി. ഞാൻ പറഞ്ഞു, അല്ലാഹുവിന്റെ നബിയേ!ദൗസ് ഗോത്രത്തിലെയാളുകൾ ഇസ്‌ലാം സ്വീകരിക്കുന്നില്ല. അങ്ങ് അവർക്കെതിരിൽ ശാപപ്രാർഥന ചെയ്താലും.

നബികരീം(സ)കൈകളുയർത്തി ദുആ ചെയ്തു:'അല്ലാഹുവേ!ദൗസ് ഗോത്രത്തിന് ഹിദായത്ത് നല്കിയാലും.' എന്നിട്ട് എന്നെ ഉപദേശിച്ചു:'താങ്കൾപ്പോയി ദൗസ്ഗോത്രത്തെ മൃദുലഭാവത്തോടും സ്നേഹത്തോടുംകൂടി ഇസ്‌ലാമിലേക്ക് ക്ഷണിക്കുക. അവരോടു നല്ലരീതിയിൽ പെരുമാറുക. അങ്ങനെ ഞാൻ നബി(സ)തിരുമേനി പറഞ്ഞതുപോലെ, അവിടന്ന് ഹിജ്റത്ത് ചെയ്ത് മദീനയിൽ പോകുന്നതുവരെ അവരെ ക്ഷണിച്ചുകൊണ്ടിരുന്നു. ബദ്ർ, ഉഹുദ്, ഖൻദഖ് തുടങ്ങിയ യുദ്ധങ്ങൾക്കുശേഷം ഖയ്ബർ യുദ്ധാവസരത്തിൽ ഞാൻ എന്റെ ജനതയിൽനിന്ന് ഇസ്‌ലാം സ്വീകരിച്ചവരെ മദീനയിൽ കൊണ്ടുവന്നു. അല്ലാഹുവിന്റെ കരുണകൊണ്ട് ദൗസ് ഗോത്രത്തിലെ 70,80 കുടുംബങ്ങൾ മദീനയിൽ വസിക്കാൻ തുടങ്ങി.

**സ്വപ്നങ്ങൾ മുഖേന സത്യം സ്വീകരിക്കൽ:**

എതിർപ്പ് തുടങ്ങിയപ്പോൾ നബി(സ)തിരുമേനിയുടെ ദർബാറിൽ രോദനവും ദൈവസഹായത്തിന്റെ തേട്ടവും സ്വാഭാവികമായ കാര്യമായിത്തീർന്നു. അവിടന്ന് രാപ്പകൽ അല്ലാഹുവിന്റെ സന്നിധിയിൽ തന്റെ ജനതയുടെ ഹിദായത്തിനുവേണ്ടി ദുആകൾ ചെയ്തുകൊണ്ടിരുന്നു. അല്ലാഹു ഭാഗ്യാത്മാക്കളുടെ മനസ്സുകളിൽ ഇൽഹാം ഇറക്കിക്കൊണ്ട് നബി(സ)തിരുമേനി സത്യവാനാണെന്ന് അറിയിപ്പ് നല്കി. അവരെ ഇസ്‌ലാമിന്റെ സത്യത്തിലേക്ക് ചായിച്ചു. ഹദ്റത്ത് ഖാലിദ് ബിൻ സയീദ് ഇസ്‌ലാം സ്വീകരിച്ചത് അതിന്റെ ഉദാഹരണമാണ്. അദ്ദേഹം ഒരു സ്വപ്നം മുഖേന തന്റെ സഹോദരങ്ങളിൽ ഏറ്റവുമാദ്യം മുസ്‌ലിമായി.

ഖാലിദ് സ്വപ്നത്തിൽ കണ്ടു. അദ്ദേഹം ഒരു അഗ്നിയുടെ കുഴിയുടെ വക്കത്ത് നിറുത്തപ്പെട്ടു. അത് വളരെ വിശാലമാണ്. അദ്ദേഹത്തിന്റെ പിതാവ് അദ്ദേഹത്തെ അതിൽ തള്ളിയിടാൻ ശ്രമിക്കുന്നു. നബി(സ)തിരുമേനി അദ്ദേഹത്തിന്റെ നടുവിനു പിടിച്ച് പിന്നാക്കം മാറ്റുന്നു. അദ്ദേഹം തന്റെ ഈ സ്വപ്നത്തിൽ വളരെ ഭയപ്പെട്ടു. അദ്ദേഹം പറഞ്ഞു: ഞാൻ അല്ലാഹുവിനെ സത്യം ചെയ്ത് പറയുന്നു: ഇതു സത്യമായ സ്വപ്നമാണ്. അദ്ദേഹം അബൂബക്റിനെ കണ്ടു. അദ്ദേഹത്തോടു ഈ സ്വപ്നം പറഞ്ഞു. ഹദ്റത്ത് അബൂബക്ർ പറഞ്ഞു: ഇതു വളരെ നന്മ നിറഞ്ഞതും അനുഗൃഹീതവുമായ സ്വപ്നമാണ്. ഇതിന്റെ വ്യാഖ്യാനമിതാണ്, താങ്കൾ നബി(സ)തിരുമേനിയെ പിൻപറ്റിക്കൊണ്ട് ഇസ്‌ലാം സ്വീകരിക്കുന്നതായിരിക്കും. താങ്കൾ തീർച്ചയായും അങ്ങനെത്തന്നെ ചെയ്യുമെന്നാണ് തോന്നുന്നത്. ഇസ്‌ലാം താങ്കളെ അഗ്നികുണ്ഡത്തിൽനിന്ന് രക്ഷിക്കുന്നതാണ്. താങ്കളുടെ പിതാവ് ആ അഗ്നികുണ്ഡത്തിൽ പതിക്കുകയും ചെയ്യും. പിന്നീട് ഖാലിദ് അജ്‌യാദ് സ്ഥലത്ത് നബി(സ)തിരുമേനിയെ കണ്ടു. അദ്ദേഹം നബിയോടു ചോദിച്ചു:അങ്ങ് ഏതു കാര്യത്തിലേക്കാണ് വിളിക്കുന്നത്? നബി(സ) തിരുമേനി പറഞ്ഞു:ഞാൻ അല്ലാഹുവിന്റെ തൗഹീദിലേക്കാണ് വിളിക്കുന്നത്. അവന് പങ്കാളികളാരുമില്ല. മുഹമ്മദ് അല്ലാഹുവിന്റെ ദാസനും റസൂലുമാകുന്നു. നിങ്ങൾ ബിംബങ്ങളെ ആരാധിക്കുന്നതിൽനിന്ന് പിൻവാങ്ങുക. അത് കേൾക്കുന്നതുമില്ല കാണുന്നതുമില്ല. എന്തെങ്കിലും നഷ്ടമുണ്ടാക്കാനും അതിനു കഴിയില്ല. ലാഭമുണ്ടാക്കാനും കഴിയില്ല. ആരൊക്കെയാണ് തന്നെ ആരാധിക്കുന്നതെന്നും അതറിയുന്നില്ല. ആരൊക്കെയാണ് ആരാധിക്കാത്തതെന്നും അറിയുന്നില്ല. ഖാലിദ് ഇതുകേട്ടുകൊണ്ട് പറഞ്ഞു:അങ്ങ് അല്ലാഹുവിന്റെ റസൂലാണെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. അപ്പോൾ നബി(സ)തിരുമേനി വ

ളരെ സന്തോഷിച്ചു. ഖാലിദ് അതിനുശേഷം തന്റെ ബന്ധുമിത്രാദികളിൽനിന്ന് മറഞ്ഞു കഴിയാൻ തുടങ്ങി. അദ്ദേഹത്തിന്റെ പിതാവ് അദ്ദേഹം ഇസ്ലാം സ്വീകരിച്ചു എന്നറിഞ്ഞപ്പോൾ അദ്ദേഹത്തെ പിടിച്ചുകൊണ്ടുവരുന്നതിന് ചിലയാളുകളെ അയച്ചു; അദ്ദേഹത്തെ അവർ പിടിച്ചു കൊണ്ടുവന്നു. പിതാവ് ആദ്യം വഴക്കു പറയുകയും പിന്നെ വടി കൊണ്ടടിക്കുകയും ചെയ്തു. വടി ഒടിയുവോളം തല്ലി. എന്നാൽ, ഖാലിദിന്റെ സ്ഥൈര്യത്തിൽ ഒരു കുറവും വന്നില്ല. അപ്പോൾ പിതാവ് അല്ലാഹുവിനെ സത്യം ചെയ്ത് പറഞ്ഞു:ഞാൻ നിന്റെ ഭക്ഷണം നിറുത്തുന്നതാണ്. ഖാലിദ് പറഞ്ഞു:അങ്ങ് നിറുത്തിക്കൊള്ളുക. അല്ലാഹു എനിക്ക് രിസ്ഖ് നല്കുന്നതാണ്. പിന്നീട് ഖാലിദ് നബി(സ)തിരുമേനിയുടെ സന്നിധിയിൽ ഹാജരായി. അവിടത്തെ സത്യസന്ധരായ ദാസരിൽ ചേരുകയും ചെയ്തു.

**ഖുറയ്ശിലെ ആദ്യ സംഘം:**

നബി(സ)തിരുമേനിയുടെ പരസ്യമായ തബ്ലീഗിന്റെ പോസിറ്റീവായിട്ടുള്ള പ്രതികരണം കണ്ട് ഖുറയ്ശിലെ ചില മാന്യന്മാരും സർദാർമാരും അബൂത്വാലിബിനെ കണ്ടു. അവർ പറഞ്ഞു:താങ്കളുടെ സഹോദരപുത്രൻ ഞങ്ങളുടെ മതത്തെ ആക്ഷേപാർഹമെന്നും ഞങ്ങളെ ബുദ്ധിയില്ലാത്തവരെന്നും ഞങ്ങളുടെ പൂർവപിതാക്കളെ വഴി പിഴച്ചവരെന്നും പറയുന്നു. താങ്കൾ ഒന്നുകിൽ അവനെ തടയുക. അല്ലെങ്കിൽ അവനുമായുള്ള ബന്ധം ഉപേക്ഷിക്കുക. ഞങ്ങൾ സ്വയം അവനെ കൈകാര്യം ചെയ്തുകൊള്ളാം. അബൂത്വാലിബ് അവരോടു വളരെ മയത്തിലാണ് സംസാരിച്ചത്. അവർക്ക് മനസ്സിലാക്കിക്കൊടുത്ത് തിരിച്ചയച്ചു.

**രണ്ടാമത്തെ സംഘം:**

റസൂൽകരീം (സ)തന്റെ ജോലി തുടർന്നുകൊണ്ടുപോയി. അങ്ങനെ ഖുറയ്ശികളിൽ കൂടുതൽ ചർച്ചയുണ്ടാകാൻ തുടങ്ങി. അപ്പോൾ ഖുറയ്ശിലെ രണ്ടാമത്തെ സംഘം അബൂത്വാലിബിന്റെ സന്നിധിയിൽ ഹാജരായി. അവർ പറഞ്ഞു:താങ്കൾ ഞങ്ങളുടെ മഹാത്മാക്കളെ ആദരിക്കുന്നയാളും ബഹുമാനിക്കുന്നയാളുമാണ്. ഞങ്ങൾ താങ്കളോടു താങ്കളുടെ സഹോദരപുത്രനെ തടയുന്നതിനുക്കുറിച്ച് പറഞ്ഞിരുന്നു. എന്നാൽ, താങ്കൾ ഞങ്ങൾ പറഞ്ഞത് കേട്ടിട്ടില്ല. ഇനി ഈ അവസ്ഥയിൽ ഞങ്ങൾക്ക് ക്ഷമിക്കാൻ കഴിയുകയില്ല. താങ്കൾ ഒന്നുകിൽ അവനെ തന്റെ മതം പ്രചരിപ്പിക്കുന്നതിൽനിന്നും ഞങ്ങളുടെ ആരാധ്യവസ്തുക്കളെ എതിർക്കുന്നതിൽനിന്നും തടയുക. ഇല്ലെങ്കിൽ നമ്മളിൽ ഒരു കക്ഷി നശിച്ചൊടുങ്ങുന്നതുവരെ പോരാടുന്നതായിരിക്കും.

അബൂത്വാലിബിനെ സംബന്ധിച്ചിടത്തോളം അതൊരു വല്ലാത്ത അവസരമായിരുന്നു. അദ്ദേഹം വല്ലാതെ ഭയന്നുപോയി. ആ സമയത്ത് നബി(സ)തിരുമേനിയെ വിളിപ്പിച്ചു. നബി(സ)തിരുമേനി വന്നപ്പോൾ അദ്ദേഹത്തോടു പറഞ്ഞു, എന്റെ സഹോദരപുത്രാ!നിന്റെ സംസാരം കാരണത്താൽ ജനത വളരെ പ്രകോപിതരായിരിക്കുകയാണ്. അടുത്തുതന്നെ അവർ നിന്നെ നശിപ്പിച്ചേക്കാം. നിന്നോടൊപ്പം എന്നേയും. നീ അവരുടെ ബുദ്ധിമാന്മാരെ മന്ദബുദ്ധികളെന്ന് പറഞ്ഞിരിക്കുന്നു. അവരുടെ പൂർവികന്മാരെ ശർറുൽബരിയ്യ എന്നു പറഞ്ഞിരിക്കുന്നു. അവരുടെ ആദരണീയരായ ആരാധ്യരുടെ പേര് ഹയ്സം, ജഹന്നം, വഖൂദുന്നാർ എന്നൊക്കെ വെച്ചിരിക്കുന്നു. അവയെ മാലിന്യമെന്നും വൃത്തികെട്ടതെന്നും പറഞ്ഞിരിക്കുന്നു. ഞാൻ നിന്റെ ഗുണകാംക്ഷി എന്ന നിലയിൽ പറയുകയാണ്. ഇത്തരം വർത്തമാനങ്ങളിൽനിന്ന് നിന്റെ നാവിനെ തടയുക. അതിൽനിന്ന് പിന്തിരിയുക. ഇല്ലെങ്കിൽ എനിക്ക് മുഴുവൻ ജനതയേയും നേരിടാൻ കഴിയുകയില്ല.

അബൂത്വാലിബിന്റെ ഉറച്ച പാദങ്ങൾക്കും ഇളക്കം തട്ടിയിരിക്കുന്നുവെന്ന് നബി(സ)തിരുമേനിക്ക് മനസ്സിലായി. ഭൗതികപരമായ കാര്യഹേതുക്കളിൽ നിന്ന് ഏറ്റവും വലിയ ആശ്രയം എതിർപ്പിന്റെ ഭാരത്തിനുകീഴെ അമർന്ന് തകരാനാഗ്രഹിക്കുന്നു. എന്നാൽ, അവിടത്തെ നെറ്റിയിൽ ചുളിവുപോലും ഉണ്ടാ യില്ല. അങ്ങേയറ്റം സമാധാനത്തോടെ പറഞ്ഞു:പിതൃവ്യാ!ഇത് അസഭ്യവാക്കൊന്നുമല്ല. പ്രത്യുത യഥാർഥ കാര്യത്തിന്റെ തികച്ചും അവസരോചിതമായ വിവരണമാണ്. ഇക്കാര്യത്തിനു വേണ്ടിയാണ് ഞാൻ അയക്കപ്പെട്ടിട്ടുള്ളത്. ജനങ്ങളുടെ ദോഷങ്ങൾ അവരിൽ പ്രകടമാക്കി അവരെ നേരായ വഴിയിലേക്ക് വിളിക്കുക. ഈ വഴിയിൽ എനിക്കു മരിക്കേണ്ടിവന്നാൽ ഞാൻ സന്തോഷത്തോടുകൂടി ആ വഴിയിൽ എനിക്കുവേണ്ടി ആ മരണം സ്വീകരിക്കുന്നതാണ്. എന്റെ ജീവിതം ഈ വഴിയിൽ വഖ്ഫാണ്. മരണം ഭയപ്പെട്ട് സത്യം പ്രകടിപ്പിക്കുന്നതിൽനിന്ന് മാറിനിൽക്കാൻ സാധ്യമല്ല. പിതൃവ്യാ!താങ്കൾക്ക് താങ്കളുടെ ദൗർബല്യത്തിന്റേയും ബുദ്ധിമുട്ടിന്റേയും വിചാരമാണെങ്കിൽ താങ്കൾ എന്നെ താങ്കളുടെ അഭയത്തിൽവെക്കുന്നതിൽനിന്ന് പിൻവാങ്ങിക്കൊള്ളുക. എന്നാൽ, ഞാൻ ദൈവകൽപനകളെത്തിക്കുന്നതിൽനിന്ന് ഒരിക്കലും അടങ്ങിയിരിക്കുകയില്ല. അല്ലാഹുവാണ! ഇക്കൂട്ടർ എന്റെ ഒരുകൈയിൽ സൂര്യനും മറുകൈയിൽ ചന്ദ്രനും കൊണ്ടുവച്ചാൽപ്പോലും ഞാനെന്റെ നിർബന്ധ കടമയിൽനിന്ന് പിന്മാറുകയില്ല. ഞാനെന്റെ പ്രവൃത്തി ചെയ്തുകൊണ്ടേയിരിക്കും;അല്ലാഹു അതു പൂർത്തിയാക്കുന്നതുവരെ അല്ലെങ്കിൽ ഞാനെന്റെ പരിശ്രമത്തിൽ മരിക്കുന്നതുവരെ!

നബി(സ)തിരുമേനി ഈ പ്രസംഗം ചെയ്യുകയായിരുന്നു. അവിടത്തെ മുഖകമലം സത്യസന്ധതയാലും പ്രകാശത്താലും നിറഞ്ഞ് ആർദ്രമായിരുന്നു. അവിടന്ന് പ്രസംഗം നിറുത്തിയപ്പോൾ പെട്ടെന്ന് അവിടെനിന്ന് ഇറങ്ങുകയും അവിടെനിന്ന് പോകാൻ ആഗ്രഹിക്കുകയും ചെയ്തു. എന്നാൽ, അബൂത്വാലിബ് പിന്നിൽനിന്ന് വിളിച്ചു. അവിടന്ന് തിരിഞ്ഞുനോക്കിയപ്പോൾ കണ്ടത് അബൂത്വാലിബ് കരയുന്നതാണ്. കണ്ണീർ ധാരയായി ഒഴുകുന്നു. അവിടന്ന് വളരെ വിഷമത്തോടെ, വേദനനിറഞ്ഞ ശബ്ദത്തിൽ നബി(സ)തിരുമേനിയെ സംബോധനചെയ്തു പറഞ്ഞു: എന്റെ സഹോദരപുത്രാ! നീ പോകുക! നിന്റെ പ്രവൃത്തി ചെയ്തുകൊണ്ടിരിക്കുക. ഞാൻ ജീവിച്ചിരിക്കുവോളം, എന്റെ ശക്തി നിലനില്ക്കുവോളം ഞാൻ നിന്നോടൊപ്പം നില്ക്കുന്നതായിരിക്കും.(ഇബ്നുഹിശാം)

ദുരിതങ്ങളുടെ പാരമ്യത

നബി(സ)തിരുമേനി അല്ലാഹുവിലേക്ക് ജനങ്ങളെ ക്ഷണിക്കുന്നതിന്റെ വഴിയിൽ ഒത്തിരി ദുഃഖങ്ങളും ദുരിതങ്ങളും അനുഭവിച്ചു. ഒരിക്കൽ അവിടന്ന് വീട്ടിൽനിന്നിറങ്ങി. വഴിയിൽ ആ മഹാത്മാവിനെ കണ്ട ഓരോരുത്തരും, സ്വതന്ത്രനാവട്ടെ അടിമയാവട്ടെ നബി(സ)തിരുമേനിയെ നിഷേധിക്കുകയും കളവാക്കുകയും ചെയ്തു.നബി(സ)തിരുമേനി തന്റെ വീട്ടിൽ മടങ്ങി വന്നു. ആ മഹാത്മാവിനുണ്ടായ ബുദ്ധിമുട്ടുകാരണത്താൽ കമ്പിൾ പുതച്ച് ഇരുന്നു. (ജനതയിൽ പ്രതീക്ഷയറ്റ് എന്തു ചെയ്യുമെന്ന് ചിന്തിച്ചിട്ടുണ്ടാകും.) അപ്പോൾ അല്ലാഹുവിൽ നിന്ന് വഹ്യുണ്ടായി. കമ്പിൾ മൂടിപ്പുതച്ചവനെ എഴുന്നേറ്റു നില്ക്കുക. മുന്നറിയിപ്പു നല്കിക്കൊണ്ടുപോകുക.(ഇബ്നു ഹിശാം)

**വിദേശത്ത് ദഅ്‌വത്തെ ഇലല്ലാഹ്**

നബി(സ)തിരുമേനിയുടെ പൊതുവെയുള്ള പ്രബോധനത്തിനുശേഷംമുതൽ ആ മഹാത്മാവിനും അവിടത്തെ സ്വഹാബത്തിനും മക്കയിൽ മര്യാദകേടിന്റെ ഒരു കൊടുങ്കാറ്റുതന്നെ വീശിക്കഴിഞ്ഞിരുന്നു. നബി(സ)തിരുമേനിയ്ക്ക് വ്യക്തിപരമായ നിലയിൽ അബൂത്വാലിബു കാരണത്താലും ഒരു പരിധിവരെ സമാധാനമുണ്ടായിരുന്നു. എന്നാൽ, മറ്റു സാധാരണ മുസ്‌ലിമീങ്ങൾ ഇസ്‌ലാം സ്വീകരിച്ച കാരണത്താൽ അവർ നേരിടുന്ന കഠിനമായ ബുദ്ധിമുട്ടുകൾ കണ്ടും അവരെ സഹായിക്കാൻ ശക്തിയില്ലാത്തതുകണ്ടും നബി(സ)തിരുമേനി കഠിനമായ ദുഃഖത്തിലായിരുന്നു. ചിന്തകൾക്കും ആലോചനകൾക്കും ശേഷം അവിടന്ന് സ്വഹാബാക്കളോടു അയൽരാജ്യമായ ഹബ്ശയിൽ(അബ്സീനിയായിൽ)പ്പോയി അഭയം തേടാൻ പറഞ്ഞു. അവിടുത്തെ ക്രിസ്ത്യൻ രാജാവ് വലിയ നീതിമാനാണ്. ആരുടെമേലും അക്രമം പ്രവർത്തിക്കാൻ അനുവദിക്കുകയില്ല. അങ്ങനെ സ്ത്രീകളും പുരുഷന്മാരും അടങ്ങിയ മുസ്‌ലിമീങ്ങളുടെ രണ്ടു സംഘം ആദ്യം 12 പേരും പിന്നീട് 80 സ്വഹാബിമാരും ഹബ്ശയിൽ ഹിജ്റത്ത് ചെയ്തുപോയി. ഖുറയ്ശികൾ അവിടേയും മുസ്‌ലിമീങ്ങളുടെ പിന്നാലെ കൂടി. നജ്ജാശിയേയും അദ്ദേഹത്തിന്റെ നേതാക്കന്മാരേയും മുസ്‌ലിമീങ്ങൾക്കെതിരൽ പ്രകോപിതരാക്കി. നീതിമാനായ നജ്ജാശി തന്റെ ദർബാറിൽ മുസ്‌ലിമീങ്ങളെ വിളിച്ച് അവരുടെ നിലപാടു കേട്ടു. ഹദ്റത്ത് ജഅ്ഫർ ത്വയ്യാർ(റ)മുസ്‌ലിമീങ്ങളുടെ പ്രതിനിധി എന്ന നിലയിൽ സൂറത്തു മർയം ഓതിക്കൊണ്ട് ഇസ്‌ലാമികാധ്യാപനം അവതരിപ്പിച്ചു. രാജാവിനെ അത് വല്ലാതെ സ്വാധീനിച്ചു. അദ്ദേഹവും അവസാനം മുസ്‌ലിമായി.(അഹ്മദ്)

അല്ലാഹുവിന്റെ വഴിയിൽ ആ ബുദ്ധിമുട്ടുകളും വിഷമങ്ങളും സഹിച്ചതിന്റെ ഫലമായി മാന്യന്മാരിൽ നബി(സ)തിരുമേനിയോടു സഹതാപവും അലിവുമുണ്ടാകുക എന്നത് ഒരു സ്വാഭാവികമായ കാര്യമായിരുന്നു. ഹദ്റത്ത് ഹംസത്ത്(റ)ന്റെ ഇസ്‌ലാംമത സ്വീകരണംതന്നെ പീഢനങ്ങളുണ്ടായപ്പോൾ ക്ഷമിച്ചതിന്റെ മധുരിക്കുന്ന കനിയായിരുന്നു. സംഭവം ഇങ്ങനെയാണ്:അബൂജഹ്ൽ സ്വഫാ മലയ്ക്കുടുത്തുവച്ച് നബി(സ)തിരുമേനിയുടെ അടുത്തൂടെ കടന്നുപോയി. അയാൾ

**• കലാമുൽ ഇമാം: •**

'ഇസ്തിഖാമത്ത് അഥവാ സ്ഥൈര്യം കൈവരിക്കാൻ സ്വലാത്ത് ഒരു ഉഗ്രമായ മാർഗമാണ്. ധാരാളമായി ചൊല്ലുക. ആചാരവും ശീലവുമെന്ന നിലയിലല്ല; പ്രത്യുത നബി(സ)തിരുമേനിയുടെ സൗന്ദര്യവും ഔദാര്യവും പരിഗണിച്ചുകൊണ്ട്. അവിടത്തെ പദവികളുടേയും നിലകളുടേയും അഭിവൃദ്ധിക്കുവേണ്ടി. അവിടത്തെ വിജയത്തിനുവേണ്ടി.'(മൽഫൂദാത്ത് വാള്യം 3, പേജ് 38)

**• അല്ലാഹുവിന്റെ കലാം: •**

'നബി(സ)തിരുമേനിയോടുള്ള സ്നേഹം വർധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്കാരത്തിലും സ്വലാത്ത് ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് സ്ഥൈര്യത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ!'(മൽഫൂദാത്ത് വാള്യം 3, പേജ് 38)

**തൊഴിലാളികളെ ആവശ്യമുണ്ടോ?**

നിങ്ങൾക്ക് ഡ്രൈവർ, കല്ലാശാരി, ഇലക്ട്രീഷ്യൻ, അല്ലെങ്കിൽ മറ്റു തൊഴിലാളികളെ ആവശ്യമുണ്ടോ? അധ്വാനികളും വിശ്വസ്തരുമായ തൊഴിലാളികൾക്ക് ഞങ്ങളുമായി ബന്ധപ്പെടുക

KHAIRUL ISLAM, JAYGAM -WEST BENGAL - Phone: 97348 44732

ത്വാലിബെ ദുആ: T.A. SAJEER
AHMADIYYA JAMA-ATH, ALLEPPEY Ph:92497 38840

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail badarmalayalam@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി
ഖാദിയാൻ

Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-8 Thursday 19 October 2023 Issue-42

MANAGER
Sheik Mujahid

Mobile: 91 9915379255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 600/- (Per Issue : Rs. 12.00/-) (**WEIGHT** - 20-50 gms/issue)

അപ്പോൾ നബി(സ)തിരുമേനിക്ക് ബുദ്ധിമുട്ടുണ്ടാക്കുകയും ചീത്തപ്പറയുകയും ചെയ്തു. നബി(സ)തിരുമേനിയുടെ മതത്തിനുമേൽ അനുചിതവും വെറുക്കപ്പെട്ടതുമായ ആക്രമണം നടത്തുകയും ബലഹീനതയെ കുത്തിപ്പറയുകയും ചെയ്തു. നബി(സ)തിരുമേനി അങ്ങേയറ്റം ക്ഷമയോടും നിശബ്ദമായും അതു കേട്ടുകൊണ്ടിരുന്നു.

അബ്ദുല്ലാഹ് ബിൻ ജുദ്ആന്റെ ഒരു ഭൃത്യ ഇതെല്ലാം തന്റെ വീട്ടിൽനിന്ന് കേൾക്കുന്നുണ്ടായിരുന്നു. അബൂജഹ്ൽ അവിടെനിന്ന് കഅ്ബമന്ദിരത്തിൽ പോയി ഖുറയ്ശീ നേതാക്കന്മാരുടെ മജ്‌ലിസിലിരുന്നു. അവിടെയാണെങ്കിൽ ഹംസ തോളിൽ വില്ലുംവച്ച് വേട്ടകഴിഞ്ഞ് മടങ്ങിവരികയായിരുന്നു. വേട്ട കഴിഞ്ഞ് മടങ്ങിവന്നാൽ വീട്ടിൽ പോകുന്നതിനുമുമ്പേ ആദ്യം കഅ്ബ ദേവാലയത്തിൽപ്പോയി പ്രദക്ഷിണം ചെയ്യുക അദ്ദേഹത്തിന്റെ പതിവായിരുന്നു. അതിന്നിടയിൽ ഖുറയ്ശിലെ നേതാക്കന്മാരോടു ദുആസലാം ചൊല്ലലും മാമൂലായിരുന്നു. അദ്ദേഹംതന്നെയും ആദരണീയരായ നേതാക്കന്മാരിൽപ്പെട്ടയാളായിരുന്നു. അദ്ദേഹം ആ ഭൃത്യയുടെ അടുത്തൂടെ പോകുന്ന നേരത്തുതന്നെ നബികരീം(സ)വീട്ടിൽ വന്നു കഴിഞ്ഞിരുന്നു. നബി(സ)തിരുമേനിക്കുണ്ടായ ആ വിഷമം ആ ഭൃത്യയുടെ മനസ്സിൽ ആഴത്തിലിറങ്ങിയിരുന്നു. അത് അവർ സർദാർ ഹംസയുടെ മുമ്പിൽ ഇങ്ങനെ പറഞ്ഞ് അവതരിപ്പിച്ചു: 'അബൂ അമ്മാറേ! താങ്കളുടെ സഹോദരപുത്രനെ അൽപംമുമ്പേ അബുൽഹിക്കം ബുദ്ധിമുട്ടിച്ചത് താങ്കൾ നേരിൽ കണ്ടിരുന്നുവെങ്കിൽ! നബി(സ)തിരുമേനി ഇവിടെ ഇരിക്കുന്നത് അയാൾ കണ്ടിട്ട് അദ്ദേഹത്തെ വളരെ വിഷമിപ്പിച്ചു. ചീത്തവിളിച്ചുകൊണ്ട് വെറുക്കപ്പെട്ടതും മോശമായതുമായ കാര്യങ്ങൾ പറഞ്ഞു. എന്നാൽ, മുഹമ്മദ് ഒന്നും മിണ്ടാതെ അവിടെ നിന്നെഴുന്നേറ്റുപോയി. ഒരു മറുപടിപോലും പറഞ്ഞില്ല.'

ഹംസത്ത് അവർകളുടെ സ്വാഭാവികമായ സ്വഭാവം ആവേശംകൊണ്ടു. അദ്ദേഹം കോപാകുലനായി അബൂജഹ്ൽ ഇരുന്നിരുന്ന കഅ്ബയിലെ മജ്‌ലിസ്സിൽപോയി. അയാളുടെ തലയിൽ വില്ലുകൊണ്ട് ശക്തമായി അടിച്ചു. അയാളുടെ തലയ്ക്ക് പരിക്കേറ്റു. കോപാന്ധനായിക്കൊണ്ടു പറഞ്ഞു:നീ എന്റെ സഹോദര പുത്രനെ ചീത്ത പറഞ്ഞല്ലേ? ഞാനും അവന്റെ ദീനിലാണുള്ളതെന്ന് നിനക്കറിയുമോ? നിനക്ക് ശക്തിയുണ്ടെങ്കിൽവരിക, എന്നെ നേരിടുക! അപ്പോൾ അബൂജഹ്‌ലിന്റെ മഖ്ദൂം ഗോത്രത്തിൽപ്പെട്ട കുറച്ചാളുകൾ എഴുന്നേറ്റു. എന്നാൽ, അബൂജഹ്ൽ, താൻ അയാളുടെ സഹോദരപുത്രനെ ചീത്ത പറഞ്ഞു, നിങ്ങളൊന്നും പറയണ്ട എന്നു അവരോടു പറഞ്ഞു.

ഇപ്പുറത്ത് ഹദ്റത്ത് ഹംസ(റ), നബി(സ) തിരുമേനിയുടെ തിരുസന്നിധിയിൽ ഹാജരായി ഇസ്‌ലാം സ്വീകരിച്ചു. ഹംസ(റ)ഇസ്‌ലാം സ്വീകരിച്ചതോടെ നബി(സ)തിരുമേനിയുടെ കാര്യങ്ങൾ കൂടുതൽ ശക്തമായെന്ന് ഖുറയ്ശികൾക്കു തോന്നി. ഹംസത്ത്, മുഹമ്മദിനെ പ്രതിരോധിക്കും. അങ്ങനെ ഖുറയ്ശികളുടെ ബുദ്ധിമുട്ടിക്കലിന് അൽപം ശമനം വന്നു.(ഇബ്നുഹിശാം)

(തുടരും)

(പേജ് 1 ൽനിന്ന്)

ണ്ട്. കാരണം ബുദ്ധിമുട്ടിന്റെ കാലഘട്ടം ഹദ്റത്ത് മസീഹിന്റെ കുരിശുസംഭവം മുതലാരംഭിക്കുന്നു. പൂർണമായ സമാധാനം കോൺസ്റ്റന്റയ്ൻ(ഖുസ്ത്വൻത്വീനിയായുടെ സ്ഥാപകൻ)ക്രൈസ്തവമതം സ്വീകരിച്ചപ്പോഴാണ് ലഭിച്ചത്. കോൺസ്റ്റന്റയ്ൻ മുകളിലെഴുതിയതുപോലെ 337-ൽ ക്രിസ്ത്യാനിയായി. (എൻസൈക്ലോപീഡിയ ബ്രിട്ടാനിക്ക, വാള്യം 5, പേജ് 676).ബാഹ്യമായ നിലയിൽ ഇക്കാലം വിശുദ്ധ ഖുർആനിന്റെ വിവരണത്തിന് വിരുദ്ധമായി തോന്നുന്നു. പക്ഷേ, നമ്മൾ ക്രിസ്ത്യാനികളുടെ ചരിത്രത്തിൽ ചിന്തിക്കുമ്പോൾ ഈ തിയതി തെറ്റാണ്. റോമിലെ കോൺസ്റ്റന്റയ്ൻ ചക്രവർത്തി ക്രിസ്ത്യാനിയായത് 309-ലാണ്. അതിനുള്ള തെളിവ് ഇതാണ്:ക്രൈസ്തവ കലണ്ടറുകളിൽ തെറ്റു സംഭവിച്ചിട്ടുണ്ടെന്ന് ക്രൈസ്തവ ചരിത്രകാരന്മാർത്തന്നെ സമ്മതിച്ചിട്ടുള്ളതാണ്. ആർച്ച് ബിഷപ്പ് ഉഷേഴ്സ് തന്റെ ഗ്രന്ഥമായ ക്രോണോളജി ഡോക്ടർ കിട്ടോ തന്റെ ഗ്രന്ഥമായ ഡയ്‌ലി ബൈബിൾ ഇൽസ്ട്രേഷൻസിലും സ്ഥാപിച്ചിട്ടുള്ളത് ക്രൈസ്തവ കലണ്ടറിൽ കുരിശുസംഭവത്തിന്റെ തിയതികൊടുത്തിട്ടുള്ളത് തെറ്റാണെന്നും ഈ തെറ്റുണ്ടായത് 527-ലാണെന്നുമാണ്. യാഥാർഥ്യമെന്താണെന്നാൽ ഈ തിയതിക്ക് കേവലം നാലോ ആറോ വർഷം മുമ്പേയാണ് മസീഹ് ജനിച്ചത്. അതുകൊണ്ട് അക്കാലത്ത് അദ്ദേഹത്തിന്റെ പ്രായം നാലുമുതൽ ആറുവരെയായിരിക്കും. പക്ഷേ, അദ്ദേഹം 33-ാം വയസ്സിലാണ് കുരിശിലേറ്റപ്പെട്ടത്. ഇനി ഈ വിവരണമനുസരിച്ച് നാലിന്റേയും ആറിന്റേയും നടുവിലുള്ള സംഖ്യ എടുക്കുകയാണെങ്കിൽ അത് അഞ്ചാണ്. മസീഹിനെ കുരിശിലേറ്റിയത് 35-ാം വയസ്സിലാണ്. അതുകൊണ്ട് ക്രൈസ്തവ വർഷങ്ങളിൽനിന്ന് 28 വർഷം കുറയ്ക്കേണ്ടിവരും. എന്തുകൊണ്ടെന്നാൽ ക്രൈസ്തവ കലണ്ടറിന്റെ 28 വർഷത്തിനുശേഷമാണ് കുരിശുസംഭവമുണ്ടാകുന്നത്. ഇപ്പോൾ 337-ൽനിന്ന് 28 വർഷം നീക്കിയാൽ തികച്ചും 309 ആയിരിക്കും. ഇതു ക്രൈസ്തവ പാരമ്പര്യങ്ങൾ ശരിയാണെന്ന് അംഗീകരിച്ചുകൊണ്ടുള്ളതാണ്. ഇനി ഈ സാക്ഷ്യം ഇല്ലെങ്കിൽത്തന്നെ അപ്പോഴും വിശുദ്ധ ഖുർആനിന്റെ എല്ലാ വിവരങ്ങളും ബൈബളിന്നെതിരിൽ ശരിയായി സ്ഥാപിതമാകുന്നതാണ്. അതുപറയുന്ന കാര്യം എന്തായാലും മുന്തിക്കേണ്ടതായി വരുന്നതായിരിക്കും.

ഈ ആയത്തിൽ, ദീർഘമായ വിപത്തുകളുണ്ടാകുമ്പോൾ പരിഭ്രമിക്കാതിരിക്കേണ്ടതാണെന്ന് പറയപ്പെട്ടിരിക്കുന്നു. നമുക്കുമുമ്പേ ക്രൈസ്തവ ജമാഅത്തിനെ 309 വർഷംവരെയാണ് വിഷമിപ്പിച്ചത്. പക്ഷേ, അവർ ക്ഷമയോടെ പ്രവർത്തിച്ചു. അവസാനം ആ ക്ഷമയുടെ മാധുര്യമേറിയ ഫലം തിന്നുകയും ചെയ്തു. അതുകൊണ്ട് നിങ്ങൾ ധിറുതി കാണിക്കരുത്. പ്രത്യുത നിങ്ങളുടെ പണികളെടുത്തുകൊണ്ടിരിക്കേണ്ടതാണ്. സ്ഥൈര്യത്തോടെ വിപത്തുകളെ നേരിടേണ്ടതാണ്.(തഫ്സീറെ കബീർ, വാള്യം 4, പേജ് 440, പ്രസാധനം 2010 ഖാദിയാൻ)

AL ISLAM

(പേജ് 9 ൽനിന്ന്)

പിന്തുടർന്ന് നമസ്കരിച്ചവരുടെ എണ്ണവും നാലായിരത്തോളമായിരുന്നു. ബയ്ത്തുസ്സുബൂഹിന്റെ നാലു ഹാളുകളും നമസ്കാരക്കാരെക്കൊണ്ട് നിറഞ്ഞിരുന്നു. ഇതുപോലെതന്നെ പുറത്തെ മുറ്റവും നമസ്കാരക്കാരെക്കൊണ്ട് നിറഞ്ഞുകവിഞ്ഞിരുന്നു. ആ ഹാളുകളുടെ പുറത്ത് ഇടത്തും വലത്തും പിന്നിലും എവിടെയാണോ സ്ഥലം കിട്ടിയത് അവിടെയൊക്കെ നിന്ന് ആളുകൾ നമസ്കരിക്കുന്നത് കാണാമായിരുന്നു.

ഇന്ന് പെരുന്നാളിന് സമാനമായിരുന്നു ബയ്ത്തുസ്സുബൂഹ്! മുഴുവൻ ചുറ്റുപാടുകളും സന്തോഷത്താലും ആനന്ദത്താലും നിറഞ്ഞിരുന്നു. അല്ലാഹു ഈ ബർക്കത്തുകളും ഈ സൗഭാഗ്യങ്ങളും നമുക്കെല്ലാവർക്കും അനുഗൃഹീതമാക്കുമാറാകട്ടെ. നമ്മുടെ ഭാവി തലമുറകളും സന്താനങ്ങളും ഈ സമ്മാനങ്ങളിൽനിന്നും ദൈവകരുണയിൽനിന്നും എപ്പോഴും അനുഗ്രഹം പ്രാപിച്ചുകൊണ്ടിരിക്കുമാറാകട്ടെ.

**128-ാമത് ഖാദിയാൻ ജൽസസാലാന 2023 ഡിസംബർ 29,30,31 (വെള്ളി, ശനി, ഞായർ)തീയതികളിൽ സംഘടിപ്പിക്കുന്നതാണ്.**

സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് 128-ാമത് ഖാദിയാൻ ജൽസസാലാന 2023 ഡിസംബർ 29,30,31 (വെള്ളി, ശനി, ഞായർ)തിയതികളിൽ സംഘടിപ്പിക്കുന്നതിന് അനുവാദം നല്കിയിരിക്കുന്നു. ജമാഅത്തംഗങ്ങൾ ഇപ്പോൾ മുതൽത്തന്നെ ഈ അനുഗൃഹീത ജൽസയിൽ പങ്കെടുക്കുന്നതിന് ദുആയോടുകൂടി നിയ്യത്ത് വെച്ച് തയ്യാറെടുപ്പുകൾ നടത്തുക. അല്ലാഹു നമുക്കെല്ലാവർക്കും ഈ ദൈവിക ജൽസയിൽ പങ്കെടുക്കാൻ തൗഫീഖ് പ്രദാനം ചെയ്യുമാറാകട്ടെ. ഈ ജൽസസാലാന എല്ലാ വിധത്തിലും വിജയപ്രദവും അനുഗൃഹീതവുമാകുന്നതിനും ഭാഗ്യാത്മാക്കൾക്ക് സന്മാർഗത്തിന് നിമിത്തമാകുന്നതിനും ദുആ തുടർന്നുകൊണ്ടിരിക്കുക. ജസാക്കുമുല്ലാഹു അഹ്സനൽ ജസാഇ(നാളിർ ഇസ്‌ലാഹ് വ ഇർശാദ് മർക്കസിയ ഖാദിയാൻ)

## ബദ്ർ വായനക്കാരുടെ ശ്രദ്ധക്ക്

നിങ്ങളുടെ സൃഷ്ടികൾ ഞങ്ങൾക്കു അയച്ചു തരിക. പ്രസിദ്ധീകരണയോഗ്യമെങ്കിൽ ബദ്ർ മലയാളം ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. വിവർത്തനസൃഷ്ടിയും അതുപോലെതന്നെ ദുആയ്ക്കുള്ള പരസ്യങ്ങളും ജമാഅത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും അയക്കാവുന്നതാണ്. ഭാവിയിൽ ഇതെല്ലാം നിങ്ങളുടേയും നിങ്ങളുടെ ജമാഅത്തിന്റേയും ചരിത്രമായി മാറുന്നതായിരിക്കും.

അയക്കേണ്ട വിലാസം:

**മുഹമ്മദു ഇസ്മായീൽ ആലപ്പുഴ,**
**'ബയ്ത്തുൽ ഇസ്റ' വണ്ണാം തടം,**
**അടുത്തില, പഴയങ്ങാടി, കണ്ണൂർ**
**670 303.**
**ismayeel.ha@gmail.com**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin